**JEEVA MOZHIKAL** RNI/KERBIL/-2003/21404
June 2009 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## പുഞ്ചിരിക്കാൻ മറക്കരുത്

സ്റ്റെല്ലയ്ക്ക് ഇരുപത്തഞ്ചു വയസ്സിൽ താഴെയായിരുന്നു പ്രായം. അവൾ ലണ്ടനിലൂടെ ഒരു ബസ്സിൽ യാത്ര ചെയ്യുകയാണ്.ഒരു സ്റ്റോപ്പിൽ നിന്ന് അപരിചിതയായ ഒരു വൃദ്ധ ബസ്സിൽ കയറിയപ്പോൾ അവൾ പുഞ്ചിരിയോടെ എഴുന്നേറ്റ് താനിരുന്ന സീറ്റ് ആ വൃദ്ധയ്ക്ക് കൊടുത്തു. വൃദ്ധ നന്ദിയോടെ ആ ഇരിപ്പിടം സ്വീകരിച്ചു. എന്നിട്ട് ബസ്സിലുള്ളവരോട് ഇങ്ങനെ പറഞ്ഞു "ഞാനിവൾക്ക് നന്ദി പറഞ്ഞത് എന്തിനാണെന്നറിയാമോ? സീറ്റ് തന്നതിനല്ല. മറിച്ച് അവൾ എനിക്ക് നല്കിയ പുഞ്ചിരിക്കുവേണ്ടിയാണ്."

ഈ സംഭവം സ്റ്റെല്ല ഒരിക്കലും മറന്നില്ല. ജീവിതത്തിൽ ഏകാകിനിയായ ഒരു വൃദ്ധയ്ക്ക് നിങ്ങളുടെ പുഞ്ചിരിയായിരിക്കും ആവശ്യം. അതു നല്കിയാൽ അവർ നന്ദിയുള്ളവരായിരിക്കും. ഈ ചിന്ത രൂഢമൂലമായപ്പോൾ പിന്നീട് സ്റ്റെല്ലാ റീഡിങ്, ബ്രിട്ടനിൽ 'വോളന്റിയറി വിമൻസ് അസോസിയേഷൻ' എന്ന സംഘടന രൂപീകരിച്ചു. ഇപ്പോൾ ലക്ഷക്കണക്കിനു വനിതകൾ ആ സംഘടനയിൽ പ്രതിഫലം പറ്റാതെ വിവിധ സേവനങ്ങൾ ചെയ്യുന്നു-വികലാംഗരായ കുട്ടികളെ ശുശ്രൂഷിക്കാൻ അമ്മമാരെ സഹായിക്കുക, അന്ധർക്ക് കത്തെഴുതിക്കൊടുക്കുക എന്നിങ്ങനെ.

എല്ലാം ആരംഭിച്ചതാകട്ടെ ഒരു പുഞ്ചിരിയിൽ നിന്നും.

## ജീവമൊഴി ഏകദിനസമ്മേളനം

**കായംകുളത്ത് ജൂൺ 13ന്**

*സ്ഥലം:*

**മാർത്തോമ്മാ ഓഡിറ്റോറിയം, കായംകുളം**

*സമയം:*

**ജൂൺ 13 ശനി രാവിലെ 10 മുതൽ വൈകിട്ട് 4 വരെ**

*ചിന്താവിഷയം* : **സമ്പൂർണ്ണസുവിശേഷം**

**ജീവമൊഴി വായനക്കാരും വരിക്കാരും സത്യാന്വേഷികളുമായ ഏവർക്കും സ്വാഗതം**

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**ഫോൺ: 9847439106; 9961575130**

Printed, Published and owned by T. IPe. Published from Jeevamozhikal, Near Thuthooty Jn., Kumaranalloor P.O, Kottayam and Printed at Alois Graphics, Kottayam, Tel: 2569847. Editor-Geoji. T. Samuel.

# ജീവമൊഴികൾ

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

വാല്യം 7 - ലക്കം 6 ജൂൺ 2009 Rs. 7.00



**നിങ്ങൾ സേവിക്കുന്നത് ദൈവത്തെയോ വിഗ്രഹങ്ങളെയോ?**
ചാൾസ് ജി.ഫിന്നി

**വിശ്വസ്തർക്കു വിജയം**
സാക് പുന്നൻ

**മാതാപിതാക്കളും മക്കളും**
ജോസ് മാത്യു

**കുരിശും കഠാരയും**
ഡേവിഡ് വിൽക്കേഴ്സൺ

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)

വാല്യം 7 ജൂൺ 2009 ലക്കം 6



## എഡിറ്റോറിയൽ ബോർഡ്

ജോജി ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ബോബി ചെറിയാൻ (റാന്നി)
സാജു ജോസഫ് (ആലപ്പുഴ)

**മാനേജർ**

ജേക്കബ് മാത്യു (കായംകുളം)
ഫോൺ: 0479-2472643 (Res.)



'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്
9495234087/9249516234

## വാർഷികവരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം
കേരള-686 016, ഫോൺ 0481-2392753,
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.

## വിദേശപ്രതിനിധികൾ

യു. എസ്. എ
ബിനോയി ജയിംസ്
ഫോൺ : 512990-2808 (R)
512826-5028 (O)
E-mail: benoyjames@hotmail.com

ദുബായ്
ഫ്രാൻസിസ് ജോൺ (റജി)
E-mail: francis.reji@gmail.com


# മൊഴി മുത്ത്




നമ്മുടെ അഭിലാഷങ്ങൾ, പ്രശംസകൾ, ബഹുമതികൾ, ശക്തികൾ, സുഖസിംഹാസനം എന്നിവ അടിയറ വയ്ക്കാൻ നാം തയ്യാറാകണം. എങ്കിൽ മാത്രമേ മറ്റുള്ളവരെ സഹായിക്കാൻ നമുക്ക് കഴിയുകയുള്ളൂ. ദാസന്റെ വേഷം എടുക്കാനും അന്യോന്യം പാദങ്ങൾ കഴുകുവാനും നിന്ദയ്ക്കും ദുഷിനും വിധേയരാകുവാനും തെറ്റിദ്ധാരണയ്ക്കും അപകീർത്തിക്കും പാത്രമാകുവാനും നാം നമ്മെ തന്നെ ഏൽപിച്ചുകൊടുക്കണം. ദൈവത്തിന്റെ അടുത്തേക്ക് ഈ ലോകത്തെ കുറച്ചെങ്കിലും അടുപ്പിക്കുവാൻ അപ്പോൾ മാത്രമേ നമുക്ക് സാധിക്കൂ. യേശുവിനോടൊപ്പം സിംഹാസനസ്ഥരാകുവാൻ മറ്റൊരു വഴിയില്ല. മറ്റുള്ളവരെ രക്ഷിക്കുന്ന കാര്യത്തിൽ എളിയനിലയിലെങ്കിലും യേശുവിനോടൊപ്പം പങ്കാളിയാകുവാൻ വേറൊരു മാർഗ്ഗമില്ല. തന്റെ പാനപാത്രം കുടിക്കുകയോ തന്നോടൊപ്പം കഷ്ടതയുടെ സ്നാനം സ്വീകരിക്കുകയോ ചെയ്യാനുള്ള വില കൊടുക്കാൻ തയ്യാറാകാതെ ദൈവരാജ്യത്തിൽ യേശുവിന്റെ ഇടത്തും വലത്തും ഇരുന്നു ഭരണം നടത്തുവാൻ ആഗ്രഹിച്ച സഹോദരന്മാരെപ്പോലെയാണോ നമ്മിൽ പലരും?

എഫ്.ബി. മേയർ

# The Wonders of the Human Body-VI

*"I will praise you, for I am fearfully and wonderfully made. Marvelous are your works. And that my soul knows very well"* (Psalms. 139:14)

Who has put wisdom in the mind or who has given understanding in the heart(Job.38:36)

The average adult brain weighs three pounds, enables it's owener to learn(animals can do that) and to think or reason(animals can't do that). It can understand, memmorize and retrieve information.

## THE BRAIN

All the experiences we have ever had and all the knowledge we have acquired are stored in the mind. What a tremendous file! It is true that we can't always remember it all, but it's all there waiting to be recalled.

Of all the marvels of the human body none is more mindboggling than the brain. We decide to think about our summer vaccation, for instance, and presto! the process begins. But how does it begin? In our thirst we lift a glass of icewater to our lips. But how did the brain activate the hand to lift the glass. Scientists say our thoughts and intensions are created by a combination of electrical currents and chemicals. But how are they turned on? The fact is that we know very little about the operation of the brain, and there is little hope that we will ever be able to fathom it fully. The interaction of the brain and the body presents biology with it's ultimate challenge.

## ഡയനമൈറ്റ്




യേശു അവരോട് ഉത്തരം പറഞ്ഞത്: ദൈവത്തിൽ വിശ്വാസം ഉള്ളവരായിരിപ്പിൻ. ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കുമെന്ന് വിശ്വസിച്ചുകൊണ്ട് ഈ മലയോട് നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും.(മർക്കൊ.11:22,23)

**എഡിറ്റോറിയൽ**

# യഥാർത്ഥയേശുവും അപരന്മാരും:ആരെ അനുഗമിക്കും?



**ന**മ്മുടെ നാട്ടിൽ തെരഞ്ഞെടുപ്പ് വരുമ്പോൾ യഥാർത്ഥസ്ഥാനാർത്ഥിക്കൊപ്പം അപരന്മാരും രംഗത്തു വരാറുണ്ട്. 'അപരൻ'-ആരാണയാൾ? പേരുകൊണ്ടും ചിഹ്നംകൊണ്ടും യഥാർത്ഥആളിനെപ്പോലെ തോന്നും. എന്നാൽ അയാൾ വ്യാജനാണ്. യഥാർത്ഥ സ്ഥാനാർത്ഥിക്ക് കിട്ടേണ്ട വോട്ടുകൾ തട്ടിയെടുത്ത് അയാളെ തോൽപ്പിക്കുകയാണ് ഈ വ്യാജന്റെ ഉദ്ദേശ്യം.

യേശുവിനെതിരെ സാത്താൻ ഈ തന്ത്രം നേരത്തെതന്നെ രംഗത്തിറക്കിയിട്ടുണ്ട്. ഒന്നാം നൂറ്റാണ്ടിൽപോലും യേശുവിന്റെ അപരന്മാരെക്കുറിച്ച് പൗലൊസ് സഭയ്ക്ക് മുന്നറിയിപ്പ് നല്കേണ്ടിവന്നു. 'എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു. ഒരുത്തൻ വന്ന് ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കുകയോ നിങ്ങൾക്ക് ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും, നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നത് ആശ്ചര്യം'(2കൊരി.11:3,4). മറ്റൊരു യേശു, മറ്റൊരു ആത്മാവ്, വേറൊരു സുവിശേഷം-അപരനെ രംഗത്തിറക്കുന്നതിലും വ്യാജഅനുകരണങ്ങൾ ഉണ്ടാക്കുന്നതിലും എത്ര വിദഗ്ധനാണ് 'ഭോഷ്ക്കും ഭോഷ്ക്കിന്റെ അപ്പനുമായ' സാത്താൻ!

'ആരും നിങ്ങളെ തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ആകുന്നു....... എന്നുപറഞ്ഞ് അനേകർ എന്റെ പേരെടുത്ത് വരും'(ലൂക്കോ.21:8). എന്ന് യേശുതന്നെ മുന്നറിയിപ്പ് നൽകിയതും ഓർക്കുക.

നാം തെറ്റിപ്പോകാൻ സാധ്യതയുള്ളതുകൊണ്ടാണല്ലോ'സൂക്ഷിച്ചുകൊൾവിൻ' എന്ന് യേശു പറഞ്ഞത്. അങ്ങനെയെങ്കിൽ അപരന്മാരാൽ കബളിപ്പിക്കപ്പെടാതിരിക്കുവാൻ നാം എന്താണ് ചെയ്യേണ്ടത്? യേശുവിനെത്തന്നെ നേരിട്ടറിയുന്നതാണ് തെറ്റിപ്പോകാതിരിക്കുവാനുള്ള ഏകമാർഗ്ഗം. എന്നാൽ യേശുവിന്റെ അത്ഭുതപ്രവൃത്തികളോ, വിടുതലിന്റെ വഴികളോ അറിഞ്ഞാൽ മതി, യേശുവിനെ അറിഞ്ഞില്ലെങ്കിലും സാരമില്ല എന്നാണ് ഇന്ന് പലരുടേയും മനോഭാവം. ആഗ്രഹങ്ങൾ സാധിപ്പിച്ചുതരുന്ന, സമൃദ്ധി പ്രദാനം ചെയ്യുന്ന, സന്തോഷംമാത്രം നൽകുന്ന അപരനാണ് ഇന്ന് മിക്ക വിശ്വാസക്കൂട്ടങ്ങളിലും സ്വീകാര്യൻ. പാപത്തെ ഗൗരവമായിക്കാണുന്ന, ശിഷ്യത്വത്തിന്റെ ക്രൂശ് വഹിക്കാൻ ക്ഷണിക്കുന്ന, ജീവനിലേക്കുള്ള വഴിയും വാതിലും ഇടുക്കവും ഞെരുക്കവുമുള്ളതാണെന്ന് പ്രഖ്യാപിക്കുന്ന യഥാർത്ഥയേശുവിനെ ഇന്ന് ആർക്കു വേണം!

എന്നാൽ ദൈവത്തെത്തന്നെ അറിയുന്നത് വഞ്ചനയ്ക്കെതിരെ ഒരു കവചംപോലെ നമ്മെ സംരക്ഷിക്കും. അതിനു താഴെയാണ് ദൈവത്തിന്റെ വഴികളെയും പ്രവൃത്തികളെയും കുറിച്ചുള്ള അറിവ്.സങ്കീർത്തനം 103 ന്റെ 7 മുതൽ 14 വരെയുള്ള വചനങ്ങൾ നോക്കുക. അവിടെ ഈ മൂന്നു തരത്തിലുള്ള അറിവുകളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഒന്ന്: പ്രവൃത്തികളെ അറിയുക. രണ്ട്: വഴികളെ അറിയുക. മൂന്ന്: ദൈവത്തെത്തന്നെ അറിയുക. യിസ്രായേൽമക്കൾ ദൈവത്തിന്റെ പ്രവൃത്തികൾ മാത്രം കണ്ടു. മോശെ അവിടെനിന്ന് ഒരു പടി കൂടികടന്ന് പല പ്രവൃത്തികൾ ചേർന്നു രൂപപ്പെടുന്ന വഴിയെ അറിഞ്ഞു(103:7). എന്നാൽ കരുണയും കൃപയും ദീർഘക്ഷമയുമുള്ള ദൈവത്തെ(ദൈവസ്വഭാവത്തെ) തന്നെ അറിയുന്ന കാര്യമാണ് 8 മുതൽ14 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത്.

യിസ്രായേൽമക്കൾ ഈജിപ്റ്റിൽ നിന്നു പുറപ്പെട്ടു മുന്നോട്ടു വരുമ്പോൾ ദൈവത്തിന്റെ പല അത്ഭുതപ്രവൃത്തികൾ കാണുകയും അറിയുകയും ചെയ്തു. ഉദാഹരണത്തിന് ചെങ്കടലിന്റെ തീരത്ത് ദൈവം വലിയ അത്ഭുതം പ്രവർത്തിക്കുന്നത് അവർ നേരിൽ കണ്ടു. അതേപ്പറ്റി 'യഹോവ ചെയ്ത ഈ മഹാപ്രവൃത്തി യിസ്രായേല്യർ കണ്ടു. ജനം.......യഹോവയിലും അവന്റെ ദാസനായ മോശെയിലും വിശ്വസിച്ചു'(പുറ.14:31) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പക്ഷേ അടുത്ത അദ്ധ്യായത്തിൽ മാറായുടെ മുൻപിൽ എത്തുമ്പോൾ അവർക്ക് ദൈവത്തെ വിശ്വസിക്കണമെങ്കിൽ പിന്നെയും ഒരു അത്ഭുതപ്രവൃത്തി കാണണം! അവിടെയും ദൈവം പ്രവർത്തിച്ചു. പക്ഷേ അടുത്ത പരീക്ഷയുടെ മുൻപിലും അവർ തളൈവ!-ദൈവത്തിന്റെ പ്രവൃത്തികളെ മാത്രം കാണുന്നവരാണവർ.

എന്നാൽ ഒന്നിലേറെ പ്രവൃത്തികളിൽനിന്ന് ക്രമേണ ദൈവത്തിന്റെ വഴിയെ(ദൈവത്തിന്റെ രീതിയെ,പ്രവർത്തനവിധത്തെ) മനസ്സിലാക്കിയവനായിരുന്നു മോശെ. എന്നാൽ അവിടംകൊണ്ട് നില്ക്കാതെ ദൈവവഴികളെ അറിഞ്ഞുകൊണ്ട് ദൈവത്തെത്തന്നെ അറിയണമെന്നായിരുന്നു അവന്റെ ആഗ്രഹം.'ദൈവമേ, അവിടുത്തെ വഴികളെ അറിഞ്ഞുകൊണ്ടു ഞാൻ അങ്ങയെ അറിയുവാൻ ഇടയാക്കണമേ'(show me now thy way that I may know thee) എന്ന മോശെയുടെ പ്രാർത്ഥന ശ്രദ്ധിക്കുക(പുറ.33:13). ദൈവം അവന്റെ പ്രാർത്ഥന കേട്ടതായിട്ടാണ് നാം തുടർന്ന് വായിക്കുന്നത്.(33:17-23; ആവ.34:112)

മോശെയെപ്പോലെ ദൈവത്തെ കൂടുതൽ അറിയുവാനുള്ള വാഞ്ഛ പുതിയനിയമത്തിൽ പൗലൊസിലും നമുക്ക് കാണുവാൻ കഴിയും. ഫിലിപ്യർക്ക് ലേഖനം എഴുതുമ്പോൾ ദൈവത്തെ അറിയുവാനുള്ള മാർഗ്ഗവും പൗലൊസ് വ്യക്തമാക്കുന്നുണ്ട്. അതിങ്ങനെയാണ്:'അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട്......അവനെ അറിയേണ്ടതിനും (3:10). അതേ, അവിടുത്തെ മരണത്തോടനുരൂപപ്പെടുന്ന സന്ദർഭത്തിലാണ് തന്നെ നാം കൂടുതൽ അറിയുന്നത്. പക്ഷേ ഈ ആത്മീയരഹസ്യം എത്രപേർ കണ്ടെത്തിയിട്ടുണ്ട്? ക്രൂശില്ലാത്ത ഒരു യേശുവിനോട് അനുരൂപപ്പെടാനല്ലേ ഇന്ന് മിക്കവർക്കും ഇഷ്ടം? എന്നാൽ ക്രൂശില്ലാത്ത യേശു ഒരു അപരൻ ആണെന്ന് നാം തിരിച്ചറിയുമോ?

ഒരു സംഭവം ഇങ്ങനെ കേട്ടിട്ടുണ്ട്. വിസ്കോൺസിനിലെ മാഡിസണിൽ മൂന്ന് പതിറ്റാണ്ട് സഭാശുശ്രൂഷകനായിരുന്ന ബർണാർഡ് റോമിനെ ഒരു ഞായറാഴ്ച സഭായോഗാനന്തരം അപരിചിതനായ, കണ്ടാൽ യേശുവിനെപ്പോലെ തോന്നുന്ന, ഒരു താടിക്കാരൻ സമീപിച്ചിട്ട് സ്വയം പരിചയപ്പെടുത്തി."ഹലോ പാസ്റ്റർ, ഞാനാണ് യേശു." ഒരു നിമിഷം അമ്പരന്നുപോയ ബർണാർഡ് റോം പെട്ടെന്ന് അപരിചിതന്റെ കരം തന്റെ കയ്യിലെടുത്ത് ആണിപ്പാടുകളുടെ അടയാളം എന്തെങ്കിലും ഉണ്ടോ എന്നു പരിശോധിച്ചു. ഇല്ലെന്നു കണ്ടപ്പോൾ തീർത്തു പറഞ്ഞു"അല്ല, നിങ്ങൾ യേശു അല്ല."

ഉവ്വ്, മുറിപ്പാടുകൾ ഇല്ലാത്ത യേശു അപരനാണ്. 'അനേകർ എന്റെ പേരെടുത്തുവരും അവരെ അനുഗമിക്കരുത്'(ലൂക്കോ.21:8).

ചിന്തയ്ക്ക്

# ഏത് യേശുവിനെയാണ് നിങ്ങൾ അനുഗമിക്കുന്നത്?



**ഇതിൽ ഏത് യേശുവാണ് യഥാർത്ഥത്തിലുള്ളത്?**

ഇക്കാലത്ത് തിരഞ്ഞെടുക്കാൻ ഒരേയൊരു യേശുവല്ല ഉള്ളത്.ഒന്നിലേറെ യേശുവുണ്ട്.

ഇതിൽ ഏത് യേശുവാണ് യഥാർത്ഥത്തിലുള്ളത്?

**സാധ്യതകൾ:** 'അന്വേഷകരോട് സൗഹൃദമുള്ള' ഒരു യേശുവുണ്ട്. ആരെയും ഒരു വിധത്തിലും മുറിപ്പെടുത്താത്തവൻ. അവർ എന്തുചെയ്താലും അവരെയെല്ലാം സ്നേഹിക്കുന്ന ഒരു യേശു.

'വിതച്ചു കൊയ്യുന്ന' ഒരു യേശുവുണ്ട്. തന്റെ വേലയ്ക്കായി ഇവിടെ ഇപ്പോൾ പണം വിതയ്ക്കാനും ഈഭൂമിയിൽതന്നെ ധനവും സന്തോഷവും കൊയ്യാനും മരണശേഷം സ്വർഗ്ഗം അവകാശമാക്കാനും ഈ യേശു ആളുകളെ ആഹ്വാനം ചെയ്യുന്നു.

ഈ 'ലോകത്തോട് അലിഞ്ഞു ചേർന്ന' ഒരു യേശുവുണ്ട്. നഷ്ടപ്പെട്ടവരെ നേടേണ്ടതിനുവേണ്ടി വാക്കിലും നോക്കിലും പെരുമാറ്റത്തിലുമെല്ലാം ഈ ലോകക്കാരെപ്പോലെയായിരിക്കാൻ ഈ യേശു നമ്മോടാവശ്യപ്പെടുന്നു.

'ഒരിക്കലും അവസാനിക്കാത്ത കൃപയുള്ള' ഒരു യേശുവുണ്ട്.നാം എന്തു ചെയ്താലും എങ്ങനെ ജീവിച്ചാലും അവിടുത്തെ കൃപ നമ്മെ സംരക്ഷിക്കും!

'ഒന്നു വിശ്വസിക്ക മാത്രം ചെയ്യേണ്ട' യേശുവുണ്ട്. ശരിയായ സത്യങ്ങൾ മനസ്സിൽ വിശ്വസിച്ചാൽ മതി, നിങ്ങൾ രക്ഷിക്കപ്പെട്ടു.

'പേരു പറഞ്ഞ് അവകാശപ്പെടുന്ന' യേശുവാണടുത്തത്. നിങ്ങൾ എന്തെ

**എന്നാൽ ഇതിനപ്പുറത്ത് ഒരു യഥാർത്ഥ യേശുവുണ്ട്. അനുതപിച്ച്, സ്വയം നിഷേധിച്ച്, ദിനംതോറും തനിക്കുതന്നെ മരിച്ച്, തന്നെ അനുഗമിക്കാൻ ആവശ്യപ്പെടുന്ന ഒരു യേശു.**

**നിനക്കുള്ളതെല്ലാം ഉപേക്ഷിച്ചില്ലെങ്കിൽ നിനക്കെന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ലെന്നും അവിടുന്ന് പറയും.**

**അവിടുത്തേക്കാൾ ഏറെ നിങ്ങൾ എന്തിനെയെങ്കിലും പ്രിയപ്പെടുന്നുണ്ടെങ്കിൽ നിങ്ങൾ അവിടുത്തേക്ക് യോജിച്ചവനല്ല**

ങ്കിലും ആഗ്രഹിച്ച് അതിന്റെ പേര് പറഞ്ഞാൽ മതി; അത് നിങ്ങളുടേതായി. അതു കിട്ടിയില്ലെങ്കിലോ? വിശ്വാസത്തിന്റെ കുറവ്. കുറ്റം നിങ്ങളുടേത്.

'ജഡികനായ' ഒരു യേശു. നിങ്ങൾ ജഡികനാണെന്ന് ഈ യേശുവിനറിയാം. നിങ്ങൾ പാപത്തിന്റെ മേൽ വിജയം നേടണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുമില്ല.

'ഹൃദയത്തിൽ വസിക്കുന്ന' ഒരു യേശുവുണ്ട്. ആകെ നിങ്ങൾ ചെയ്യേണ്ടത് അവിടുന്ന് ഹൃദയത്തിൽ വരുവാൻ ആവശ്യപ്പെടുക മാത്രമാണ്-അതോടെ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പോകാം.

**സത്യങ്ങൾ:**

എന്നാൽ ഇതിനപ്പുറത്ത് ഒരു യഥാർത്ഥ യേശുവുണ്ട്.അനുതപിച്ച്, സ്വയം നിഷേധിച്ച്, ദിനംതോറും തനിക്കുതന്നെ മരിച്ച്, തന്നെ അനുഗമിക്കാൻ ആവശ്യപ്പെടുന്ന ഒരു യേശു.(മർക്കോ.1:15; ലൂക്കോ.9:23)

നിനക്കുള്ളതെല്ലാം ഉപേക്ഷിച്ചില്ലെങ്കിൽ നിനക്കെന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ലെന്നും അവിടുന്ന് പറയും.(ലൂക്കോ.14:33)

അവിടുത്തേക്കാൾ ഏറെ നിങ്ങൾ എന്തിനെയെങ്കിലും പ്രിയപ്പെടുന്നുണ്ടെങ്കിൽ നിങ്ങൾ അവിടുത്തേക്ക് യോജിച്ചവനല്ല.(മത്താ.10:37-39)

നിങ്ങൾ നിങ്ങളുടെ സ്വയജീവനെ സ്നേഹിച്ചാൽ അതു നഷ്ടമാകുമെന്നും അവിടുന്ന് പറഞ്ഞു.(യോഹ.12:25,26)

പണത്തേയും ദൈവത്തേയും ഒരുമിച്ച് സേവിക്കാനാവില്ലെന്ന് അവിടുന്ന് നിങ്ങളോട് പറയും.(മത്താ.6:24)

ശരീരത്തേയും ജീവനെയും കൊന്നിട്ട് നരകത്തിൽ തള്ളാൻ കഴിവുള്ള ദൈവത്തെമാത്രം നിങ്ങൾ പേടിച്ചാൽ മതിയെന്നും അവിടുന്ന് നിങ്ങളോട് പറയും.(മത്താ.10:28).

പാപത്തോടുള്ള യുദ്ധത്തിൽ തീക്ഷ്ണമായ നിലപാടുകൾ ഉണ്ടായിരിക്കണമെന്നും അവിടുന്ന് ആവശ്യപ്പെടും.(മത്താ.18:8,9)

ദൈവത്തെ പൂർണഹൃദയത്തോടും ആത്മാവോടും ശക്തിയോടും കൂടെ സ്നേഹിക്കണമെന്നും അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണമെന്നും അവിടുന്ന് നിങ്ങളോട് പറയും.(മത്താ.22:37-39).

ജീവനിലേക്കുള്ള വഴിയും വാതിലും ഇടുക്കവും ഞെരുക്കവുമുള്ളതാണെന്നും അതു കണ്ടെത്തുന്നവർ ചുരുക്കമാണെന്നും അവിടുന്ന് പറഞ്ഞു(മത്താ.7:13,14).

പാപത്തിൽ ജീവിക്കുകയും അതേസമയം തന്റെ പേരിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ പുറത്താക്കിക്കളയും എന്നവിടുന്ന് പറഞ്ഞിട്ടുണ്ട്(മത്താ.7:21-23)

തന്റെ നാമത്തെപ്രതി നിങ്ങൾ എല്ലാവരാലും വെറുക്കപ്പെടുമെന്നും എന്നാൽ അന്ത്യത്തോളം സഹിച്ചുനിൽക്കുന്നവർ രക്ഷിക്കപ്പെടുമെന്നും അവിടുന്ന് പറഞ്ഞു(മത്താ.10:22)

ഇതിൽ ഏത് യേശുവിനെയാണ് നിങ്ങൾ അനുഗമിക്കുന്നത്?.

(സമാഹൃതം)





# ഒട്ടകവും അമീബയും

**സന്ദീപ് പുന്നൻ**

ഈ മാസവും എന്റെ പിതാവിൽ നിന്നും ഞാൻ പഠിച്ച ഒരു പാഠം ആസ്പദമാക്കി എഴുതുന്നു.

ഒട്ടകം ഒരു വിചിത്രജീവി തന്നെ. വികൃതമായ ആകാരമുള്ള ഒട്ടകം അതിന്റെ കൂന് കൂടിയാകുമ്പോൾ ഒന്നുകൂടി വിരൂപമാകുന്നു എന്ന് തോന്നാറുണ്ട്. ഒട്ടകത്തിന്റെ നടത്തയും ഒരു ചേലില്ലാത്തതാണ്. ശരീരത്തിന്റെ ഒരു വശത്തുള്ള കാലുകൾ ഒരു സമയത്തും മറ്റേ വശത്തുള്ള കാലുകൾ അതിനു ശേഷവും ചലിപ്പിച്ച് നടക്കുന്നതിനാൽ ഒട്ടകപ്പുറത്തെ സവാരി കടൽത്തിരയിൽ പെട്ട കപ്പലിലെ യാത്രപോലെ തോന്നും. 'മരുഭൂമിയിലെ കപ്പൽ' എന്ന് ഒട്ടകത്തെ വിളിക്കുന്നതിന് ഒരു കാരണംകൂടി നിങ്ങൾക്കിതാ!!

മേൽപ്പറഞ്ഞ പ്രത്യേകതകൾ ഉള്ളപ്പോൾ തന്നെ ഭീമാകാരമായ ഒരു മൃഗമാണ് ഒട്ടകം എന്ന വസ്തുത എടുത്തു പറയേണ്ടിയിരിക്കുന്നു. യേശുവിന്റെ കാലത്ത് യിസ്രായേലിൽ കാണപ്പെട്ട മൃഗങ്ങളിൽ ഒരു പക്ഷേ ഏറ്റവും വലിയത് ഒട്ടകം ആയിരിക്കും. ഈ വസ്തുത മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ധനികനും ചെറുപ്പക്കാരനുമായിരുന്ന യിസ്രായേലിലെ ആ നായകനോട് യേശു പറഞ്ഞ വാക്കുകൾ വായിക്കുന്നത് രസകരമായിരിക്കും.

"ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പമാണ്." (മത്താ.19:24)

അതിശയോക്തിപ്രയോഗത്തെപ്പറ്റി നിങ്ങൾക്ക് വലിയ ഗ്രാഹ്യം ഇല്ലെങ്കിൽ പോലും യേശുവിന്റെ വാക്കുകൾ അതിന്റെ ഒരു രുചി നിങ്ങൾക്ക് നല്കിക്കഴിഞ്ഞു! സൂചിയുടെ ഒരറ്റത്ത് നൂൽ കോർക്കുന്ന ആ ചെറിയ ദ്വാരം നിങ്ങൾക്ക് പരിചിതമല്ലേ? മുകളിൽ പറഞ്ഞ വാക്കുകൾ തെളിയിക്കുവാൻ യേശുവിന് ഒരു ഒട്ടകത്തെ സൂചിയുടെ കുഴയിലൂടെ കടത്താൻ ശ്രമിക്കേണ്ട ആവശ്യമേ ഇല്ലായിരുന്നു. മറ്റേതെങ്കിലും മൃഗത്തെപ്പറ്റി പറഞ്ഞിരുന്നെങ്കിലും യേശു പറഞ്ഞതു സത്യമായിരുന്നേനേ. ഒട്ടകം പോട്ടെ ഒരു കുതിരയോ കഴുതയോ നായയോ ഒരു സൂചിക്കുഴയിലൂടെ കടക്കുന്ന പ്രശ്നമേയില്ല. സുപ്രധാനമായ ഒരു സത്യം വെളിപ്പെടുത്താൻ ആ ഭൂപ്രദേശത്ത് കാണപ്പെടുന്നഏറ്റവും വലിയ മൃഗത്തെത്തന്നെ യേശു ഉപയോഗിച്ചു എന്ന് നാം ഗ്രഹിച്ചാൽ മതി.

ഒരുവനെ ധനികൻ എന്നു വിളിക്കാൻ എന്തുമാത്രം ധനം അവന്റെ കൈവശം ഉണ്ടാവണം എന്ന് യേശു നിർവ്വചിക്കുകയല്ലായിരുന്നു. അന്നത്തെ കുഷ്ഠരോഗികളും ബർത്തിമായിയെപ്പോലെയുള്ള അന്ധരായ ഭിക്ഷക്കാരും നോക്കുമ്പോൾ യേശുതന്നെ സാമാന്യം ധനികനായിരുന്നു. ഒരുവന്റെ മടിശ്ശീലയിലുള്ള പണമോ, ബാങ്കിലുള്ള പണമോ അല്ല അവനെ ധനികനാക്കുന്നത് എന്ന വസ്തുത യേശു സ്പഷ്ടമാക്കാൻ ആഗ്രഹിച്ചു.

മറിച്ച് സമ്പന്നതയുടെ മനോഭാവമുള്ളയാളാണ് ധനവാൻ. ഈ'ധന

വാൻ' എന്നഭാവം ഒരുവന്റെ ധനത്തിലോ ബുദ്ധിശക്തിയിലോ, വിദ്യാഭ്യാസത്തിലോ, ആത്മീയതയിലോ ഉള്ള നിഗളം മൂലമാകാം. ഇവയെല്ലാം അത്യന്തം ഹീനമായ സമ്പന്നതയുടെ ആത്മാവു നമ്മിൽ ഉളവാക്കുന്ന മേഖലകളത്രേ.

യേശു പറഞ്ഞതിന്റെ രത്നച്ചുരുക്കം ഇതാണ്: തന്റെ മനോഭാവങ്ങളിൽ സമ്പന്നതയുള്ള ഒരാൾക്ക് ദൈവരാജ്യത്തിൽ കടക്കുക അസാധ്യമാണ്. അത്തരം സമ്പന്നർ ദൈവരാജ്യത്തിൽ കടക്കുന്നത്എത്രമാത്രം അസാധ്യമാണെന്ന് ഗ്രഹിക്കാൻ ഒരു ഒട്ടകത്തെക്കുറിച്ച് ചിന്തിക്കുക. ഏറ്റവും വലിപ്പം കുറഞ്ഞ ഒരു പ്രവേശനദ്വാരത്തെപ്പറ്റിയും ഓർക്കുക- സൂചിയുടെ നൂൽ കടത്തുന്ന ദ്വാരം. ഒട്ടകത്തെപ്പോലെ ഭീമാകാരനായ മൃഗം ഈ ചെറിയ ദ്വാരത്തിൽകൂടി ഞെങ്ങി ഞെരുങ്ങി കടക്കാൻ ശ്രമിക്കുന്നത് ഭാവനയിൽ കാണുക. എന്തൊരു ഭോഷത്തമായിരിക്കും ഒട്ടകത്തിന്റെ ഈ പരിശ്രമം! അതിനേക്കാൾ ഭോഷത്തമായിരിക്കും ഏതെങ്കിലും വിഷയത്തിൽ സമ്പന്നതയുടെ ഒരു മനോഭാവവുമായി നിങ്ങൾക്ക് ദൈവരാജ്യത്തിൽ കടക്കാം എന്ന് ചിന്തിക്കുന്നത്. ധനികനായ ചെറുപ്പക്കാരനോട് ഈ വാക്കുകൾ പറഞ്ഞത് ഗിരിപ്രഭാഷണത്തിൽ(മത്താ.5-7)പറഞ്ഞ അതേ ആശയത്തിലാണ്. ഉദാഹരണത്തിന് 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യമുള്ളവർ! സ്വർഗ്ഗരാജ്യം അവർക്കുള്ളത്.'

അങ്ങനെയെങ്കിൽ സൂചിക്കുഴയിലൂടെ നാം എങ്ങനെ കടക്കും? ഒട്ടകത്തെ സംബന്ധിച്ചിടത്തോളം അത് എളുപ്പമുള്ള കാര്യമേയല്ല. എന്നാൽ സൂചിക്കുഴയിലൂടെ കടക്കാൻ കഴിയുന്ന ചില പ്രാണികൾ ഭൂമിയിലുണ്ട്. അതിലൊന്നാണ് ഏകകോശജീവിയായ അമീബ. ദൈവസൃഷ്ടിയിലെ ഏറ്റവും ചെറിയ ജീവികളിൽ ഒന്ന്. ബാഹ്യനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്ത ഈ സൂക്ഷ്മജീവിയെ ജന്തുവർഗ്ഗത്തിൽപ്പെട്ട ഒന്നായി ചിന്തിക്കാൻ പോലും കഴിയുകയില്ല. എന്നാൽ ഒരു കാര്യം വ്യക്തമാണ് അമീബ നിഷ്പ്രയാസം ഒരു സൂചിക്കുഴയിലൂടെ കടന്നുപോകും.

**ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരാണെന്നുള്ള ഉത്തമബോധ്യത്തിൽ നാം ജീവിക്കണം. അനന്തതയിൽ നിന്ന് നമ്മോടു കരുണ കാണിക്കുന്ന ഒരു ദൈവത്തെയല്ല, നമ്മെ തന്റെ മാറോട് സ്നേഹംകൊണ്ട് വലിച്ചടുപ്പിക്കുന്ന ഒരു പിതാവിനെയാണ് നാം അറിയുന്നത്. അവിടുത്തെ കരം പിടിക്കാതെ മുമ്പോട്ടുപോകുവാൻ നമുക്ക് അല്പമെങ്കിലും ധൈര്യം ഉണ്ടാകുമ്പോൾ സൂചിക്കുഴയുടെ മുമ്പിൽ നില്ക്കുന്ന ഒട്ടകത്തെപ്പോലെ നാം ബുദ്ധിശൂന്യരാണ്.**

യേശു പഠിപ്പിച്ച കാര്യം നമുക്കറിയാം. ദൈവരാജ്യത്തിലേക്കുള്ള പ്രവേശനകവാടം തികച്ചും ഇടുങ്ങിയതാണ്. ദൈവരാജ്യത്തിൽ ആയിരിക്കുന്നവരുടെ ജീവിതപാതയും ഞെരുക്കമുള്ളതാണ്. ജീവിതയാത്രയിൽ അനേക സൂചിക്കുഴകളിലൂടെ നമുക്ക് കടക്കേണ്ടിവരും. ഈ സൂചിക്കുഴകളുടെ മുമ്പിൽ ഒരു ഒട്ടകത്തെപ്പോലെ വലിപ്പമുള്ളവരായി നാം നിന്നാൽ യേശുവിനോടൊപ്പമുള്ള ജീവിത





ത്തിലേക്ക് നമുക്ക് ഒരിക്കലും പ്രവേശനം സാദ്ധ്യമല്ല. അതേ, ഒട്ടകത്തെപ്പോലെ വലിപ്പമുള്ള നമുക്ക് ഒരിക്കലും പ്രവേശിക്കാൻ കഴിയുകയില്ല.

നമ്മുടെ സമ്പത്ത്, മിടുക്ക്, ആത്മീയത, നീതി എന്നിവയുടെ പെരുപ്പം തന്നെ നമ്മുടെ ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം അസാധ്യമാക്കിത്തീർക്കുന്നു. അങ്ങനെയെങ്കിൽ നമുക്ക് എങ്ങനെ ദൈവരാജ്യത്തിൽ പ്രവേശിക്കാം? നാം അമീബയെപ്പോലെ എത്രയും ചെറിയവരാകണം!

നമ്മുടെ ആത്മീയമായ കഴിവുകളെ പറ്റി നമ്മുടെ വിലയിരുത്തലുകളിൽ നാം എത്രയും ചെറിയവരാകണം.

ജീവിതത്തിൽ വിജയകരമായി മുന്നേറുവാൻ അറിയേണ്ടതെല്ലാം അറിഞ്ഞുകഴിഞ്ഞു എന്ന ചിന്തയ്ക്ക് വിരാമം ഇടണം.

ജീവിതത്തിന് ആവശ്യമായതെല്ലാം കൈവശമുണ്ടെന്ന ചിന്തയിൽ നിന്ന് രക്ഷപെടണം.

നമുക്ക് മറ്റാരുടെയും സഹായം ആവശ്യമില്ല എന്നചിന്തയിൽ നിന്ന് നിശ്ചയമായും നാം സ്വതന്ത്രരാകണം.

തങ്ങളുടെ ദൃഷ്ടിയിൽ ഈ വിധം 'ദരിദ്രർ' ആയവർ മാത്രമേ ദൈവത്തിൽ സഹായം കണ്ടെത്തുകയുള്ളൂ. ദൈവകൃപ ലഭ്യമാകാൻ ആവശ്യമായ താഴ്മ ഇതാണ്! എന്നാൽ ഈ താഴ്മയെപ്പറ്റി ഒരു സുപ്രധാനമായ മുന്നറിയിപ്പുകൂടി ഞാൻ നല്കട്ടെ.

അമീബയെപ്പോലെ ആകുക എന്നു പറയുമ്പോൾ നമുക്ക് വളരെ താണ നിലവാരത്തിലുള്ള ഒരു ആത്മാഭിമാനം ഉണ്ടാവണം എന്നല്ല അർത്ഥമാക്കുന്നത്. നമ്മുടെ പരിമിതികളെ ഗ്രഹിക്കുന്നത് ഒരിക്കലും ആത്മാഭിമാനം ഇല്ലാതെയിരിക്കുന്ന അവസ്ഥയല്ല. ക്രിസ്ത്യാനികൾ എന്ന നിലയിൽ ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരാണെന്നുള്ള ഉത്തമബോധ്യത്തിൽ നാം ജീവിക്കണം. അനന്തതയിൽ നിന്ന് നമ്മോടു കരുണ കാണിക്കുന്ന ഒരു ദൈവത്തെയല്ല, നമ്മെ തന്റെ മാറോട് സ്നേഹംകൊണ്ട് വലിച്ചടുപ്പിക്കുന്ന ഒരു പിതാവിനെയാണ് നാം അറിയുന്നത്.ഈ പിതാവിന്റെ കരം ഗ്രഹിച്ച് ജീവിതപാതയിൽ മുമ്പോട്ട് പോകുന്നത് നമുക്ക് വലിയ ധൈര്യം നല്കേണ്ടതത്രേ. അവിടുത്തെ കരം പിടിക്കാതെ മുമ്പോട്ടുപോകുവാൻ നമുക്ക് അല്പമെങ്കിലും ധൈര്യം ഉണ്ടാകുമ്പോൾ സൂചിക്കുഴയുടെ മുമ്പിൽ നില്ക്കുന്ന ഒട്ടകത്തെപ്പോലെ നാം ബുദ്ധിശൂന്യരാണ്.

ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്ന കാര്യം യേശു പറഞ്ഞ് അവസാനിപ്പിക്കുന്ന ഭാഗം ശ്രദ്ധിക്കുക:"മനുഷ്യരാൽ അസാധ്യമാണ്. എന്നാൽ ദൈവത്താൽ സകലവും സാധ്യമാണ്.(മത്താ.19:26). ഈ വചനത്തിൽ രണ്ടു ഭാഗങ്ങളിലായി പ്രകടമായ ഒരു വ്യത്യാസം ഞാൻ കാണുന്നു. എന്നിലോ മറ്റു മനുഷ്യരിലോ ആശ്രയിക്കുമ്പോൾ തികച്ചും ആശയ്ക്കു വകയില്ലാത്ത അപകടകരമായ ഒരു പരിശ്രമം. അല്ലെങ്കിൽ പൂർണ്ണമായും ദൈവത്തിൽ ആശ്രയിക്കുമ്പോൾ അത്യന്തം ശക്തിമത്തായ ഒരു സാധ്യതയുടെ ചിത്രം. എന്റെ പ്രാർത്ഥന ഇതാണ്: അമീബയെപ്പോലെ ചെറുതും ശക്തിഹീനവുമായി(താഴ്മയുള്ളതായി) നാം തീരുമ്പോൾ തന്നെ, ദൈവത്തിൽമാത്രം സഹായത്തിനായി ദൃഷ്ടി പതിപ്പിക്കുമ്പോൾ അത്യധികമായ ആത്മധൈര്യം ഉള്ളവരായി നാം തീരണം.

അനുഗൃഹീതമായഈ മാർഗ്ഗം കണ്ടെത്താൻ നമ്മുടെ ഹൃദയദൃഷ്ടി പ്രകാശിക്കട്ടെ!

വിശുദ്ധരുടെ കാലൊച്ച

# ഫേബാപാമർ: വിശുദ്ധിക്കുവേണ്ടി വീറോടെ..

'അവൻ പ്രാപ്തനാണ്' എന്ന ഗ്രന്ഥത്തൽ വിൽ സാഗ്സ്റ്റർ എന്ന ക്രിസ്തിയ എഴുത്തുകാരൻ ശ്രദ്ധേയമായ ഒരു പ്രസ്താവന നടത്തുന്നുണ്ട്. 'പ്രപഞ്ചത്തിലുള്ള ഒരു മനുഷ്യന്റെ സ്ഥാനത്തെക്കുറിച്ച് അതൃപ്തിയോടെ അവനെ മത്സരിക്കാൻ പ്രേരിപ്പിക്കുന്നത് നിഗളമാണ്.' എന്നാണ് അദ്ദേഹം പറയുന്നത്. മനുഷ്യന്റെ ഹൃദയത്തിൽ നിന്നു ദൈവത്തെ നിഷ്ക്കാസിതനാക്കിയ ശേഷം സ്വയത്തെ ആ



സിംഹാസനത്തിൽ പ്രതിഷ്ഠിക്കുന്ന പ്രവൃത്തിയാണത്.നിഗളത്തിന്റെ ഫലമായി ഉളവാകുന്ന പല പാപങ്ങളെപ്പറ്റി മനുഷ്യർ ബോധവാന്മാരായിരുന്നെങ്കിൽ ചെകുത്താനെ വെറുക്കും പോലെ അവർ നിഗളത്തെ വെറുത്തേനേ. ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് സ്വയത്തെ വാഴിക്കുന്നത് നരകതുല്യമാണ്.

സാഗ്സ്റ്റർ പറഞ്ഞത് സത്യമാണെങ്കിൽ–അല്ലെന്ന് ആരു പറയും?–വ്യക്തിപരമായ വിശുദ്ധിയുടെ തുടക്കം നിഗളത്തിന്റെയും സ്വേഛയുടെയും പുറത്താക്കലിലാണ്.പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉദ്ധരാർദ്ധത്തിലുണ്ടായിരുന്ന വിശുദ്ധിയുടെ പ്രവാചകന്മാരുടെയെല്ലാം കേന്ദ്രസന്ദേശം ഇതുതന്നെയായിരുന്നു. സമ്പൂർണ്ണവിശുദ്ധീകരണത്തിനായുള്ള തൃഷ്ണ ക്രിസ്തീയ മാർഗ്ഗത്തോളം തന്നെ പഴക്കം ഉള്ളതാണെങ്കിലും, പത്തൊൻപതാം നൂറ്റാണ്ടിലാണ് ഇംഗ്ലണ്ടിലും അമേരിക്കയിലും ദശലക്ഷങ്ങൾ ഈ അന്വേഷണപാതയിലായത്. വിശുദ്ധിയുടെ ഉപദേശങ്ങൾ രണ്ടുതരത്തിലായിരുന്നു.–വെസ്ലിയൻ, കെസ്വിക് എന്നിങ്ങനെ. ജോൺ വെസ്ലി, ദൈവാത്മാവിന്റെപ്രവൃത്തിയായ പുതുജനനത്തിനുശേഷമുള്ള ഒരു രണ്ടാമത്തെ അനുഗ്രഹത്തെപ്പറ്റി പഠിപ്പിച്ചിരുന്നു. പരിശുദ്ധാത്മാവിന്റെ ഈ രണ്ടാമത്തെ അനുഗ്രഹം നിമിഷം കൊണ്ട് ഒരുവനെ പൂർണ്ണവിശുദ്ധീകരണത്തിലേക്ക് നടത്തുന്ന ഒന്നായി അനുഭവത്തിലൂടെ അദ്ദേഹം സമർത്ഥിച്ചു. രണ്ടാമത്തെ വിശുദ്ധീകരണ ഉപദേശം ഇംഗ്ലണ്ടിലെ കെസ്വിക് സമ്മേളനത്തിലാണ് ആദ്യമായി ചർച്ച ചെയ്യപ്പെട്ടത്. കെസ്വിക് പ്രഭാഷകർ വെസ്ലിയുടെ രണ്ടാം അനുഗ്രഹം എന്ന ഊന്നലിനു പകരം പാപത്തിന്മേലുള്ള വിജയത്തിനായി ഒരു പ്രതിസന്ധിഘട്ടത്തിലൂടെയുള്ള പൂർണ്ണ സമർപ്പണവും ദൈവശക്തിയിലുള്ള പ്രതിദിന ആശ്രയവുമാണ് ഇഷ്ടപ്പെട്ടത്.

ആദ്യം പറഞ്ഞ വെസ്ലിയുടെ വിശുദ്ധീകരണ ഉപദേശത്തിന്റെ വക്താക്കളിൽ വളരെ ഫലപ്രദമായി





ശുശ്രൂഷിച്ച ഒരു വനിതാരത്നമായിരുന്നു ഫേബാ പാമർ. ന്യൂയോർക്ക് പട്ടണത്തിൽ ജനിച്ച ഫേബാ പത്തൊൻപതാം വയസ്സിൽ വാൾട്ടർ പാമറുമായി വിവാഹിതയായി. ഭർത്താവ് അവളുടെ ആത്മീയതീക്ഷ്ണത പങ്കിടുന്ന ഒരു മെഡിക്കൽ ഡോക്ടറായിരുന്നു. പിറന്നുവീണ് ഏതാനും ആഴ്ചകൾക്കള്ളിൽ രണ്ട് ആൺകുട്ടികൾ നഷ്ടപ്പെട്ട ഈ ദമ്പതിമാർ ആത്മീയപ്രവർത്തനങ്ങൾക്കായി ജീവിതം ഉഴിഞ്ഞു വച്ചു

1837 ജൂലൈമാസം ഇരുപത്താറാം തിയതി 'സമ്പൂർണ്ണവിശുദ്ധീകരണം' എന്ന് ജോൺവെസ്ലി വിളിച്ചിരുന്ന പൂർണ്ണമായ ഒരു ദൈവികസമർപ്പണത്തിലേക്ക് നടത്തപ്പെട്ടു. ആത്മീയബോധ്യങ്ങളുടെ ആഴവും ആത്മികാനുഭവത്തിന്റെ തീവ്രതയും വ്യക്തിപരമായ വിശുദ്ധീകരണത്തിന്റെ ശക്തിയേറിയ വക്താവാക്കി ഫേബാ പാമറെ തീർക്കുകയായിരുന്നു. വീട്ടിലെ സ്വീകരണമുറിയിൽ നാല്പതു വർഷം ചൊവ്വാഴ്ചകളിൽ വിശുദ്ധജീവിതത്തെ പ്രോൽസാഹിപ്പിക്കുന്ന സമ്മേളനങ്ങൾ അവർ നയിച്ചിരുന്നു. അനേകസ്ത്രീപുരുഷന്മാർ അവിടെവച്ച് സമ്പൂർണ്ണ വിശുദ്ധീകരണ അനുഭവത്തിലേക്ക് പ്രവേശിച്ചതായി സാക്ഷ്യം പറയുന്നു. പരസ്യയോഗങ്ങളിലും ഉണർവ്വുയോഗങ്ങളിലും ഫേബാ പാമർ അസാധാരണമായ ശക്തിയോടെ പ്രസംഗിച്ചിരുന്നു.

ഇതോടൊപ്പം ചേർക്കുന്നത് അവരുടെ സമ്പൂർണ്ണ വിശുദ്ധീകരണ അനുഭവത്തിന്റെ വിവരണമാണ്.

## വ്യവസ്ഥയില്ലാത്ത കീഴടങ്ങൽ

എനിക്കു വ്യക്തമാക്കാൻ കഴിയുന്നിടത്തോളം അനേകവർഷങ്ങൾ എന്റെ മാനസികാവസ്ഥ താഴെപ്പറയും വിധമായിരുന്നു. ഞാൻ ഒരു ദൈവപൈതൽ ആണെന്ന വിശ്വാസം ഉണ്ടായിരിക്കെത്തന്നെ"അബ്ബാ, പിതാവേ" എന്ന് അചഞ്ചലമായ ധൈര്യത്തോടെ നിലവിളിക്കാൻ തക്കവണ്ണം പുത്രത്വത്തിന്റെ ആത്മാവ് എനിക്കില്ലായിരുന്നു. ആന്തരികവിശുദ്ധിക്കു വേണ്ടിയുള്ള നിശപ്പും ദാഹവും കൂടെക്കൂടെ ഞാൻ അനുഭവിക്കുകയും, ആ വിശുദ്ധീകരണത്തിൽ കുറഞ്ഞ മറ്റൊന്നും എന്റെ ആവശ്യത്തിന് മതിയാകയില്ല എന്ന ചിന്ത കൂടുതൽ ശക്തമാകുകയും ചെയ്തു.

ഞാൻ വീണ്ടും എഴുന്നേറ്റുമുള്ള ജീവിതത്തിലൂടെ സ്വർഗ്ഗീയയാത്രയിൽ കാര്യമായ പുരോഗതി കൈവരിക്കാതെ ഭാരപ്പെട്ട സമയത്താണ് കഴിഞ്ഞ ജൂൺമാസത്തിന്റെ ആരംഭത്തിൽ ഒരു പ്രത്യേക അനുഭവം ഉണ്ടായത്. സർവ്വശക്തന്റെ സഹായത്താൽ ഞാൻ എന്നെത്തന്നെ രക്ഷകന്റെ സേവനത്തിനായി മുഴുവനായും സമർപ്പിക്കയും ആ പാതയിൽ നിന്നും എന്തുവന്നാലും വ്യതിചലിക്കയില്ല എന്ന് ദൃഢനിശ്ചയം നടത്തുകയും ചെയ്തു.അതിനു കൊടുക്കേണ്ട വില എല്ലാകാര്യത്തിലും സ്വന്തഇഷ്ടം ഉപേക്ഷിക്കുകയാണ് എന്ന സത്യം ഞാൻ ശാന്തമായി ഗ്രഹിക്കുകയായിരുന്നു.

ക്രിസ്തുവിന്റെ സേവനത്തിനായി സമ്പൂർണ്ണമായി സമർപ്പിച്ച ആ സമയം മുതൽ നിമിഷംപ്രതി കൃപയിൽ ഞാൻ പണിയപ്പെടുന്നതായി അനുഭവപ്പെട്ടു. താഴ്മ, വിശ്വാസം, സ്നേഹം തുടങ്ങി ആത്മാവിന്റെ ഫലമെല്ലാം മണിക്കൂറുകൾ തോറും പക്വത പ്രാപിക്കുന്നതായി അറിയാൻ കഴിഞ്ഞു.

ആ സമയത്ത് ഞാൻ തുടങ്ങിയ ഒരു ശീലം സൂചിപ്പിക്കാം. ദിനംപ്രതി ഏറ്റവും അധികം ഭക്തിയോടെ എന്റെ

ശരീരത്തിന്റെയും ദേഹിയുടെയും സകല ശക്തിയെയും, സമയം, താലന്ത്, സ്വാധീനം എന്നിവയെയും ദൈവത്തിനായി സമർപ്പിക്കുക എന്ന ശീലമായിരുന്നു അത്. അങ്ങനെ ദൈവത്തിലുള്ള വർദ്ധമാനമായ ആനന്ദം ഞാൻ അനുഭവിക്കുകയും അതേസമയം പൂർണ്ണമായ തൃപ്തിയില്ലാതെ ദിവ്യമായ അനുഗ്രഹപ്രതീക്ഷയിൽ കഴിയുകയും ചെയ്തു.

ജൂലൈ 26 പ്രഭാതം. എന്റെ ജീവിതത്തിൽ പങ്കാളിയായി ദൈവം നല്കിയ പ്രിയപ്പെട്ടവനെപ്പറ്റിയുള്ള ചിന്തകൾ മനസ്സിൽ നിറഞ്ഞുനിന്നു. എന്റെ ആത്മീയവും ഭൗതികവുമായ സന്തോഷത്തിനായി ദൈവം തന്ന യഥാർത്ഥദാനം ഓർത്ത് ഞാൻ അത്ഭുതം കൂറിയ നിമിഷങ്ങൾ! ഈ ചിന്തകൾ നിൽക്കുമ്പോൾതന്നെ മറ്റൊരു ചോദ്യം മനസ്സിലേക്ക് വന്നു."ക്രിസ്തുവിനായി എല്ലാം ഉപേക്ഷിച്ചവളാണെന്ന് നീ അവകാശപ്പെടുന്നില്ലേ? നീ ഏറ്റവും അധികം സ്നേഹിക്കുന്ന ജീവിതപങ്കാളിയെ ഞാൻ ആവശ്യപ്പെട്ടാൽ നീ ഒഴിഞ്ഞുമാറുകയില്ലേ?" വാക്കുകൾ കൊണ്ട് അനേക തവണ യാഗപീഠത്തിൽ വച്ച എന്റെ സ്നേഹഭാജനത്തെ യഥാർത്ഥമായി ഞാൻ ദൈവത്തിനു നല്കിയിട്ടില്ല എന്ന വസ്തുത ഞെട്ടലോടെ ഓർത്തു.

ഞാൻ ഏറ്റവും സ്നേഹിച്ച എന്റെ ഭർത്താവിനെ കർത്താവ് എന്നിൽ നിന്ന് എടുത്തുമാറ്റാൻ പോകുകയാണെന്ന് തോന്നി. ഞങ്ങളെ സ്നേഹത്തിൽ ഒന്നാക്കിയ സ്വർഗ്ഗീയപിതാവിന് ഞങ്ങളെ വേർപിരിക്കാൻ സാദ്ധ്യമാണോ എന്ന ചിന്തയായിരുന്നു എന്റെ ഉള്ളിൽ. കൃപയുടെ സമൃദ്ധിയിൽ കൂടുതൽ പക്വതയോടെ ചിന്തിച്ചപ്പോൾ ഒരു കാര്യം വ്യക്തമായി. എന്റെ ഹൃദയത്തെ പൂർണ്ണമായ കീഴടങ്ങലിനായി ഒരുക്കുവാൻ ദൈവം തിരുമനസ്സായി അവിടുത്തെ പദ്ധതികൾ എന്നോടു പങ്കിടുവാൻ തയ്യാറായത് എത്ര വലിയ കരുണയാണ്!!

അന്തർഭാഗത്തിലെ സത്യമാണ് ദൈവം ഇച്ഛിക്കുന്നത്. കൃപ ഒടുവിൽ ജയിച്ചു. ദൈവം ആവശ്യപ്പെടുന്ന യാഗത്തിന്റെ സ്വഭാവം ഗ്രഹിച്ച ഞാൻ പറഞ്ഞു: "കർത്താവേ, ജീവനോ സ്നേഹിതരെയോ എടുത്തുകൊൾക."

എന്റെ സ്നേഹത്തിന്റെ പരമലക്ഷ്യം ദൈവം തന്നെയായിരുന്നു അപ്പോൾ. ആ കാര്യം സംശയിക്കുന്നതിനേക്കാൾ എന്റെ അസ്തിത്വം സംശയിക്കുകയായിരുന്നു എളുപ്പം. ഇനിമേൽ എന്റെ ആത്മാവ് അതിനെത്തന്നെ ദൈവത്തിങ്കലേക്ക് അനുസ്യൂതം മടങ്ങട്ടെ. ഈ ശരീരം ആത്മാവിന്റെ ഉപകരണമായി അവിടുത്തെ ഹിതമെല്ലാം നിവർത്തിക്കട്ടെ! ഞാൻ അങ്ങയുടേതാണ്-മുഴുവനായും അങ്ങയുടേതു തന്നെ. എതിരാളിയില്ലാതെ അങ്ങ് എന്റെ ഹൃദയത്തിൽ ഇപ്പോൾ വാഴുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും മഹത്വം-എന്നുമെന്നേക്കും മഹത്വം.

ഇപ്രകാരം ദൈവസന്നിധിയിൽ ഞാൻ സന്തോഷിക്കുമ്പോൾ ആത്മാവിന്റെ ശബ്ദം വീണ്ടും എന്റെ ബുദ്ധിയെ തുറന്നു: "ഇതുതന്നെയല്ലേ പൂർണ്ണമായ വിശുദ്ധീകരണം?" ഇനി എനിക്ക് അശേഷം സന്ദേഹമില്ല. യുക്തിയും കൃപയും ഒന്നുതന്നെ സാക്ഷിക്കുന്നു. ശരീരത്തിലും ദേഹിയിലും ആത്മാവിലും ഞാൻ പൂർണ്ണമായും വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു എന്ന ഉറപ്പിൽ ഞാൻ സന്തോഷിക്കുവാൻ തുടങ്ങി.

കടപ്പാട്:All the saints adore Thee
(Bruce Shelly)

സമ്പാദകൻ: **മാത്യു ജോർജ്**





# അവർ എങ്ങനെ മരിച്ചു?

ഒന്നാം നൂറ്റാണ്ടിൽ അപ്പോസ്തലന്മാരും പ്രധാനശിഷ്യന്മാരും, സുവിശേഷകന്മാരും എങ്ങനെയാണ് രക്തസാക്ഷിത്വം വരിച്ചതെന്ന് നിങ്ങൾക്കറിയാമോ?

**മത്തായി:** എത്യോപ്യയിൽ വച്ച് രക്തസാക്ഷിയായി. വാളിനാൽ കൊല്ലപ്പെട്ടു.

**മർക്കോസ്:** ഈജിപ്റ്റിലെ അലക്സാൻഡ്രിയയിൽ വച്ചു മരിച്ചു. മരിക്കുന്നതുവരെ കുതിരകളെക്കൊണ്ട് തെരുവിലൂടെ അദ്ദേഹത്തെ വലിച്ചിഴച്ചു.

**ലൂക്കോസ്:** അത്യന്തം തീക്ഷ്ണമായ സുവിശേഷഘോഷണത്തിന്റെ പേരിൽ ഗ്രീസിൽവച്ച് ലൂക്കോസിനെ തൂക്കിക്കൊന്നു.

**യോഹന്നാൻ:** റോമിലെ പീഡനങ്ങളുടെ കാലത്ത് തിളച്ച എണ്ണ നിറഞ്ഞ വലിയ പാത്രത്തിൽ ഇട്ടപ്പോൾ മരണത്തെ അഭിമുഖീകരിച്ചു. എന്നാൽ വളരെ അത്ഭുതകരമായി അദ്ദേഹം മരണത്തിൽനിന്ന് രക്ഷപെട്ടു. അനന്തരം പത്മോസ്ദ്വീപിലേക്ക് നാടുകടത്തപ്പെട്ടു. പത്മോസിൽ വച്ച് പ്രവചനപുസ്തകമായ'വെളിപ്പാട്' അദ്ദേഹം രചിച്ചു.

അപ്പോസ്തലനായ യോഹന്നാൻ പിന്നീട് തടവിൽ നിന്നു വിടുവിക്കപ്പെടുകയും ആധുനികതുർക്കിയിലെ എഡേസ്സായിലേക്ക് പോകുകയും ചെയ്തു. വളരെ പ്രായം ചെന്നവനായി അദ്ദേഹം മരിച്ചു. സ്വാഭാവികമായി മരിച്ച ഏക അപ്പോസ്തലനാണദ്ദേഹം.

**പത്രോസ്:** എക്സ്(X)ആകൃതിയിലുള്ള ഒരു കുരിശിൽ പത്രോസ് തലകീഴായി ക്രൂശിക്കപ്പെട്ടു.

**യാക്കോബ്:** ജറുസലേമിലെ സഭയ്ക്ക് നേതൃത്വം നല്കിയിരുന്ന വ്യക്തിയായിരുന്നു യാക്കോബ്. ക്രിസ്തുവിലുള്ള തന്റെ വിശ്വാസത്തെ

**തങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനു വേണ്ടി അപ്പോസ്തലന്മാരും ശിഷ്യന്മാരും അവരുടെ കാലത്ത് നേരിട്ട കഠിനമായ പീഡനങ്ങളും ക്രൂരതകളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ കഷ്ടപ്പാടുകളും ദുരിതങ്ങളും എത്രയോ നിസ്സാരമാണ്.**

**"എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും. എന്നാൽ അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടും.'**

തള്ളിപ്പറയാൻ തയ്യാറാകാത്തതിനെതുടർന്ന് ദേവാലയഗോപുരത്തിൽനിന്ന് നൂറടിയിലേറെ താഴ്ചയിലേക്ക് അദ്ദേഹത്തെ തള്ളിയിട്ടു. ആ വീഴ്ചയിൽ നിന്ന് യാക്കോബ് രക്ഷപെട്ടു എന്ന് മനസ്സിലാക്കിയ ശത്രുക്കൾ അദ്ദേഹത്തെ അടിക്കുകയും അതേതുടർന്ന് കൊല്ലപ്പെടുകയും ചെയ്തു.

യേശുക്രിസ്തുവിനെ പരീക്ഷയുടെ സമയത്ത് സാത്താൻ കൂട്ടിക്കൊണ്ട് പോയത് ഇതേ ഗോപുരത്തിലേക്ക് തന്നെയാണ്.

**സെബദിപുത്രനായ യാക്കോബ്:** യേശുക്രിസ്തു തന്റെ വേലയ്ക്കായി വിളിക്കുന്നതുവരെ മീൻ പിടിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരുന്നവനാണ് യാക്കോബ്. സഭയിലെ ശക്തനായ ഒരു നേതാവായിരുന്നു അദ്ദേഹം. ജറുശലേമിൽവച്ച് ഹെരോദാവ് അദ്ദേഹത്തെ ശിരച്ഛേദം ചെയ്തു. വിസ്താരസമയത്ത് യാക്കോബ് തന്റെ വിശ്വാസത്തിന് ശക്തമായ ന്യായങ്ങൾ ഉന്നയിച്ചത് അദ്ദേഹത്തെ കാവൽ ചെയ്തിരുന്ന റോമൻപടയാളിയെ അത്ഭുതപ്പെ

**(ശേഷം പേജ് 34 ൽ)**

മാതാപിതാക്കളും മക്കളും-11

# എന്തെല്ലാം അഭ്യസിപ്പിക്കണം?

ജോസ് മാത്യു, തിരുവനന്തപുരം.

മക്കളെ ദൈവികമൂല്യങ്ങൾ ക്ഷമയോടെ അഭ്യസിപ്പിക്കയെന്ന മൂന്നാമത്തെ ഉത്തരവാദിത്വം സംബന്ധിച്ചാണല്ലോ നാം ചിന്തിച്ചുകൊണ്ടിരുന്നത്. ഭവനത്തിൽ സുവ്യക്തമായ ചട്ടങ്ങൾ സ്ഥാപിച്ച് ഉറപ്പിക്കേണ്ടതിന്റെ ആവശ്യകതയും നാം കണ്ടു കഴിഞ്ഞു. ഈ വക അഭ്യസനങ്ങൾ ശൈശവഘട്ടത്തിൽ ആരംഭിച്ച് ബാല്യകൗമാരഘട്ടങ്ങൾ കൊണ്ട് മിക്കവാറും ഫലപ്രദമായി മുഴുമിപ്പിക്കാവുന്നതാണ്. അപ്രകാരം ചെയ്യാൻ കഴിഞ്ഞാൽ മക്കൾ യൗവനത്തിലേക്ക് കടക്കുമ്പോൾ അവർ നിങ്ങൾക്കൊരു തലവേദന ആയിത്തീരുകയില്ല-മറിച്ച് അവർ ഒരനുഗ്രഹം തന്നെയായിരിക്കും.

ആത്മീയവും ഭൗമികവുമായ രണ്ടു തലങ്ങളിലും മാതാപിതാക്കൾ മക്കൾക്ക് അഭ്യസനം നൽകേണ്ടതുണ്ട്. ഇവയിൽ മുഖ്യമായത് ആത്മീയ കാര്യങ്ങളിലുള്ള പരിശീലനം തന്നെയാണ്. ദൈവികമൂല്യങ്ങൾ, പ്രമാണങ്ങൾ, തത്വങ്ങൾ എന്നിങ്ങനെയുള്ള തൂണുകൾ കുരുന്നുഹൃദയങ്ങളിൽ ഉറപ്പിക്കുകയാണ് ആദ്യപടി; ഇവ്വിധമുള്ള അടിസ്ഥാനം നന്നായി സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ ഭൗമികവിഷയങ്ങളിലുള്ള അഭ്യസനം പൊതുവേ എളുപ്പമായിരിക്കും.

**ക്രിസ്തീയമൂല്യങ്ങൾ അഭ്യസിപ്പിക്കുക:**

ദൈവവചനമായ ബൈബിളിലെ കാതലായ അടിസ്ഥാനപ്രമാണങ്ങൾ ഒരു വലിയ കെട്ടിടത്തിന്റെ തൂണുകൾ(പില്ലറുകൾ)എന്നവണ്ണം കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ ഉറപ്പിച്ചുകൊടുക്കണം. വീണ്ടും വീണ്ടും നിങ്ങൾ ഇവ പറഞ്ഞുകൊണ്ടിരിക്കണം. സുപ്രധാനങ്ങളായ ചില അടിസ്ഥാനങ്ങൾ നമുക്ക് പരിശോധിക്കാം.*1*

*1. ദൈവത്തിന് ഒന്നാം സ്ഥാനം:* നമ്മുടെ ജീവിതത്തിൽ അഥവാ ഭവനത്തിൽ കർത്താവായ യേശുക്രിസ്തുവിന് ആയിരിക്കണം ഒന്നാം സ്ഥാനം. ദൈവത്തിന്റെ അവകാശവാദങ്ങൾ(claims) ദൈവസഭ, സഹോദരവർഗ്ഗം, ദൈവരാജ്യവ്യാപനം ഇവയെല്ലാം നമ്മുടെ പ്രാഥമികപരിഗണന ആയിരിക്കണം. ഭൗതികകാര്യങ്ങൾ, കുടുംബം, മക്കൾ, ആരോഗ്യം, തൊഴിൽ എന്നിത്യാദികൾ രണ്ടാംസ്ഥാനത്തോ അതിൽ താഴെയോ മാത്രമേ ആകാവൂ; എന്നാൽ ഇവ അവഗണിക്കപ്പെടാതെ ശ്രദ്ധിക്കുകയും വേണം. മേൽപ്പറഞ്ഞ രണ്ടു ഗണങ്ങൾക്കിടയിൽ ആരോഗ്യകരമായ സന്തുലിതാവസ്ഥ പാലിക്കുകയും ദൈവരാജ്യത്തിന് മേൽക്കൈ നൽകുകയുമാണ് വേണ്ടത്. “മുമ്പേ അവിടത്തെ രാജ്യവും നീതിയും അന്വേഷിക്കുവിൻ അതോടു കൂടി ഇതൊക്കെയും(ഭൗതികാവശ്യങ്ങൾ) നിങ്ങൾക്ക് കിട്ടും” (മത്താ.6:33). സ്വന്തജീവിതം കൊണ്ടും വാക്കുകൾകൊണ്ടും മാതാപിതാക്കൾ ഈ സത്യം മക്കളുടെ ഹൃദയങ്ങളിൽ ആദ്യംതന്നെ പതിക്കുവാൻ ഇടയാക്കണം.

*2. ക്രിസ്തുവിന്റെ കർത്തൃത്വം:* ജീവിതത്തിന്റെ രക്ഷകനായി മാത്രമല്ല സമ്പൂർണ്ണ ആളത്തത്തിന്റെയും കർത്താവും നാഥനുമായും യേശുവിനെ നമ്മുടെ കുഞ്ഞുങ്ങൾക്ക് നാം പരിചയപ്പെടുത്തണം. ദേഹം, ബുദ്ധി, ഇച്ഛാശക്തി, വികാരങ്ങൾ,ആത്മാവ് എന്നീ തലങ്ങളിലെല്ലാം യേശുവിനു മാത്രമായിരിക്കണം കർത്തൃത്വം. യേശുവിന് സ്വീകാര്യമല്ലാത്തതൊന്നും നമ്മുടെ ഭവനങ്ങളിൽ നാം അനുവദിച്ചുകൂടാ. കുടുംബത്തിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ യേശുവിന് ഇക്കാര്യത്തിൽ സന്തോഷമായിരിക്കുമോ എന്ന് കുടുംബാംഗങ്ങൾ ചേർന്നു ചിന്തിക്കണം. “ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെത്തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്ന് യിസ്രായേൽഗൃഹം ഒക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ(പ്രവ.2:36). യേശുവിനെ ഭവനത്തിലെ ഒരു അതിഥിയായിട്ടല്ല, തീരുമാനങ്ങൾ എടുക്കുന്ന യജമാനനായിട്ടാണ് നാം കാണേണ്ടത്. ഈ വസ്തുത നിങ്ങൾ മക്കളെ അഭ്യസിപ്പിച്ചിട്ടുണ്ടോ?

*3. നാം ഇവിടെ പരദേശികൾ മാത്രം:* കാണപ്പെടുന്ന ഈ ലോകം നമ്മുടെ ശാശ്വതഭവനം അല്ലെന്നും നാമീ ലോകത്തിലുള്ള സകല ഭൗതികനേട്ടങ്ങളെയും ഉപേക്ഷിച്ച് കർത്താവൊരുക്കുന്ന നിത്യഭവനത്തിലേക്ക് പോകേണ്ടവരാകുന്നു എന്നും നമ്മുടെ മക്കളെ എത്രയും വ്യക്തമായി അഭ്യസിപ്പിക്കണം. യോഹ.14:1-3; ഫിലി.3:19-21; എബ്രാ.11:13-16. മുതലായ വേദഭാഗങ്ങൾ അവർക്ക് വിശദമാക്കിക്കൊടുക്കുകയും മനഃപാഠം പഠിപ്പിക്കുകയും ചെയ്യുക. എന്റെ രാജ്യം ഐഹികമല്ല(യോഹ.18:36) എന്നരുളിച്ചെയ്ത നമ്മുടെ കർത്താവിന്റെ ദർശനം മക്കളെ അഭ്യസിപ്പിക്കുക. നോഹ,അബ്രഹാം,പ്രവാചകന്മാർ, പൗലൊസ്, ദൈവഭക്തന്മാരായിരുന്ന മറ്റനേകം വിശുദ്ധന്മാർ എന്നിവരുടെയെല്ലാം ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ പ്രബലസത്യം കുഞ്ഞുങ്ങളെ നന്നായി ബോധ്യപ്പെടുത്തണം.

*4. നിസ്വാർത്ഥസ്നേഹം, നന്മ, കരുണ* ഇത്യാദിക്രിസ്തീയസ്വഭാവസവിശേഷതകളുടെ പ്രാധാന്യം കുഞ്ഞുങ്ങളെ ഗ്രഹിപ്പിക്കുവാൻ ശ്രദ്ധിക്കുക. മിക്കവാറും ഒരു കാര്യംതന്നെ ആവർത്തിച്ച് പറഞ്ഞുകൊടുക്കേണ്ടിവരും. സ്വന്തജീവിതത്തിലൂടെ മാതാപിതാക്കൾ ഇവ പ്രകടമാക്കിക്കൊണ്ട് സംസാരിക്കുമ്പോൾ വാക്കുകളിൽ അധികാരവും ധൈര്യവും നിറഞ്ഞുനിൽക്കും. കുട്ടികൾക്ക്അവ വിശ്വസിക്കാനും അംഗീകരിക്കാനും സ്വന്തമാക്കാനും വിഷമമുണ്ടാകുകയില്ല.

ഒരു ദൃഷ്ടാന്തം: വാസ്തവമായും നിങ്ങളെ ദ്വേഷിക്കുന്ന, ഉപദ്രവിക്കുന്ന ചില വ്യക്തികളുടെ അനുഗ്രഹത്തിനു വേണ്ടി ആത്മാർത്ഥമായി നിങ്ങൾ സകുടുംബം പ്രാർത്ഥിക്കുമ്പോൾ ശത്രുക്കളെ സ്നേഹിക്കേണ്ടത് എങ്ങനെയാണെന്നുള്ള അഭ്യസനം മക്കൾക്ക് സ്വാഭാവികമായും ലഭിക്കുകയാണ്. അഗതികൾ, ദരിദ്രർ, ഭിക്ഷക്കാർ എന്നിവരോട് നിങ്ങൾ ദയയോടെ കരുണാർദ്രമായി പെരുമാറുന്നതു കാണുമ്പോൾ നിങ്ങളുടെ മക്കൾക്ക് ആ കാര്യത്തിൽ ശരിയായ പരിശീലനം സിദ്ധിക്കുകയാണ് ചെയ്യുന്നത്.

*5. സത്യസന്ധത,എളിമ, വിശ്വാസം* എന്നീ അടിസ്ഥാനപ്രമാണങ്ങളുടെ പ്രാധാന്യത്തെപ്പറ്റി മുമ്പ് നാം ചിന്തിക്കുകയുണ്ടായല്ലോ. നന്നേ ചെറുപ്പംമുതൽക്കേ ഈ സുപ്രധാനസ്വഭാവഗുണങ്ങൾ മക്കളെ അമ്മയപ്പന്മാർ അഭ്യസിപ്പിക്കേണ്ടതാകുന്നു. കാപട്യവും ഭോഷ്ക്കും ഇല്ലാത്ത, സത്യസന്ധരായ മാതാപിതാക്കളുടെ മക്കൾ എത്ര അനുഗൃഹീതരാണ്! അവർ അമൂല്യമായ ആത്മീയസ്വത്തിന്റെ അവകാശികളാകുന്നു!! ഇയ്യോബിനെപ്പറ്റി പിതാവായ ദൈവവും, നഥാനിയേലിനെക്കുറിച്ച് കർത്താവായ യേശുവും കുഞ്ഞാടിന്റെ കാന്തയെപ്പറ്റി പരിശുദ്ധാത്മാവും നൽകുന്ന സാക്ഷ്യപത്ര

ത്തിന്റെ ചുരുക്കം കേൾക്കുക:"അവർ കപടവും ഭോഷ്കും ഇല്ലാത്തവരാണ്, സത്യസന്ധരാണ്."(ഇയ്യോ.1:8; 2:3; യോഹ.1:47; വെളി.14:5)

*6. മാതാപിതാക്കളെ അനുസരിക്കുക, ബഹുമാനിക്കുക:*

മക്കൾക്കായി ദൈവം നൽകിയിട്ടുള്ള പ്രമാണങ്ങൾ ഇവയാണ്. "മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ;അതു ന്യായമല്ലോ. നിനക്കു നന്മയുണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടെ ഇരിക്കുവാനും നിന്റെ അമ്മയെയും അപ്പനെയും ബഹുമാനിക്ക''(എഫേ.6:1-3; പുറ.20:12). "നിങ്ങൾ ഓരോരുത്തരും താന്താന്റെ അമ്മയെയും അപ്പനെയും ഭയപ്പെടണം(ലേവ്യ.19:3). "അപ്പനെയോ അമ്മയെയോ നിന്ദിക്കുന്നവൻ ശപിക്കപ്പെട്ടവൻ"(ആവ.27:16). അമ്മയപ്പന്മാരെ കൂട്ടാക്കാത്ത ശാഠ്യക്കാരനായ മകൻ മരണയോഗ്യനാകുന്നു(ആവ.21:18-21).

എന്നാൽ ഈ ദൈവികപ്രമാണങ്ങളും അവയുടെ പ്രാധാന്യവും കുഞ്ഞുങ്ങൾക്കറിഞ്ഞുകൂടാ. മാതാപിതാക്കൾ തികഞ്ഞ ഗൗരവത്തോടെ ഈ ദൈവകല്പനകൾ തങ്ങളുടെ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കണം; മാത്രമല്ല, അവരോട് അനുസരണം ആവശ്യപ്പെടുകയും ചെയ്യണം (demand obedience).

എപ്രകാരം അനുസരിക്കണം, എങ്ങനെ ബഹുമാനം അഥവാ ആദരവ് പ്രകടിപ്പിക്കണം ഇവയെല്ലാം വ്യക്തമായും ലളിതമായും കുഞ്ഞുങ്ങളെ പറഞ്ഞു ഗ്രഹിപ്പിച്ചു കൊടുക്കേണ്ടതാണ്; അല്ലാത്തപക്ഷം അവർ തെറ്റായിട്ടായിരിക്കും കാര്യങ്ങൾ ചെയ്യുന്നത്. വ്യവസ്ഥകൾ കൂടാതെ ചോദ്യം ചെയ്യാതെ അനുസരിക്കാൻ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കണം. അനുസരണം സന്തോഷത്തോടെയായിരിക്കണം. പെട്ടെന്ന് അനുസരിക്കണം. എന്നാൽ മുതിർന്ന കുട്ടികൾക്ക് അഭിപ്രായം പറയാൻ(ചോദ്യം ചെയ്യാൻ) അവസരം നൽകാവുന്നതാണ്.

സഹപാഠികളോടോ മറ്റു സമപ്രായക്കാരോടോ സംസാരിക്കുന്നതു പോലെ 'ചുമ്മാ അയഞ്ഞമട്ടി ൽ' (casual) കുഞ്ഞുങ്ങൾ മാതാപിതാക്കളോട് സംസാരിക്കാൻ പാടില്ല. സ്നേഹത്തോടും ബഹുമാനത്തോടും ആദരവോടും കൂടെ മാത്രമേ ആകാവു. മാതാവിനോട് എപ്രകാരം പെരുമാറണമെന്ന് പിതാവ് പഠിപ്പിച്ചുകൊടുക്കണം; പിതാവിനോട് പെരുമാറേണ്ട വിധം മാതാവും. ആധുനികതയുടെ അതിപ്രസരം നിമിത്തം നമുക്ക് ചുറ്റും ധാർമ്മിക-സാന്മാർഗ്ഗികനിലവാരം അതിവേഗം താഴേക്ക് കൂപ്പുകുത്തുകയാണ്. കുഞ്ഞുങ്ങൾ മാതാപിതാക്കളെ ധിക്കരിക്കുന്നതും പരിഹസിക്കുന്നതും ഭീഷണിപ്പെടുത്തുന്നതുമൊക്കെ സാധാരണസംഭവങ്ങളായിക്കൊണ്ടിരിക്കുന്നു. ഈ മേഖലയിൽ സഹപാഠികളുടെ സമ്മർദ്ദം നമ്മുടെ കുഞ്ഞുങ്ങളുടെമേലും ഏറിവരികയാണ്. ആകയാൽ ക്രിസ്തീയമാതാപിതാക്കൾ എത്ര ജാഗ്രതയോടെ തങ്ങളുടെ മക്കളെ അഭ്യസിപ്പിക്കേണ്ടിയിരിക്കുന്നു!

*7. മുതിർന്നവരെ ആദരിക്കുക:*
"നരച്ചവന്റെ മുമ്പാകെ എഴുന്നേൽക്കുകയും വൃദ്ധന്റെ മുഖം ബഹുമാനിക്കയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം; ഞാൻ യഹോവ ആകുന്നു(ലേവ്യ.19:32). മാതാപിതാക്കളെ മാത്രമല്ല, തങ്ങളെക്കാൾ മുതിർന്ന ഏതൊരുവ്യക്തിയേയും ആദരിക്കുവാൻ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കുക-ഇതൊരു ദൈവകല്പനയാകുന്നു. ഭവനത്തിലും സഭയിലും സമൂഹത്തിലുമുള്ള മുതിർന്നവരെ ബഹുമാനിക്കുവാൻ, അവരോട് ആദരപൂർവ്വം ഇടപെടുവാൻ മക്കളെ പഠിപ്പിക്കുക. സഭയിലുള്ള മുതിർന്ന, പ്രായമുള്ള ആളു





കളോടും സൗഹൃദം സ്ഥാപിക്കാൻ നാം കുഞ്ഞുങ്ങളെ ഉത്സാഹിപ്പിക്കേണ്ടതാണ്; അവർ പരിജ്ഞാനത്തിന്റെ അമൂല്യസ്രോതസ്സുകളാണല്ലോ.

ഈ അടുത്തകാലത്ത് ഒറീസ്സയിൽ ഒരു പ്രാദേശിക മിഷനറിയുടെ ഭവനം സന്ദർശിച്ചത് ഓർമ്മയിൽ തങ്ങിനിൽക്കുന്നു. അവിടെ കുഞ്ഞുങ്ങൾ ഓടിവന്ന് അതിഥിയുടെ പാദം തൊട്ട് വന്ദിച്ചാണ് വീട്ടിലേക്ക് സ്വീകരിക്കുന്നത്. അവിടെയുള്ള മറ്റൊരു വിദേശമിഷനറിവനിതയുടെ ഭവനത്തിൽ ചെന്നപ്പോഴും ഇതേ അനുഭവം ഉണ്ടായി-വെള്ളക്കാരിയായ അവരുടെ കുഞ്ഞുമകളും വന്ന് പാദത്തിൽ വീണ് വണങ്ങിയാണ് അതിഥിയെ സ്വീകരിച്ചത്. നോക്കുക-ഒരു ക്രിസ്തീയസമൂഹം മുതിർന്നവരെ ആദരിക്കുവാൻ മക്കളെ അഭ്യസിപ്പിച്ച നല്ലമാതൃക!

**ഭൗമിക വിഷയങ്ങളുടെ അഭ്യസനം:**

സ്കൂൾ- കോളജ് വിദ്യാഭ്യാസത്തിലൂടെ ഭൗമികമായ നിരവധി അറിവുകൾ നമ്മുടെ കുഞ്ഞുങ്ങൾ നേടുന്നുണ്ടെങ്കിലും ഈ ലോകത്തിൽ ഫലപ്രദമായി ജീവിക്കാൻ നാം തന്നെ അവരെ പഠിപ്പിക്കേണ്ടതുണ്ട്. വിശേഷിച്ചും നല്ല ശീലങ്ങൾ, കഠിനാധ്വാനം, ശുചിത്വം, മാന്യമായ സംസാരം, സമയനിഷ്ഠ,പണമിടപാടുകൾ, ഉത്തരവാദിത്വബോധം എന്നിത്യാദികളിൽ മാതാപിതാക്കൾ മക്കൾക്ക് നല്ല മാതൃകയും പരിശീലനവും നൽകേണ്ടതാണ്.

*ജീവിക്കുവാൻ പഠിപ്പിക്കുക:* മനുഷ്യൻ ഒരു സമൂഹജീവിയാണ്. സമൂഹത്തിൽ മറ്റുള്ളവരുമായി എങ്ങനെ സഹകരിച്ച് ജീവിക്കണമെന്നത് മക്കളെ നാം അഭ്യസിപ്പിക്കണം. മറ്റുള്ളവരുമായി നല്ല ബന്ധങ്ങൾ സ്ഥാപിക്കാനും അവ നിലനിർത്താനും അവർ പഠിക്കേണ്ടതുണ്ട്. മനസ്സിലും മുഖത്തും സന്തോഷഭാവത്തോടെ മറ്റുള്ളവരെ/അതിഥികളെ വീട്ടിൽ സ്വീകരിക്കാനും സൽക്കരിക്കാനും അവരെ പരിശീലിപ്പിക്കണം.

നന്നായി ആശയവിനിമയം നടത്താനും മക്കളെ പഠിപ്പിക്കേണ്ടതാണ്. സംസാരിക്കുന്ന വ്യക്തിയുടെ മുഖത്ത് അതായത് കണ്ണുകളിൽ നോക്കി സ്പഷ്ടമായി സംസാരിക്കണം. തറയിൽ നോക്കിയോ അങ്ങുമിങ്ങും നോക്കിയോ അല്ല സംസാരിക്കേണ്ടത്. മറ്റൊരാളോട് ചിലപ്പോൾ അപ്രിയസത്യങ്ങൾ പറയേണ്ടിവന്നേക്കാം.;അല്ലെങ്കിൽ വിയോജിച്ച് അഭിപ്രായം പ്രകടിപ്പിക്കേണ്ടി വന്നേക്കാം. ഇത്തരം ഘട്ടങ്ങളിലും പ്രസന്നമുഖത്തോടെ, ഒരു പുഞ്ചിരിയോടെ സംസാരിക്കാൻ കഴിയുന്നത് ശ്രേഷ്ഠസ്വഭാവമാണ്. അല്ലാത്തപക്ഷം ഒടുവിൽ തെറ്റിദ്ധാരണയിലോ വിരോധത്തിലോ സംഭാഷണം കലാശിച്ചെന്നിരിക്കും.

മറ്റുള്ളവരുടെ വസ്തുക്കൾ ആഗ്രഹിക്കുകയോ എടുക്കുകയോ ചെയ്യാൻ പാടില്ല എന്നുതന്നെ ചെറുപ്പത്തിലേ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കണം. മറ്റു വീടുകളിലോ കടകളിലോ ചെല്ലുമ്പോൾ ഈ തത്വം വളരെ കർശനമായി പാലിക്കപ്പെടേണ്ടതുണ്ട്. പണമോ വസ്തുക്കളോ കളഞ്ഞുകിട്ടിയാൽ ഒരിക്കലും അത് സ്വന്തമാക്കാൻ പാടില്ല-അതിന്റെ ഉടമസ്ഥരെയോ ഉത്തരവാദിത്വമുള്ള അധികാരികളെയോ ഏല്പിക്കണം.

*ഉത്തമശീലങ്ങൾ:* 'ചൊട്ടയിലെ ശീലം ചുടലവരെ' എന്ന് സാധാരണ പറയാറുണ്ടല്ലോ. ചെറുപ്പത്തിൽത്തന്നെ കുഞ്ഞുങ്ങളെ നല്ല ശീലങ്ങളുടെ ഉടമകളാക്കാൻ മാതാപിതാക്കൾ പ്രയത്നിക്കണം പ്രഭാതത്തിൽ തന്നെ ഉറക്കം ഉണർന്ന് ദിനകൃത്യങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലനം അതിപ്രധാനം തന്നെ. കൃഷി, കന്നുകാലിവളർത്തൽ എന്നിത്യാദികളിൽ വ്യാപൃതരായിരിക്കുന്ന നാട്ടിൻപുറത്തുകാർക്ക് ഈ നല്ല

ശീലം സ്വാഭാവികമായുണ്ട്. എന്നാൽ നഗരവൽക്കരണം, ഗ്രാമങ്ങളിലേക്കും വ്യാപിക്കുന്ന ഇക്കാലത്ത്'വൈകിയുറങ്ങുക, വൈകിയെഴുന്നേൽക്കുക' എന്ന ആധുനികപ്രവണത യുവതലമുറയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

'അതികാലത്ത് എഴുന്നേൽക്കുന്ന' നല്ല സ്വഭാവം തിരുവെഴുത്തിൽ ഉടനീളം കാണാൻ കഴിയും. അബ്രഹാം, മോശെ, ദാവീദ്, യോശുവ,അപ്പോസ്തലന്മാർ എന്നിവരെല്ലാം അതികാലത്തുതന്നെ ഉണരുന്ന ശീലം പാലിച്ചിരുന്നു. "അതികാലത്ത് ഇരുട്ടോടെ അവൻ എഴുന്നേറ്റ് പുറപ്പെട്ട് ഒരു നിർജനസ്ഥലത്ത് ചെന്ന് പ്രാർത്ഥിച്ചു"(മർക്കോ.1:35)-യേശുവിന്റെ നല്ല മാതൃക! സാമർത്ഥ്യമുള്ള ഭാര്യയും 'നന്നാരാവിലെ എഴുന്നേറ്റ്' തന്റെ പ്രവൃത്തികളിൽ ഉത്സാഹത്തോടെ വ്യാപൃതയാകുന്നതു കാണാം(സദൃ.31:15)

പ്രഭാതത്തിൽ അഞ്ചുമണിയോടെ ഉണർന്ന് കുടുംബാംഗങ്ങളെയെല്ലാം വിളിച്ചുണർത്തി ദൈവവചനം വായിച്ച് ധ്യാനിച്ച് പ്രാർത്ഥനയിൽ ദൈവമുഖം തേടുന്നശീലം എത്ര അനുഗ്രഹകരമാണ്! അതുവഴി നിങ്ങളുടെ മക്കൾ അതിശ്രേഷ്ഠമായ പൈതൃകമാണ് അവകാശമാക്കുന്നത് എന്നറിയുക.

ടിവി, ഇന്റർനെറ്റ്, കമ്പ്യൂട്ടർ കളികൾ എന്നിത്യാദികളിലൂടെ ക്രിസ്തീയമല്ലാത്ത ജീവിതമൂല്യങ്ങളും സംസ്കാരവും തെറ്റായ ഒരാത്മാവു തന്നെയും കുഞ്ഞുങ്ങളിൽ പ്രവേശിക്കാൻ സാദ്ധ്യതയുണ്ട്. ആകയാൽ വളരെ സൂക്ഷ്മത പുലർത്തുക; കർശനമായ മേൽനോട്ടം ഉറപ്പുവരുത്തുക.

കളിക്കോപ്പുകൾ, ഭക്ഷണം, പുസ്തകങ്ങൾ എന്നിവയെല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ നന്നേ ചെറുപ്പം മുതലേ ശീലിപ്പിക്കണം. രാവിലെ ഭക്ഷണപ്പൊതി കയ്യിൽ കൊടുത്ത് സ്കൂളിലയയ്ക്കുമ്പോൾ അമ്മമാർ,"മോനേ, മുഴുവനും നീ തന്നെ കഴിച്ചോളണം; ആർക്കും കൊടുക്കരുത്,ട്ടോ" എന്നുപദേശിക്കുന്നത് കേട്ടിട്ടില്ലേ? അങ്ങനെയുള്ളവർ മക്കൾക്ക് എത്രവലിയ ദ്രോഹമാണ് ചെയ്യുന്നത് എന്ന് ഗ്രഹിക്കുന്നില്ല- സ്വാർത്ഥതയുടെ വിത്തുകൾ ദിനംപ്രതി വിതച്ചുകൊണ്ടിരിക്കയാണ് അവർ. "കൂട്ടുകാർക്കോ ഇല്ലാത്തവർക്കോ അല്പം ഭക്ഷണം പങ്കുവയ്ക്കാൻ മടിക്കരുത് മക്കളേ" എന്നായിരിക്കട്ടെ നിങ്ങളുടെ ഉപദേശം.

ശുചിത്വവും വെടിപ്പും സംബന്ധിച്ച് കുഞ്ഞുങ്ങൾക്ക് വ്യക്തമായ ബോധനം ആവശ്യമാണ്. വീടും പരിസരവും, ശരീരം, വസ്ത്രങ്ങൾ, പാത്രങ്ങൾ, വാഹനങ്ങൾ ഇവയെല്ലാം വൃത്തിയായും ശുചിയായും ഇരിക്കണം. ശുചിത്വപ്രവർത്തനങ്ങളിൽ കുഞ്ഞുങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ട് പ്രായോഗികപരിശീലനം നല്കുകയാണ് വേണ്ടത്. ശുചിത്വം പാലിക്കേണ്ടതിന്റെ കാരണങ്ങളും അവരെ പറഞ്ഞു മനസ്സിലാക്കണം.

*പ്രവൃത്തിപരിശീലനം, പങ്കാളിത്തം:* സത്യസന്ധമായ തൊഴിലിന്റെ മഹത്വം കുഞ്ഞുങ്ങളെ ബോധ്യമാക്കണം. സ്വന്തം കാര്യങ്ങൾ, വീട്ടിലെ വിവിധ ജോലികൾ എന്നിവയൊക്കെ ചെയ്യുന്നതു കുറച്ചിലല്ല, മാന്യതയുള്ളതാണെന്ന് അവരെ പഠിപ്പിക്കുക. ഓഫീസിൽ ഫാനിനു കീഴിലിരുന്ന് ചെയ്യുന്ന വെള്ളക്കോളർ ജോലി മാത്രമല്ല, ഉപജീവനത്തിനുതകുന്ന മറ്റനേകം മാന്യമായ തൊഴിലുകൾ/ജീവിതമാർഗ്ഗങ്ങൾ ഈ ലോകത്തിലുണ്ട് എന്നവർക്കു വ്യക്തമാക്കിക്കൊടുക്കണം.

വീട്ടിലെ എല്ലാ ജോലികളും അമ്മയപ്പന്മാർ തങ്ങളുടെ കുത്തകയായി ഏറ്റെടുക്കരുത്; കുഞ്ഞുങ്ങളുടെ കഴി





വിനനുസരിച്ച് ഓരോരോ ജോലികൾ അവരെ വിശ്വസിച്ച് ഭരമേല്പിക്കണം. എപ്രകാരം ഓരോ ജോലികളും ചെയ്യണമെന്നത് ക്ഷമയോടെ, വിശദമായി അവരെ പഠിപ്പിക്കണം. ആദ്യം ചില തെറ്റുകൾ അവർ വരുത്തിയേക്കാം-എന്നാൽ പിന്നീടവർ നിങ്ങളേക്കാൾ നന്നായി അവ നിർവ്വഹിക്കുന്നതു കാണാം. അടുക്കളജോലികൾ, പാത്രം കഴുകൽ, വീടുവൃത്തിയാക്കൽ, തുണിയലക്കുക, കടയിൽ പോയി സാധനങ്ങൾ വാങ്ങുക, റിപ്പയർ ജോലികൾ, ഇളയ കുഞ്ഞുങ്ങളുടെ പരിചരണം, കൃഷിപ്പണികൾ, വളർത്തുമൃഗങ്ങളുടെ പരിപാലനം എന്നു തുടങ്ങി ഒട്ടനവധി ജോലികൾ തങ്ങളുടെ പ്രാപ്തിക്കനുസരണമായി കുഞ്ഞുങ്ങൾക്ക് ചെയ്യാൻ കഴിയും. നിങ്ങളവർക്ക് അവസരങ്ങൾ നല്കിയാൽ മാത്രം മതി.

എന്നാൽ തെറ്റായ മുൻഗണനാക്രമം നിമിത്തവും ലോകമനുഷ്യരുടെ മാതൃക നോക്കിയും ഇക്കാലത്ത് മാതാപിതാക്കൾ മക്കളെ എല്ലാവിധ ജോലികളിൽ നിന്നും മാറ്റി നിർത്തുകയാണ്. പഠിത്തം, പരീക്ഷ, ....പിന്നെ റാങ്ക്.....ഉയർന്ന തസ്തിക...ഇങ്ങനെ പോകുന്നു പലരുടെയും മുദ്രാവാക്യം. വഞ്ചിക്കപ്പെട്ടു പോകരുതേ! നിങ്ങളുടെ മക്കളെ ജീവിക്കാൻ പഠിപ്പിക്കുക; ഒരു ജോലിയും ചെയ്യാൻ മനസ്സില്ലാത്ത നിലയിൽ അലസന്മാരായി, പൊണ്ണത്തടിയന്മാരായി അവരെ വളർത്തിയെടുക്കരുത്. പഠനവും ഒരദ്ധ്വാനമാണെന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല- പക്ഷേ അതു മാത്രം പോരാ, പഠനത്തോടൊപ്പം വീട്ടിലെ ജോലികളിൽ പങ്കാളിത്തവും അല്പം വിനോദവും ഉത്തരവാദിത്വമെടുക്കാനുള്ള പരിശീലനവുമെല്ലാം സമീകൃതമായ അളവിൽ ആവശ്യമാണ്.

*മാന്യമായ സംഭാഷണം:* ശരീരത്തിലെ അവയവങ്ങളുടെ-വിശേഷിച്ചും ലൈംഗികാവയവങ്ങൾ- ശരിയായ പേര് പറയാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കണം. ഇത് രണ്ടോ മൂന്നോ വയസ്സുള്ളപ്പോൾ ചെയ്താൽ എളുപ്പമായിരിക്കും. പരസ്യമായി പേര് ഉച്ചരിക്കാൻ യോഗ്യമല്ലാത്ത യാതൊരവയവവും ദൈവം നമുക്ക് നല്കിയിട്ടില്ല. ലൈഗികാവയവങ്ങളുടെ പേര് സംബന്ധിച്ച് അതിരുകടന്ന ലജ്ജാബോധവും ശരിയല്ല. നാമവരെ ശരിയായ പേരുകൾ യഥാസമയം പഠിപ്പിക്കാഞ്ഞാൽ കൂട്ടുകാരിൽനിന്നും മറ്റും അവർ അശ്ലീലപദങ്ങൾ പഠിച്ച് പ്രയോഗിക്കാൻ തുടങ്ങും.

കൂടാതെ ശരീരദ്രാവകങ്ങൾ(body fluids)വിസർജ്യവസ്തുക്കൾ എന്നിവയുടെ പേരുകൾ, കൗമാരഘട്ടത്തിലുണ്ടാകുന്ന ശരീരമാറ്റങ്ങൾ, വളർച്ചകൾ ഇവയെപ്പറ്റിയെല്ലാം ലജ്ജയും ഭയവും വെടിഞ്ഞ് മാതാപിതാക്കൾ മക്കളോട് സംസാരിക്കേണ്ടതാകുന്നു. ഇവയൊന്നും അതീവരഹസ്യസ്വഭാവമുള്ളതോ വൃത്തികെട്ടതോ ആയ പദങ്ങൾ അല്ല എന്ന തിരിച്ചറിവാണ് നമുക്കിന്നാവശ്യം. ആകയാൽ കുറെക്കൂടെ യാഥാർത്ഥ്യബോധത്തോടെ, മാന്യമായ പദങ്ങൾ മക്കളെ അഭ്യസിപ്പിക്കാൻ ശ്രമിക്കാം,

**സംക്ഷേപം:**

ആത്മീയതലത്തിലും ഭൗമികതലത്തിലും അനേകമേഖലകളിൽ മക്കൾക്ക് അഭ്യസനം നല്കേണ്ടതുണ്ട്. അടിസ്ഥാനങ്ങളായ തൂണുകൾപോലെ ആത്മീയമൂല്യങ്ങൾ കുഞ്ഞുങ്ങൾക്കു പകർന്നു നൽകണം. ദൈവത്തിന്റെ പ്രതിനിധികളായി ഈ ഭൂമിയിൽ ജീവിക്കാൻ തക്കവണ്ണം നാമവരെ ഭൗമിക വിഷയങ്ങളിലും അഭ്യസിപ്പിക്കേണ്ടതാണ്. ഇത് മാതാപിതാക്കളുടെ കടമയും ഉത്തരവാദിത്വവുമാകുന്നു

**(തുടരും)**

## നാൾക്കുനാൾ പുതുക്കം പ്രാപിക്കുക -II

# വിശ്വസ്തർക്കു വിജയം

സാക് പുന്നൻ

പൊത്തിഫേറിന്റെ ഭാര്യ ദിനം പ്രതി യോസഫിനെ പരീക്ഷിച്ചുകൊണ്ടിരുന്നു. (ഉൽപ്പത്തി 39:10) ദൈവം ആരെയും പരീക്ഷിക്കുന്നില്ല.(യാക്കോ.1:13) തീർച്ചയായും അവിടുന്ന് യോസഫിനെ പരീക്ഷിച്ചില്ല. പൊത്തിഫേറിന്റെ ഭാര്യയാണ് അവനെ പരീക്ഷിച്ചത്. എന്നാൽ യോസഫിന് ദിനംപ്രതിയുണ്ടായ പരീക്ഷകളിലൂടെ അവൻ ഈജിപ്റ്റിൽ ദൈവത്തിന്റെ പ്രതിനിധിയാകുവാൻ യോഗ്യനോ എന്ന് ദൈവം അവനെ ശോധന ചെയ്യുകയായിരുന്നു. യോസഫിനെക്കുറിച്ചുള്ള ദൈവത്തിന്റെ പ്ലാൻ അവനെ തന്റെ പ്രതിനിധിയാക്കണമെന്നതായിരുന്നു. എന്നാൽ ആദ്യം അവനെ ശോധന ചെയ്ത് അവന്റെ യോഗ്യത തെളിയുന്നതു വരെ അവനെ അംഗീകരിക്കുവാൻ ദൈവത്തിനു സാധ്യമായിരുന്നില്ല. നമ്മുടെ കാര്യത്തിലും ഇപ്രകാരം തന്നെയാണ് സംഭവിക്കുന്നത്. ഈ ഭൂമിയിൽ അനേകം വിശ്വാസികൾ ഉണ്ടെങ്കിലും ദൈവത്തിന്റെ അംഗീകാരം ലഭിച്ച പ്രതിനിധികൾ നന്നേ കുറവാണ്. അതിന്റെ കാരണമെന്തെന്ന് ഇതിൽ നിന്നു നമുക്ക് മനസ്സിലാക്കാം. (യോഹ 2:23-25 നോക്കുക). നാൾ തോറും തന്നെത്താൻ ത്യജിക്കയും നാൾ തോറും ക്രൂശെടുക്കുകയും ചെയ്യുന്നവരെ മാത്രമേ ദൈവം അംഗീകരിക്കയുള്ളു.

യേശു തന്നെ പറഞ്ഞതു പോലെ ഓരോ ദിവസവും അളന്നു നിർണ്ണയിക്കപ്പെട്ട ദോഷങ്ങളുടേതായ ഒരു ക്വോട്ടാ നമുക്ക് ലഭിക്കുന്നു. (മത്താ.6:34) ഇതെപ്പോഴും നമുക്ക് സഹിക്കാൻ കഴിയുന്ന പരിധിക്കുള്ളിലായിരിക്കും. (1 കൊരി.10:13) എന്നാൽ പരീക്ഷയുടെ ഈ അവസരങ്ങളിൽ നമ്മുടെ ജഡം മരണയോഗ്യമെന്നു ദൈവം വിധിച്ചിരിക്കുന്നുവെന്ന് നാം കാണുകയും ദൈവത്തോട് സഹകരിച്ച് അതിനെ നാം മരിപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമേ നമുക്ക് പരീക്ഷകളെ അതിജീവിക്കുവാൻ കഴിവുണ്ടാകുകയുള്ളു. ഇന്നത്തെ പരീക്ഷയിൽ നാം ജയിച്ചെന്നു വരാം. എന്നാലും നാളെ ചിലപ്പോൾ തോറ്റുപോകാനിടയുണ്ട്. ശോധനകൾ നാൾ തോറും നമ്മെ അഭിമുഖീകരിക്കുന്നു. നാൾ തോറും വിശ്വസ്തരായി തുടരുന്നവർ ഭാഗ്യവാന്മാർ.

**3. നാൾ തോറും അന്യോന്യം പ്രബോധിപ്പിക്കുക.**

നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന് 'ഇന്ന്' എന്നു പറയുന്നിടത്തോളം നാൾ തോറും അന്യോന്യം പ്രബോധിപ്പിച്ചു കൊൾവിൻ"-എബ്രായർ3:13

നാം ചിന്തിച്ച ആദ്യത്തെ രണ്ടു കാര്യങ്ങൾ നമുക്ക് വ്യക്തികളായി സ്വയം നിർവ്വഹിക്കുവാൻ കഴിയുന്നവയാണ്. എന്നാൽ ഈ മൂന്നാമത്തെ കാര്യത്തിൽ സ്വയം നമുക്കതു ചെയ്യുവാൻ സാധ്യമല്ല. കാരണം, ദൈവം നമ്മെ ആ വിധത്തിൽ ഒരുമിച്ച് ജീവിക്കാനാണ് സൃഷ്ടിച്ചിട്ടുള്ളത്. പൂർണ്ണതയിലേക്കുയരുവാൻ ഞാൻ എത്രയധികം ഉത്സാഹിച്ചാലും ഞാനൊരാൾ മാത്രം ശ്രമിക്കുന്ന പക്ഷം ആ ലക്ഷ്യത്തിലെത്തുക സാധ്യമല്ല. ദൈവം തന്നെത്തന്നെ നേരിട്ട് നമുക്ക് വെളിപ്പെടുത്തുക മാത്രമല്ല, നമ്മുടെ സഹോദരന്മാരിൽ കൂടിയും തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തിത്തരികകൂടി ചെയ്യുന്നുണ്ട്. ദിവസം പ്രതി ദൈവത്തിൽ ആശ്രയം വച്ചു ജീവിക്കുന്നതു





കൊണ്ടും സ്വാർത്ഥത്തിനു മരിക്കുന്നതു കൊണ്ടും മാത്രമല്ല ഞാൻ ദൈവികജീവൻ പ്രാപിക്കുന്നത്. പിന്നെയും നമുക്ക് ലഭിക്കാത്ത ഒരംശം അവശേഷിക്കുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയിലെ സഹവിശ്വാസികളുമായിട്ടുള്ള കൂട്ടായ്മ കൊണ്ടു മാത്രമേ അത് എനിക്കു ലഭിക്കയുള്ളു. ഞാൻ ഇഷ്ടപ്പെടുകയും അഭിനന്ദിക്കുകയും ചെയ്യുന്ന സഹവിശ്വാസികൾ മാത്രമല്ല, ഇവിടെ എനിക്കാവശ്യമായിട്ടുള്ളത്. പിന്നെയോ എന്റെ ഭൗമികജീവിതകാലത്ത് ഞാനുമായി ബന്ധപ്പെടുവാൻ ദൈവം ഇടയാക്കുന്ന എല്ലാ വിശ്വാസികളും ഈ ലക്ഷ്യപ്രാപ്തിക്കാവശ്യമാണ്. അവരിൽ ഒരാളെയെങ്കിലും ഞാൻ തള്ളിക്കളയുന്നുവെങ്കിൽ അയാളിൽ കൂടി എനിക്കവകാശമായി ലഭിക്കേണ്ട ക്രിസ്തുവിന്റെ ജീവന്റെ ഒരു ഭാഗമാണ് ഞാൻ തള്ളിക്കളയുന്നത്. വളരെ ഉയർന്ന കഴിവുള്ളവരെങ്കിലും ഒറ്റ തിരിഞ്ഞു ജീവിക്കുന്ന പല വിശ്വാസികളുടെയും ആത്മിയദാരിദ്ര്യത്തിന്റെ കാരണം ഇവിടെ നമുക്കു കാണുവാൻ കഴിയും. ക്രിസ്തുവിന്റെ ശരീരത്തിൽ നാമന്യോന്യം കീഴ്പ്പെട്ടിരിക്കേണ്ട വിധത്തെപ്പറ്റി അവർക്കറിയില്ല. ക്രിസ്തുവിന്റെ ശരീരത്തിൽ നമുക്ക് പരസ്പരമുള്ള ഏകീഭാവത്തെ പ്രാപിക്കുമ്പോൾ മാത്രമേ ഞാൻ ജീവിതത്തിന്റെ പൂർണ്ണതയിൽ എത്തിച്ചേരുകയുള്ളു. നമ്മുടെ സഹവിശ്വാസികളെ എത്രയ്ക്കു കൂടുതൽ വിലപ്പെട്ടവരായി നാം കണക്കാക്കുന്നുവോ അത്രയ്ക്കു കൂടുതൽ ആത്മീയസമ്പത്തുകൾ നമുക്കു നൽകുവാൻ ദൈവത്തിനു കഴിയും.

മേലുദ്ധരിച്ച വാക്യത്തിൽ **നാൾ തോറും** അന്യോന്യം പ്രബോധിപ്പിക്കുവാനുള്ള കല്പനയാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. പ്രബോധിപ്പിക്കുക എന്നു വച്ചാൽ ഉത്സാഹിപ്പിക്കുക, വെല്ലുവിളിക്കുക, അഭ്യർത്ഥിക്കുക, ആശ്വസിപ്പിക്കുക, താക്കീതു നൽകുക, ബലപ്പെടുത്തുക, ഗുണദോഷിക്കുക, സഹായിക്കുക, പ്രേരിപ്പിക്കുക, ഉപദേശിക്കുക, മുന്നോട്ടു തള്ളിവിടുക എന്നീ അർത്ഥങ്ങളെല്ലാം അതിൽ ഉൾപ്പെടുന്നു. നാമെല്ലാവരും ഗൗരവമായിട്ടെടുക്കേണ്ട ഒരു കല്പനയാണ് ഈ വചനത്തിൽ കാണുന്നത്. ഉൽസാഹിപ്പിക്കുക എന്നർത്ഥമുള്ള ഗ്രീക്കുപദത്തിന് മുമ്പോട്ട് തള്ളിവിടുക എന്നാണർത്ഥം. ഓരോ ദിവസവും ഏതെങ്കിലും ഒരാളെ മുമ്പോട്ട് തള്ളി വിടാൻ ഞാൻ ബാധ്യസ്ഥനാണ്. അത് ഒരു പ്രോത്സാഹനവാക്കു കൊണ്ടോ, ഒരു താക്കീതു കൊണ്ടോ, ആശ്വാസവചനം കൊണ്ടോ, സഹായം, ഉപദേശം എന്നിവ കൊണ്ടോ ആകാം. അതു പോലെ തന്നെ ശരീരാംഗങ്ങളായ മറ്റുള്ളവരാൽ മുന്നോട്ടു തള്ളിവിടപ്പെടേണ്ട ആവശ്യം എനിക്കുമുണ്ട്. ഇതു മനസ്സിലാക്കുവാൻ തക്കവണ്ണം താഴ്മയുള്ളവനും കൂടിയായിരിക്കണം ഞാൻ. അപ്പോൾ പാപത്തിന്റെ ചതിയാൽ കഠിനപ്പെടാനിടയാകാതെ അന്യോന്യം സഹായിക്കുവാൻ നമുക്കു സാധിക്കും. സഭയിലെ എല്ലാ മീറ്റിംഗുകളുടെയും ഉദ്ദേശ്യം ഇതായിരിക്കണം. ഇടദിവസങ്ങളിൽ നാം അന്യോന്യം ഭവനങ്ങൾ സന്ദർശിക്കുമ്പോഴോ മറ്റ് എവിടെ വച്ചെങ്കിലും കണ്ടുമുട്ടുമ്പോഴോ നാം ചെയ്യേണ്ടതും ഇതു തന്നെ. ഭാര്യാഭർത്താക്കന്മാർ ദിവസം തോറും അന്യോന്യം പ്രോത്സാഹിപ്പിക്കണം. ഓരോ ദിവസവും മറ്റുള്ളവരെ ആത്മീയമായി മുന്നോട്ട് തള്ളിവിടുവാനുള്ള ഈ വെല്ലുവിളി സ്വീകരിക്കുവാൻ പ്രേരണ ലഭിച്ചിട്ടുള്ളവർ ഭാഗ്യവാന്മാർ തന്നെ. ഇങ്ങനെ നാം മറ്റുള്ളവർക്ക് ജലം ഒഴിച്ചു കൊടുക്കുമ്പോൾ നമ്മുടെ സഹവിശ്വാസികളിലൂടെ കർത്താവ് നമുക്കും ജീവജലം പകർന്നു തരുന്ന അനുഭവം ഉണ്ടാകും.(സദൃ.11:25).

ആത്മീയമായ പുതുക്കവും വിശുദ്ധീകരണവും പ്രാപിക്കുവാൻ നാമെല്ലാവരും ശ്രദ്ധിക്കേണ്ട **മൂന്നു നിയമങ്ങൾ** ഇവ തന്നെ.

( അവസാനിച്ചു) ○

സന്ദേശം

# നിങ്ങൾ സേവിക്കുന്നത് ദൈവത്തെയോ വിഗ്രഹങ്ങളെയോ?

ചാൾസ് ജി ഫിന്നി

അവർ യഹോവയെ ഭജിക്കയും.........സ്വന്ത ദേവന്മാരെ സേവിക്കയും ചെയ്തുപോന്നു.(2രാജാ.17:33)

അശ്ശൂർ രാജാവ് യിസ്രായേലിലെ പത്തു ഗോത്രങ്ങളെ പിടിച്ചുകൊണ്ട് പോയതിനു ശേഷം വിഗ്രഹാരാധികളായ വിവിധ ജാതികളെ യിസ്രായേൽ ദേശത്തു കൊണ്ടുവന്ന് പാർപ്പിക്കുകയുണ്ടായി. ഈ ജാതികൾ യഹൂദമതത്തെപ്പറ്റി യാതൊരു അറിവും ഇല്ലാത്തവരായിരുന്നു. വളരെ വേഗത്തിൽ ദേശത്ത് വന്യമൃഗങ്ങൾ പെരുകുകയും സിംഹങ്ങൾ നിരവധി ആളുകളെ നശിപ്പിക്കുകയും ചെയ്തു. യിസ്രായേൽ ദേശത്തിലെ ദൈവത്തെ അറിയാതെ അവനെ കോപിപ്പിച്ചതിനാലാകാം ഇങ്ങനെ സംഭവിക്കുന്നത് എന്നവർ വിചാരിച്ചു. ഇങ്ങനെ അവർ യിസ്രായേൽ രാജാവിനെ സങ്കടം ബോധിപ്പിക്കുകയും രാജാവ് തങ്ങളുടെ ദൈവത്തെ ഭജിക്കേണ്ട വിധം പറഞ്ഞുകൊടുക്കാൻ ഒരു പുരോഹിതനെ യിസ്രായേൽ മക്കളിൽനിന്ന് കൊണ്ടുപോകാൻ നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് ഒരു പുരോഹിതൻ ബെഥേലിലേക്ക് വരികയും അവിടെ യിസ്രായേൽ ജനത്തിന്റെ നടുവിൽ നിലവിലിരുന്ന ആചാരങ്ങളും ആരാധനാക്രമങ്ങളും ഈ ജാതിയെ പഠിപ്പിക്കുകയും ചെയ്തു. അവൻ ആ ദേശത്ത് മുമ്പ് ആരാധിച്ചുവന്ന യഹോവയെ ഭയപ്പെടുവാൻ അവരെ പഠിപ്പിച്ചു. എന്നാൽ യഹോവയെ ഏകദൈവമായി അവർ അംഗീകരിച്ചില്ല. യഹോവയെ അവർ ഭയപ്പെട്ടത് അവന്റെ ന്യായവിധിയും കോപവും ഒഴിവാക്കാൻ മാത്രമായിരുന്നു. അതിനായി യഥാവിധി വേണ്ട ആചാരങ്ങൾ അനുഷ്ഠിക്കയും ചെയ്തുവന്നു. എന്നാൽ അവർ തങ്ങളുടെ ദേവന്മാരെ സേവിക്കുന്ന കാര്യത്തിൽ നിന്നും പിന്തിരിഞ്ഞില്ല. യഹോവയെ അവർ വന്നുപാർക്കുന്ന ദേശത്തെ ദൈവമായി വണങ്ങിവന്നെങ്കിലും, ജാതികൾ അവരുടെ വിഗ്രഹാരാധന അധികം ഇഷ്ടപ്പെട്ടുപോന്നു.

ഇന്നും അനേകം ആളുകൾ ഒരളവിലുള്ള ദൈവഭയം കാണിക്കുമ്പോൾ തന്നേ സ്വന്തദേവന്മാരെ സേവിക്കുന്നതിൽ വളരെ ജാഗ്രത കാണിക്കുന്നവരാണ്. അവരുടെ ഹൃദയം പരമമായി എന്തിനർപ്പിക്കപ്പെട്ടിരിക്കുന്നുവോ അവരുടെ ആശ്രയം ഏതിൽ വച്ചിരിക്കുന്നുവോ ഇതത്രേ ആ സ്വന്ത ദേവന്മാർ.

**സ്വാർത്ഥതയിലും ബന്ധനത്തിലുമുള്ള ദൈവസേവ**

രണ്ടു വിധത്തിൽ ദൈവത്തെ ഭയപ്പെടുവാൻ കഴിയും. സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടതും ജ്ഞാനത്തിന്റെ ആരംഭവുമായ ഒരു ദൈവഭയമുണ്ട്. തികച്ചും സ്വാർത്ഥപരവും തിന്മ ഭവിക്കുമോ എന്ന ഭയത്തിൽ നിന്നും ഉടലെടുക്കുന്നതുമായ ദാസ്യത്തിന്റെ മറ്റൊരു ദൈവഭയവുമുണ്ട്. മുകളിൽ പ്രസ്താവിച്ച ജാതികളിൽ വ്യാപരിച്ചിരുന്നത് രണ്ടാമത് പറഞ്ഞ തരത്തിലുള്ള







തീ പിടിച്ച ഒരു വീട്ടിൽ നിന്നു വസ്തുവകകൾ രക്ഷപെടുത്താൻ ശ്രമിക്കുന്നവരെ കുറ്റം പറഞ്ഞും മറ്റു കാര്യങ്ങൾ സംസാരിച്ച് അവരുടെ ശ്രദ്ധ തിരിച്ചും തടസ്സപ്പെടുത്തുന്ന ആളുകളെപ്പോലെയാണ് സഭയിൽ പലരും. യഥാർത്ഥത്തിലുള്ള ദൈവവേല ചെയ്യാൻ ആഗ്രഹിക്കുന്നവരെ പിന്മാറ്റവും തടസ്സവാദങ്ങളും കൊണ്ട് തടസ്സപ്പെടുത്തുന്നവർ ധാരാളമാണ്.

ഭയമായിരുന്നു. യഹോവയെ ആരാധിക്കാനും ചില അനുഷ്ഠാനങ്ങൾക്കായി തയ്യാറാകാനും അവരെ പ്രേരിപ്പിച്ചത് ശിക്ഷാഭയമായിരുന്നു. ഇത്തരത്തിലുള്ളവർ തികച്ചും സ്വാർത്ഥമതികളും യഹോവയ്ക്ക് അധരസേവ നടത്തുമ്പോഴും സ്വന്തദൈവങ്ങളെ സേവിക്കുന്നവരുമാണ്.

ഒരു വ്യക്തിയെ സേവിക്കയെന്നത് ആ വ്യക്തിയുടെ ഹിതത്തെ അനുസരിക്കുകയും ആ വ്യക്തിയുടെ താത്പര്യങ്ങൾക്കായി സ്വയം സമർപ്പിക്കുകയും ചെയ്യുന്നതാണ്. ദൈവത്തെ സേവിക്കുക എന്നുവച്ചാൽ ക്രിസ്തീയ മാർഗ്ഗം ജീവിതത്തിന്റെ ഏറ്റവും പ്രധാനമായ കാര്യമായി എടുക്കുക എന്നതാണ്. ഒരുവന്റെ മുഴുവ്യക്തിത്വവും-ഹൃദയവും ജീവിതവും കഴിവുകളും സമയവും സ്വാധീനവും എല്ലാംതന്നെ-ദൈവരാജ്യത്തിനും ദൈവമഹത്വത്തിനുമായി വിനിയോഗിക്കുക എന്നതാണ്. ദൈവത്തെ ഭയപ്പെടുകയും അതേസമയം സ്വന്തദൈവങ്ങളെ സേവിക്കുകയും ചെയ്യുന്നവർ ആരാണ്? തന്റെ സ്വന്ത ജീവിതവും സകല സമ്പത്തും ത്യജിക്കുകയും അവ കർത്താവിനായി ഏല്പിച്ചുകൊടുക്കുകയും ചെയ്തിട്ടില്ലാത്തവൻ തന്നെ. ഒരു വലിയ വ്യാപാരിക്കുവേണ്ടി ജോലി ചെയ്യാൻ കരാറിലേർപ്പെട്ട ഒരു ഗുമസ്തൻ തന്റെ സ്വന്ത വ്യാപാരം തുടരുന്നു എന്നു കരുതുക. തനിക്കു ശമ്പളം നൽകുന്ന വ്യാപാരിക്ക് ആവശ്യമുള്ള ജോലി ചെയ്യാൻ ആവശ്യപ്പെടുമ്പോൾ അവൻ പറയുന്നത് 'എനിക്ക് സ്വന്ത വ്യാപാരകാര്യങ്ങൾ നോക്കാൻ തന്നെ സമയം തികയുന്നില്ല' എന്നായിരിക്കും. അവൻ തന്റെ യജമാനനെ അല്ല സേവിക്കുന്നതെന്ന് വ്യക്തം. അവന്റെ സമയത്തിനായി മറ്റൊരുവൻ ശമ്പളം നൽകുന്നു എങ്കിലും അവൻ തന്നെത്തന്നെ സേവിക്കുകയാകുന്നു.

ഒരുവൻ ചിന്തയിൽ മാത്രമല്ല പ്രവൃത്തിയിലും തന്റെ ഉടമസ്ഥാവകാശം ദൈവത്തിന് ഏല്പിച്ചിട്ടില്ലെങ്കിൽ അവൻ ക്രിസ്തീയജീവിത

ത്തിലെ ഒന്നാമത്തെ ചുവട് വച്ചിട്ടില്ല. അവൻ ദൈവത്തെയല്ല സ്വന്തദൈവങ്ങളെയാണ് സേവിക്കുന്നത്. ഒരുവൻ തന്റെ വ്യാപാരം തന്റെ ക്രിസ്തീയജീവിതത്തിന്റെ ഭാഗമാക്കുന്നില്ലെങ്കിൽ അവൻ ദൈവത്തെയല്ല സേവിക്കുന്നത്. ചിലർ പറയും ദിവസം മുഴുവൻ അവർ സ്വന്തകാര്യങ്ങളിൽ തിരക്കിലായതിനാൽ ദൈവത്തെ സേവിക്കാൻ സമയം കിട്ടുന്നില്ലെന്ന്. അവർ കരുതുന്നത് രാവിലെ അല്പസമയം ദൈവത്തെ സേവിച്ച ശേഷം ബാക്കി സമയം ലൗകികവ്യാപാരങ്ങളിൽ ഏർപ്പെടാൻ കഴിയും എന്നാണ്. അവർ ദൈവത്തെ സേവിക്കുന്നേയില്ല. അങ്ങനെ വിചാരിക്കുന്നതുതന്നെ ലജ്ജാകരമാണ്. രാവിലത്തെ ഭക്ഷണത്തിനുമുമ്പോ ജോലിക്കു പോകുന്നതിനു മുമ്പോ അല്പസമയം ദൈവത്തിനു കൊടുത്തിട്ട് അവരുടെ സ്വന്ത വഴിക്ക് തിരിയുന്നവരാണ് ഈ കൂട്ടർ. രാവിലെയും വൈകിട്ടും പ്രാർത്ഥിക്കാൻ മാത്രം അവരെ പ്രേരിപ്പിക്കുന്ന ദൈവഭയം അവർക്കുണ്ടെങ്കിലും അവർ സ്വന്തദൈവങ്ങളെത്തന്നെയാണ് സേവിക്കുന്നത്. ഇങ്ങനെയുള്ളവരുടെ മതഭക്തിയെ നോക്കി സാത്താൻ പരിഹസിക്കുന്നു. അവർ ഭക്തിപൂർവ്വം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിനായി പ്രയോജനപ്പെടേണ്ട സ്ഥാനത്ത് അവരെത്തന്നെ സേവിക്കുകയാണ് ചെയ്യുന്നത്. ഈ സംവിധാനത്തിൽ വിഗ്രഹങ്ങൾ സംതൃപ്തരാണെങ്കിലും ദൈവം ഒട്ടും പ്രസാദിക്കുന്നില്ല. നിങ്ങളിൽ മിക്കവരും നിങ്ങളുടെ സ്വാർത്ഥതയ്ക്ക് തടസ്സം വരുത്താത്ത ചില ജീവകാരുണ്യപ്രവർത്തനങ്ങളിൽ മതഭക്തിയെ ഒതുക്കിനിർത്തിയിരിക്കുകയാണ്. നിങ്ങൾ കാലത്ത് കുടുംബാംഗങ്ങളോടൊത്ത് പ്രാർത്ഥിക്കാൻ സമയം എടുക്കുന്നത് സൗകര്യപ്രദമായി അതു ചെയ്യാൻ സൗകര്യമുള്ളതു കൊണ്ടുമാത്രമാണ്. എന്നാൽ ഈ പ്രാർത്ഥന സ്വന്ത വിഗ്രഹങ്ങളെ സേവിക്കുന്നതിനോ ലോകത്തിൽ ധനം സമ്പാദിച്ച് ലോകസുഖങ്ങൾ ആസ്വദിക്കുന്നതിനോ നിങ്ങൾക്കൊരു തടസ്സവും വരുത്താൻ നിങ്ങൾ അനുവദിക്കയില്ല. യഹോവയെ സേവിക്കുന്ന കാര്യത്തിൽ നിങ്ങൾ ചെലവഴിക്കുന്ന സമയത്തെക്കുറിച്ച് നിങ്ങൾ സേവിക്കുന്ന സ്വന്തവിഗ്രഹങ്ങൾ യാതൊരു പരാതിയും പറയുകയുമില്ല!

### ഞായറാഴ്ച ക്രിസ്ത്യാനികൾ

ആഴ്ചയിലെ ഞായറാഴ്ചയൊഴികെ ആറു ദിവസങ്ങളും മനുഷ്യന് സ്വന്തമായ സമയവും ഞായറാഴ്ച മാത്രം ദൈവത്തിനുള്ള സമയവുമാണെന്ന് ധരിച്ചിരിക്കുന്ന നിരവധി ആളുകളുണ്ട്. ഞായറാഴ്ച ഒരു ദിവസം മാത്രം ദൈവത്തെ സേവിച്ചാൽ ബാക്കി ആറു ദിവസങ്ങളും സ്വന്തഇഷ്ടപ്രകാരം ജോലി ചെയ്യാനും സ്വന്ത താത്പര്യങ്ങൾ സംരക്ഷിക്കാനും അവർക്ക് അവകാശമുണ്ടെന്ന് ഈ കൂട്ടർ വിശ്വസിക്കുന്നു. നിങ്ങളും ഇങ്ങനെ ചിന്തിക്കുന്നവരാണെങ്കിൽ ദൈവത്തെ സേവിക്കുന്നേയില്ല. ആറു ദിവസം നിങ്ങൾ സ്വാർത്ഥരാണെങ്കിൽ നിങ്ങൾ മുഴുവനും സ്വാർത്ഥർ തന്നേ! ഞായറാഴ്ച മാത്രം മാനസാന്തര അനുഭവവും മറ്റു ദിവസങ്ങളിൽ മറിച്ചും ജീവിക്കുന്നവർ ചിന്തിക്കണം, ഞായറാഴ്ച മാത്രമോ ദൈവത്തെ സേവിക്കാനുള്ള ദിവസം? തന്റെ പ്രവൃത്തി മുമ്പോട്ട് കൊണ്ടുപോകാൻ ദൈവം നിന്റെ ഞായറാഴ്ചത്തെ സേവനം പ്രതീക്ഷിക്കുന്നുവോ? ആഴ്ചയിൽ ഏഴു ദിവസവും നിങ്ങൾ ദൈവത്തെ സേവിക്കുന്നവരാകണം. സുവിശേഷത്തിന്റെ വ്യാപ്തിക്കായി ദൈവം ഭൗമികവസ്തുക്കളെ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നതിനാൽ ആറു ദിവസത്തെ നിന്റെ ജോലിയും ഞായറാഴ്ചത്തെ ആരാധനപോലെതന്നെ





പ്രധാനപ്പെട്ട കാര്യമാണ്.

തിങ്കളാഴ്ചദിവസം കൂടുതൽ സൗകര്യത്തിന് എടുക്കാൻ നിനക്ക് അവകാശമില്ല. ഞായറാഴ്ചയൊഴികെയുള്ള ദിവസങ്ങൾ നിങ്ങളുടെ സ്വന്തമാണെന്ന് നിങ്ങൾ വിചാരിച്ചെങ്കിൽ നിങ്ങളുടെ സ്വാർത്ഥതയുടെ ആധിക്യംആണ് അത് സൂചിപ്പിക്കുന്നത്. ഞായറാഴ്ച കാലത്തുള്ള നിന്റെ പ്രാർത്ഥന ദൈവത്തിന് പ്രസാദകരമാകണമെങ്കിൽ ദൈവത്തെ സേവിക്കുന്നതിന്റെ അടിസ്ഥാനതത്വം നീ മനസ്സിലാക്കിയിരിക്കണം. സ്വന്തവിഗ്രഹങ്ങളെ സേവിക്കുന്നവർ സ്വന്ത സുഖസൗകര്യങ്ങളെ ദൈവികസേവയ്ക്കായി അല്പമെങ്കിലും ത്യജിക്കാൻ വിമുഖരായിരിക്കും. ഒരുവൻ ലൗകികമായ ഒരു തൊഴിലിൽ പ്രവേശിക്കുമ്പോൾപോലും തന്റെ യജമാനനായി സ്വന്തസുഖസൗകര്യങ്ങൾ എത്രമാത്രം ബലികഴിക്കുന്നുണ്ട്.അങ്ങനെയെങ്കിൽ യേശുവിന്റെ രാജ്യത്തേക്കാൾ സ്വന്ത സുഖസൗകര്യങ്ങൾ വിലയേറിയതായി കരുതുന്ന ഒരുവനെക്കുറിച്ച് എന്തു പറയേണ്ടു? പാപികളുടെ രക്ഷയ്ക്കായി തന്റെ കുടുംബത്തിൽ നിന്ന് രണ്ടോ മൂന്നോ മണിക്കൂർ വേർപെട്ടിരിക്കാനോ പ്രാർത്ഥിക്കാനോ അങ്ങനെയുള്ള ഒരുവന് കഴിയുകയില്ല.നിങ്ങൾ നിങ്ങളുടെ സമയവും പണവും നിർബന്ധത്താലോ പിറുപിറുപ്പോടെയോ ആണോ നല്കുന്നത്? നിങ്ങളുടെ ഒരു ഭൃത്യൻ നിങ്ങളുടെ ഏതെങ്കിലും കാര്യം നിർബന്ധത്താൽ മാത്രം ചെയ്താൽ അയാളെക്കുറിച്ചു നിങ്ങൾ എന്തു വിചാരിക്കും? പലരും വൈമനസ്യത്തോടെയും ബുദ്ധിമുട്ടിയുമാണ് ദൈവികകാര്യങ്ങളിൽ ഏർപ്പെടുന്നത്. ക്രിസ്തുവിന്റെ രാജ്യത്തേക്കാൾ സ്വന്ത കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന അവർ ദൈവത്തെ ഭയപ്പെടുന്നു എന്ന നാട്യത്തിൽ സ്വന്ത വിഗ്രഹങ്ങളെ സേവിക്കുന്നവരാണ്.

**ഞായറാഴ്ച മാത്രം മാനസാന്തര അനുഭവവും മറ്റു ദിവസങ്ങളിൽ മറിച്ചും ജീവിക്കുന്നവർ ചിന്തിക്കണം, ഞായറാഴ്ച മാത്രമോ ദൈവത്തെ സേവിക്കാനുള്ള ദിവസം? ആഴ്ചയിൽ ഏഴു ദിവസവും നിങ്ങൾ ദൈവത്തെ സേവിക്കുന്നവരാകണം. സുവിശേഷത്തിന്റെ വ്യാപ്തിക്കായി ദൈവം ഭൗമികവസ്തുക്കളെ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നതിനാൽ ആറു ദിവസത്തെ നിന്റെ ജോലിയും ഞായറാഴ്ചത്തെ ആരാധനപോലെതന്നെ പ്രധാനപ്പെട്ട കാര്യമാണ്.**

### ഒഴിവുകാലമോ യാഗമോ?

സ്വന്തമായി ധനം സ്വരൂപിച്ച് സ്വന്തകുടുംബത്തെ വേറൊരു മണ്ഡലത്തിലേക്ക് ഉയർത്തുവാൻ ലക്ഷ്യം വയ്ക്കുന്ന ഏതൊരാളും ഈ ലോകത്തെ യേശുക്രിസ്തുവിന്റെ അധീനതയിൽ കൊണ്ടുവരുന്ന ലക്ഷ്യത്തിൽ നിന്ന് ദൂരെയാണ്. അവർക്ക് സേവിക്കാൻ വേറെ ദേവന്മാരുണ്ട്. പലരും ദൈവദാസന്മാരെന്ന് ഭാവിക്കുന്നു എങ്കിലും സ്വത്ത് സമ്പാദിച്ച് സുഖപ്രദമായ ഒരു വിശ്രമജീവിതത്തിനുള്ള തയ്യാറെടുപ്പിലാണ്. നിങ്ങൾ കർത്താവിനെ സേവിക്കാൻ തുടങ്ങിയ നാളുകളിൽ കുറെ വർഷത്തെ സേവനവും പിന്നീട് ഒരു വിശ്രമജീവിതവും അവൻ വാഗ്ദാനം ചെയ്തിരുന്നോ? ഈ വിധത്തിലാണ് നിങ്ങളുടെ ഹൃദയചിന്തകൾ എങ്കിൽ നിങ്ങൾ ദൈവത്തെയല്ല സ്വന്ത അലസതയെയും സ്വാർത്ഥതയേയും ആണ് സേവിക്കുന്നത്. തങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാത്ത കാര്യങ്ങളിൽ താത്പര്യം

ഉള്ള ചിലരെ നമുക്ക് കാണാൻ കഴിയും. തികച്ചും വെറുക്കപ്പെടേണ്ട കാര്യങ്ങളിൽ കൃത്രിമമായ അഭിരുചി വളർത്തുന്നവരും ഉണ്ട്. നന്മ ചെയ്യാനുള്ള വഴിയിൽ ഈ വിധമുള്ള അഭിരുചികളെ ത്യജിക്കാൻ ഈ കൂട്ടരെ ആർക്കും സമ്മതിപ്പിക്കാനാവില്ല. ഇത്തരക്കാർ ദൈവസേവയിലാണോ മുഴുകിയിരിക്കുന്നത്? ഒരിക്കലുമല്ല. ഒരാത്മാവിനെ മരണത്തിൽ നിന്നും രക്ഷിക്കുവാനായി ചില ദുഃസ്വഭാവങ്ങൾ ത്യജിക്കാൻ മനസ്സില്ലാത്ത ഈ കൂട്ടരാണോ ദൈവരാജ്യത്തിനായി അവരുടെ ജീവൻ ബലികഴിക്കുന്നത്?

സ്വാർത്ഥതയുടെ അത്ഭുതാവഹമായ ശക്തി ഇങ്ങനെയുള്ളവരിൽ ദർശിക്കാം. ചെറിയ കാര്യങ്ങളിലാണ് സാധാരണയായി സ്വാർത്ഥത മുഖം കാണിക്കുന്നത്. സ്വന്തജീവൻ വച്ചു കൊടുക്കാൻ യോഗ്യമായ മഹത്തായ താത്പര്യങ്ങൾക്കു മുമ്പിൽ ഇത്തരം ഇടുങ്ങിയ സ്വാർത്ഥചിന്തകൾ വഴിമാറിക്കൊടുക്കാറില്ല. സ്വന്തം സ്വാർത്ഥകാര്യങ്ങൾക്ക് ഉത്സാഹം നല്കുന്ന അഭ്യർത്ഥനകൾ ആരെ കർമ്മനിരതരാക്കുന്നുവോ അവർ നിശ്ചയമായും സ്വന്തദൈവങ്ങളെയാണ് സേവിക്കുന്നത്. മിക്ക ആളുകൾക്കും കർത്താവൊഴികെ മറ്റെന്തു വിഷയങ്ങളും സംസാരിക്കാൻ വലിയ ഉത്സാഹമാണ്. രാഷ്ട്രീയമോ തത്വശാസ്ത്രമോ സംസാരിക്കാൻ ഉത്സാഹം കാണിക്കുന്നവർ ക്രിസ്ത്യാനിത്വത്തെപ്പറ്റി സംസാരിച്ചാൽ മിണ്ടാതാകുന്നു. കർത്താവല്ല അവരുടെ ഹൃദയത്തിൽ ഏറ്റവും പ്രിയപ്പെട്ട വിഷയം എന്നുള്ളത് ലൗകികകാര്യങ്ങളിലുള്ള അവരുടെ സംസാരം വ്യക്തമാക്കുന്നു.

ഹൃദയത്തിൽ ഏറ്റവും പ്രിയപ്പെട്ട വിഷയമാണ് ഒരുവന് ഉത്സാഹം പകരുന്നത്. അതിരാവിലെയും നന്നേ വൈകിയും വാർത്തകളും മറ്റു ലോകവിഷയങ്ങളും സംസാരിക്കാൻ കഴിയുന്ന ഒരാൾ കർത്താവിനെപ്പറ്റി ആവിധം ഉത്സാഹം കാണിക്കാത്തത് അവന്റെ ഹൃദയം ആ കാര്യത്തിൽ അല്ലാത്തതിനാലാണ്. ഒരുവൻ ദൈവമഹത്വത്തെക്കാളേറെ സ്വന്തമാനം അന്വേഷിക്കുന്നുവെങ്കിൽ അവന്റെ ദൈവം കർത്താവോ, അതോ താൻ തന്നെയോ? മറ്റൊരാൾ തന്നെ വിമർശിച്ചാൽ വിഷണ്ണനാകുകയും അതേസമയം വാഴ്ത്തപ്പെട്ട ദൈവത്തെ അധിക്ഷേപിക്കുന്നതു കേട്ടാൽ യാതൊരു ഭാവവ്യത്യാസവും ഇല്ലാതിരിക്കുകയും ചെയ്യുന്ന ഒരാൾ, ക്രിസ്തുനിമിത്തം ഭോഷനാകാൻ മടിക്കാത്ത പൗലൊസിന്റെ കാൽചുവടുകളിലാണോ സഞ്ചരിക്കുന്നത്? അവൻ ക്രിസ്തുവിനെ മനസ്സിലാക്കുമ്പോൾ അവനുവേണ്ടി സ്വന്തം പേര് ദുഷിക്കപ്പെടുമ്പോഴും സന്തോഷിക്കുന്നവനായിരിക്കും.

### സന്തോഷം അന്വേഷിക്കൽ

ഒരു സഭയ്ക്കു വിലയുണ്ടാകുന്നത് പാപികളുടെ രക്ഷയും, വിശ്വാസികളുടെ ശുദ്ധീകരണവും സഭയിലൂടെ നടക്കുമ്പോഴാണ്. ക്രിസ്തു സഭയെ ഭൂമിയിലാക്കിയിരിക്കുന്നതിന്റെ ഉദ്ദേശ്യം ഏവരെയും തന്നിലേക്ക് ആകർഷിക്കുന്നതിനാണ്. ഈ ദൗത്യത്തിനാണ് ദൈവം തന്റെ ദാസന്മാരെ നിയോഗിക്കുന്നത്. ഒരുവൻ ഈ കാര്യം ജീവിതത്തിലെ പ്രധാനലക്ഷ്യമായി കാണാതിരിക്കുമ്പോൾ കർത്താവിനെയല്ല സ്വന്തദൈവങ്ങളെയാണ് സേവിക്കുന്നത്.

ദൈവത്തിന് പ്രയോജനമുള്ളവരായിരിക്കുന്നതിനേക്കാൾ ഉല്ലാസം അന്വേഷിക്കുന്നവർ സ്വാർത്ഥരായ മതഭക്തരാണ്. മതപരമായ അഭ്യാസങ്ങളിലൂടെ സന്തോഷം കണ്ടെത്താൻ ശ്രമിക്കുന്ന ഇവർ മതമൊരു ഉല്ലാസദായക വസ്തുവാണെന്ന് വിചാരിക്കുന്നു. ഏറ്റവും അധികം നന്മ ചെയ്യാനുള്ള വഴിയേക്കാൾ ഏറ്റവും അധികം സന്തോഷം ലഭിക്കുന്ന സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതാണ് ഇവർക്കിഷ്ടം. നിഷ്ക്രിയരായി യോഗങ്ങളിൽ ഇരുന്ന് പ്രഭാഷണങ്ങൾ ശ്രവിക്കുന്നതിൽ ഇവർ തൃപ്തി കണ്ടെത്തുന്നു. നന്മ ചെയ്യാനുള്ള വഴികൾ ആരായുന്നതിനേക്കാൾ സന്തോഷമുള്ളവരാകാനാണ് ഇവരുടെ അന്വേഷണം. മാനസാന്തരസമയത്ത് ശൗൽ ചോദിച്ചതുപോലെ'കർത്താവേ, ഞാൻ എന്തു ചെയ്യേണം' എന്നല്ല ഇവർ ചോദിക്കുന്നത്. 'കർത്താവേ, എനിക്ക് എങ്ങനെ സന്തോഷം ലഭിക്കും' എന്നാണ്. ഈ മനോഭാവം ദൈവാത്മാവിൽ നിന്നോ? ഒരിക്കലുമല്ല. അപ്പോസ്തലനായ പൗലൊസിന്റെ ആത്മാവാണോ അത്? ദൈവത്തെ മാത്രം പ്രസാദിപ്പിക്കാൻ ആഗ്രഹിച്ച് സ്വന്തം സുഖസൗകര്യങ്ങൾ വലിച്ചെറിഞ്ഞ് അധ്വാനത്തിനായി കൈകളെ ഒരുക്കിയ പൗലൊസ് സന്തോഷമല്ല അന്വേഷിച്ചതെന്ന് വ്യക്തം.

സ്വന്തരക്ഷ ജീവിതത്തിലെ പരമമായ ലക്ഷ്യമാക്കിയിരിക്കുന്നവരും സ്വന്തദൈവങ്ങളെയാണ് സേവിക്കുന്നത്. സഭയിൽ പലരും അവരുടെ പെരുമാറ്റവും സംസാരവും കൊണ്ട് പ്രകടമാക്കുന്നത് അവരുടെ ആത്മാവിനെ സ്വർഗ്ഗീയയെറുശലേമിൽ ഭദ്രമായി എത്തിക്കുന്ന ഏകകാര്യത്തിനപ്പുറം അവർക്ക് യാതൊരു ലക്ഷ്യവും ഈ ഭൂമിയിൽ ദൈവനാമമഹത്വത്തിനായി ചെയ്യാൻ ഇല്ല എന്നാണ്. അവരുടെ ഭക്തി സ്വാർത്ഥമയമാണ്. 'സ്വന്തപ്രാണനെ സൂക്ഷിക്കുന്നവൻ അതിനെ കളയും, എന്റെ നിമിത്തം സ്വന്തപ്രാണനെ കളയുന്നവൻ അതിനെ കണ്ടെത്തും' എന്നുള്ള യേശുവിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. കർത്താവിന് യഥാർത്ഥദാസന്മാർ തുലോം കുറവാണ്. ക്രിസ്തുവിന്റെ രാജ്യത്തിന്റെ വളർച്ചയ്ക്കായി വാസ്തവമായി ദൈവസേവയിലായിരിക്കുന്ന എത്ര പേരുണ്ട് സഭയിൽ? തീ പിടിച്ച ഒരു വീട്ടിൽ നിന്നു വസ്തുവകകൾ രക്ഷപെടുത്താൻ ശ്രമിക്കുന്നവരെ കുറ്റം പറഞ്ഞും മറ്റു കാര്യങ്ങൾ സംസാരിച്ച് അവരുടെ ശ്രദ്ധ തിരിച്ചും തടസ്സപ്പെടുത്തുന്ന ആളുകളെപ്പോലെയാണ് സഭയിൽ പലരും. യഥാർത്ഥത്തിലുള്ള ദൈവവേല ചെയ്യാൻ ആഗ്രഹിക്കുന്നവരെ പിന്മാറ്റവും തടസ്സവാദങ്ങളും കൊണ്ട് തടസ്സപ്പെടുത്തുന്നവർ ധാരാളമാണ്.

വളരെ കുറച്ചു പേർക്കു മാത്രമേ പ്രാർത്ഥനയുടെ ആത്മാവുള്ളു. ലോകവ്യാപാരങ്ങളിൽ മുഴുകിക്കഴിയുന്ന ഒരുവനു ദൈവം പ്രാർത്ഥനയുടെ ആത്മാവ് കൊടുക്കുകയില്ല. അങ്ങനെ ചെയ്താൽ അവർ കൂടുതലായി സ്വന്തദൈവങ്ങളെ സേവിക്കാനായി പ്രാർത്ഥിക്കും.

### നീ എവിടെ നില്ക്കുന്നു?

ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്ന പലരും ദൈവത്തെ സേവിക്കാൻ തുടങ്ങിയിട്ടേയില്ല. അത്തരത്തിലുള്ള ഒരാളോട് ഒരുവൻ ഇങ്ങനെ ചോദിച്ചു:‘‘നിന്റെ വസ്തുവകകൾ എല്ലാം ദൈവത്തിന്റേതാണെന്നും ദൈവത്തിനായി നീ അവ സൂക്ഷിക്കുകയും കൈകാര്യം ചെയ്യുകയും മാത്രമാണെന്നും നിനക്ക് ബോധ്യം ഉണ്ടോ?” “ഞാനവിടംവരെ എത്തിയിട്ടില്ല.”എന്നായിരുന്നു അവന്റെ മറുപടി. വർഷങ്ങളായി ഒരു ക്രിസ്ത്യാനി ആണെന്നഭിമാനിച്ചിരുന്ന അയാൾ അതുവരെ തനിക്കുള്ളതെല്ലാം ദൈവത്തിന്റേതാണെന്ന് ഗ്രഹിച്ചിരുന്നില്ല. അവൻ സ്വന്തദൈവങ്ങളെ സേവിക്കുന്നവൻ തന്നെ. മേൽപറഞ്ഞ അംഗീകാരമാണ് യഥാർത്ഥക്രിസ്ത്യാനിത്വത്തിന്റെ തുടക്കം.



ജീവമൊഴികൾ

ലോകസേവയിൽ നിന്നു ദൈവസേവയിലേക്ക് തിരിയുന്നതാണ് മാനസാന്തരം. അങ്ങനെയിരിക്കെ താൻ ഒരു ദൈവദാസൻ ആണെന്നും തനിക്കുള്ളതെല്ലാം ദൈവത്തിന്റേതാണെന്നും യഥാർത്ഥത്തിൽ ഗ്രഹിച്ചിട്ടില്ലാത്ത ഈ മനുഷ്യൻ ക്രിസ്ത്യാനി ആയിട്ടില്ല. ആത്മീയകാര്യങ്ങൾ സ്വാർത്ഥലക്ഷ്യത്തോടെ ചെയ്യുന്ന ആളാണ് നിങ്ങൾ എങ്കിൽ ദൈവത്തെ നിങ്ങളുടെ ദാസനാക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. നിങ്ങളുടെ താത്പര്യങ്ങളാണ് സർവ്വപ്രധാനമെങ്കിൽ നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യത്തിലും ദൈവത്തെ കരുവാക്കി ഉപയോഗിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. നിങ്ങൾ പ്രാർത്ഥിക്കുകയും മീറ്റിംഗുകൾക്ക് പോകുകയും ക്രിസ്തീയപ്രവർത്തനങ്ങൾക്കായി പണം കൊടുക്കുകയും ചെയ്യുന്നതിന്റെ പിന്നിലെ യഥാർത്ഥ ഉദ്ദേശ്യം എന്താണ്? നിങ്ങൾ പറഞ്ഞേക്കും 'സ്വന്തരക്ഷക്കായി' എന്ന്! മറ്റു വാക്കുകളിൽ പറഞ്ഞാൽ ദൈവത്തെ മഹത്വപ്പെടുത്താനല്ല, സ്വർഗ്ഗത്തിൽ പോകാനാണ് എന്നർത്ഥം.യാതൊരു വ്യത്യാസവും വരാത്തവനായി, ലക്ഷ്യപ്രാപ്തിക്കായി പിശാചും ഇങ്ങനെ തന്നെ പ്രവർത്തിക്കും എന്ന് വിചാരിക്കുന്നില്ലേ? തന്റെ സ്വാർത്ഥതയെ സേവിക്കുവാനായി ദൈവത്തെ അന്വേഷിക്കുന്നതാണ് ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള സ്വാർത്ഥത!

നിങ്ങൾ ദൈവത്തെയോ സ്വന്തവിഗ്രഹങ്ങളെയോ സേവിക്കുന്നത്? നിന്റെ പ്രവർത്തനം കൊണ്ട് പിശാചിന്റെ സാമ്രാജ്യത്തിന് ക്ഷീണം തട്ടുന്നുണ്ടോ? ദൈവത്തിന്റെ ദാസനായിട്ടാണോ നീ ജീവിക്കുന്നത്? എന്റെ കൂടെ വരിക, പാപികൾ മാനസാന്തരപ്പെടുന്നതും പിന്മാറ്റക്കാർ തിരിച്ചുവരുന്നതും ബലഹീനനായ വിശ്വാസി ശക്തിപ്പെടുന്നതും ഞാൻ കാണിച്ചു തരാം എന്നു പറവാൻ നിനക്കു സാധിക്കുന്നുണ്ടോ? ദൈവസേവയുടെ സജീവസാക്ഷ്യം വഹിക്കാൻ നിനക്കു കഴിഞ്ഞിട്ടുണ്ടോ? അതോ, നിന്റെ പ്രതികരണം ഇങ്ങനെയായിരിക്കുമോ? "ഞാൻ എല്ലാ ഞായറാഴ്ചകളിലും മീറ്റിംഗുകൾക്ക് പോകുകയും ധാരാളം നല്ല പ്രസംഗങ്ങൾ കേൾക്കുകയും ചെയ്യുന്നുണ്ട്. പ്രാർത്ഥനാമീറ്റിംഗുകൾ മിക്കവാറും മുടക്കാതെയിരിക്കുകയും കുടുംബപ്രാർത്ഥന നടത്തുകയും ദൈവവചനം വായിക്കുകയും ചെയ്തിട്ടുണ്ട്." ഈ കാര്യങ്ങളിലെല്ലാം ഒരു കാഴ്ചക്കാരന്റെ നിർവ്വികാരതയാണ് നിന്നെ ഭരിച്ചിരുന്നത്. നീ ദൈവത്തെ ഭയപ്പെടുകയും സ്വന്തദൈവങ്ങളെ സേവിക്കുകയുമാണ് ചെയ്തത്. പക്ഷേ നിങ്ങൾ പറഞ്ഞേക്കും ഞാൻ ധാരാളം പണം സമ്പാദിച്ചിട്ടുണ്ട്, അതിന്റെ ദശാംശം ഞാൻ ദൈവത്തിനു കൊടുക്കാൻ ഉദ്ദേശിക്കുന്നു.' സ്നേഹിതാ, വഞ്ചിക്കപ്പെടരുത്. നീ ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ ഈ ഭൂമിയിൽവച്ച് നീ തന്നെ അവനായി ജീവിക്കാൻ തയ്യാറാകും- നിന്റെ പണം കൊണ്ട് അത് ചെയ്യിക്കയല്ല!

സ്വന്തനാട്ടിൽ ഒരു പാപിയോടു പോലും സുവിശേഷം പറഞ്ഞിട്ടില്ലാത്ത ഒരുവൻ മിഷനറിയായി അന്യരാജ്യത്ത് പോകുന്നതിനെക്കുറിച്ച് നാം എന്തു വിചാരിക്കും? അവൻ വാസ്തവത്തിൽ ആത്മാക്കളെ സ്നേഹിക്കുന്നുണ്ടോ? സ്വന്തസ്ഥലത്ത് ഒന്നും ചെയ്യാത്തവൻ മിഷൻസ്ഥലത്ത് പോകാൻ യോഗ്യനല്ല. ദൈവവേലയ്ക്കായി എന്ന ഭാവേന പണം സ്വരൂപിക്കയും ദൈവമഹത്വത്തിനായി ജീവിക്കുവാൻ ഉത്സാഹിക്കാതിരിക്കുകയും ചെയ്യുന്ന ഒരുവൻ തികഞ്ഞ കപടഭക്തനാണ്.





സഹോദരിമാരോട്

# ഹൃദയത്തിൽ സംഗ്രഹിക്കാം

ആച്ചിയമ്മ കുരുവിള

'ശേഷിപ്പ്' ഇന്നൊരു ആഗോള പ്രശ്നമാണ്. അതിനെ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ഇതുവരെയും ലോകം വിജയം കൈവരിച്ചിട്ടില്ല. പരീക്ഷണങ്ങളും ചർച്ചകളും ഒക്കെ തുടരുകയാണ്. വീട്ടമ്മമാരായ നാം ദിനം തോറും ഈ പ്രശ്നം അഭിമുഖീകരിക്കുന്നുണ്ട്. അധികം വരുന്ന ഭക്ഷണസാധനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന കാര്യത്തിൽ നാം എങ്ങനെ? ഈ കാര്യത്തിൽ വളരെ കരുതലോടെ നാം പ്രവർത്തിക്കേണ്ടതുണ്ട്.

നമ്മുടെ ദൈനംദിനജീവിതാനുഭവങ്ങളും നമ്മിൽ അവശേഷിപ്പിക്കുന്ന ചില ശേഷിപ്പുകൾ ഉണ്ട്. അവ നിഷേധാത്മകമോ ക്രിയാത്മകമോ എന്നത് ജീവിതാനുഭവങ്ങളോടുള്ള നമ്മുടെ പ്രതികരണത്തെ ആശ്രയിച്ചിരിക്കും.

ദൈവാനുഗ്രഹങ്ങളുടെ ശേഷിപ്പ് ശേഖരിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി മർക്കോസ്. 6:32-44വരെയുള്ള ഭാഗത്ത് നമുക്ക് കാണാൻ കഴിയും. ഇവിടെ കർത്താവിൽ നിന്ന് ഒരു അനുഗ്രഹസമൃദ്ധി ഉണ്ടാകുന്നു. അതിന്റെ ഒരു ശേഷിപ്പ് ശേഖരിക്കപ്പെടുന്നു. കർത്താവ് നിർദ്ദേശിച്ചിട്ടാവാം ശിഷ്യന്മാർ അവ ശേഖരിച്ചത്. ഒന്നും പാഴായിപ്പോകുവാൻ അവിടുന്ന് ആഗ്രഹിക്കുന്നില്ല. അഞ്ച് അപ്പവും രണ്ടു മീനും കൊണ്ട് ഒരു മഹാപുരുഷാരത്തെ തൃപ്തിപ്പെടുത്തി, ശേഷിച്ചവ പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു. മർക്കോസ് 8:1-9 വരെയുള്ള ഭാഗത്ത് യേശു ഏഴപ്പവും കുറെ ചെറിയ മീനും കൊണ്ട് മറ്റൊരു പുരുഷാരത്തെ തൃപ്തിപ്പെടുത്തിയ ശേഷവും മിച്ചമുള്ളത് ഏഴു കുട്ട നിറച്ചെടുത്തല്ലോ.

ഈ സംഭവം വിവരിച്ചിരിക്കുന്ന മർക്കോസ് 8:4 വായിച്ചാൽ നിരാശയുടെ, നിസ്സഹായതയുടെ വാക്കുകളാണ് ശിഷ്യന്മാരിൽ നിന്നുമുണ്ടാകുന്നതെന്ന് മനസ്സിലാക്കാം. കേവലം ചില ദിവസങ്ങൾക്കു മുമ്പ് അഞ്ചപ്പം കൊണ്ട് മഹാപുരുഷാരത്തെ തൃപ്തരാക്കിയത് അവർ കണ്ടതാണ്. അവരും അതിൽ നിന്നും ഭക്ഷിച്ചതാണ്. അവർ അത് വിളമ്പിയെന്നു മാത്രമല്ല ശേഷിച്ചവ ഓരോരുത്തരും ഓരോ കുട്ട വച്ച് ചുമന്നവരാണ്. പെട്ടെന്ന് പരിശോധനയുടെ മറ്റൊരു സന്ദർഭം ഉണ്ടായപ്പോൾ നിരാശരും അവിശ്വാസികളും നിസ്സഹായരുമായി അവർ തീർന്നുപോയി. മർക്കോസ് 6 ലെ അനുഭവത്തിന്റെ ശേഷിപ്പ് മർക്കോസ് 8 ലെ ശോധനയിൽ അവരെ വിശ്വാസത്തിലേക്ക് നടത്തിയില്ല. അതിന്റെ കാരണം എന്താണ്? കർത്താവുതന്നെ അവരോടു ചോദിക്കുന്നു "നിങ്ങളുടെ ഹൃദയം കഠിനമായിരിക്കുന്നുവോ? ഗ്രഹിക്കുന്നില്ലയോ?"(മർക്കോസ്8:17 -21)

ശിഷ്യന്മാർ ശേഷിപ്പ് ശേഖരിച്ചത് കേവലം കുട്ടകളിലും വട്ടികളിലുമാണ്. എന്നാൽ കർത്താവ് ആഗ്രഹിച്ചത് അവർ ആ ശേഷിപ്പ് ഹൃദയങ്ങളിൽ സംഗ്രഹിക്കണമെന്നായിരുന്നു. എങ്കിൽ മാത്രമേ പിന്നത്തേതിൽ അത് അനുഗ്രഹമായിത്തീരുകയുള്ളു. കുട്ടകളിൽ ശേഖരിക്കപ്പെടുന്നത് മറക്കാനിടയുണ്ട്.(8:14) എന്നാൽ ഹൃദയത്തിൽ ശേഖരിക്കപ്പെടുന്നത് ആഴത്തിൽ സംഗ്രഹിക്കപ്പെടുന്നതിനാൽ ഒരിക്കലും മറന്നുപോകുന്നില്ല. ശിഷ്യന്മാ

രുടെ ഹൃദയം നന്ദികേടുകൊണ്ടോ മുഷിച്ചിലുകോണ്ടോ എന്തോ കഠിനപ്പെട്ടുപോയതിനാൽ ഹൃദയത്തിൽ സംഗ്രഹിക്കുവാൻ അവർക്കു കഴിഞ്ഞില്ല.“എന്നിട്ടും ഗ്രഹിക്കുന്നില്ലയോ?” കർത്താവ് ആശ്ചര്യപ്പെടുന്നു. രണ്ടാമത്തെ സന്ദർഭത്തിൽ പുരുഷാരത്തിന് ആഹാരം നൽകേണ്ട ആവശ്യം വന്നപ്പോൾ ഒട്ടും സംശയിക്കാതെ പക്കലുള്ള ഏഴ് അപ്പം അവർ യേശുവിനെ ഏല്പിക്കേണ്ടതായിരുന്നു. പകരം അവർ ചോദിക്കുന്നു. “ഇവർക്ക് ഇവിടെ മരുഭൂമിയിൽ അപ്പം കൊടുത്ത് തൃപ്തി വരുത്താൻ എങ്ങനെ കഴിയും?”

ശിഷ്യന്മാരിലെ അവിശ്വാസം കണ്ടിട്ട് പരീശന്മാരുടെ അടയാളം അന്വേഷിക്കുന്ന അവിശ്വാസമാകുന്ന പുളിച്ചമാവിനെ സൂക്ഷിക്കുക എന്ന് യേശു അവർക്ക് മുന്നറിയിപ്പ് നല്കുന്നു.(8:15)

നാം എന്തിനുവേണ്ടിയാണ് ഈ അനുഗ്രഹങ്ങളുടെ ശേഷിപ്പ് ഹൃദയങ്ങളിൽ ശേഖരിക്കേണ്ടത്? ഒന്നാമതായി നമ്മുടെ തന്നെ അനുഗ്രഹത്തിനായി. നമ്മുടെ വിശ്വാസജീവിതത്തിൽ നമുക്ക് ശോധനകളും പോരാട്ടങ്ങളും ഏറിയേറിയാണ് വരുന്നത്. മുമ്പ് നടന്ന അനുഗ്രഹങ്ങളുടെ,വിടുതലിന്റെ, സൗഖ്യത്തിന്റെ, ശേഷിപ്പ് ഹൃദയങ്ങളിൽ സംഗ്രഹിച്ചവർ പിന്നീടുള്ള ശോധനകളിൽ പതറാതെ വിശ്വാസത്തോടെ മുന്നേറും. അവർ അടയാളം അന്വേഷിക്കാതെ വിശ്വസിക്കുന്നവരാണ്. മുമ്പത്തെ ശേഷിപ്പ് ഹൃദയങ്ങളിൽ ഒരു മായാത്ത അടയാളമായി അവർക്ക് തീർന്നിരിക്കുന്നു. പുറമേ ഒരടയാളം അവർക്കിനി ആവശ്യമില്ല.‘നാം കാഴ്ചയാലല്ല വിശ്വാസത്താൽ ജീവിക്കുന്നവർ’ ആകണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. “എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും”

രണ്ടാമതായി ശോധനയിൽപ്പെട്ട് ഉഴലുന്ന മറ്റുള്ളവരെ ധൈര്യപ്പെടുത്തുവാനും വിശ്വാസത്തിൽ ഉറപ്പിക്കാനും നമ്മുടെ ശേഷിപ്പ് സഹായകമാകും.

അനുഗ്രഹങ്ങളുടെ ശേഷിപ്പ് മാത്രമല്ല നാം ശേഖരിക്കേണ്ടത്. കഷ്ടതകളുടെയും വീഴ്ചകളുടെയും പരാജയങ്ങളുടെയും ശേഷിപ്പ് നാം ഹൃദയത്തിൽ സംഗ്രഹിക്കണം. അതും നമ്മുടെതന്നെയും മറ്റുള്ളവരുടെയും അനുഗ്രഹത്തിനായി ഉപയോഗിക്കാം.(2കൊരി.1:6,7)

നമ്മുടെ അനുഗ്രഹങ്ങളുടെ ശേഷിപ്പും കഷ്ടതകളുടെ ശേഷിപ്പും മറ്റുള്ളവരുടെ അനുഗ്രഹത്തിനായി പ്രയോജനപ്പെടുത്തുവാൻ നമുക്ക് സന്തോഷമായിരിക്കും. എന്നാൽ നമ്മുടെ വീഴ്ചകളുടെ, പരാജയങ്ങളുടെ, പിൻമാറ്റത്തിന്റെ ലജ്ജയുളവാക്കുന്ന ശേഷിപ്പ് ഹൃദയത്തിൽ സംഗ്രഹിക്കാനും മറ്റുള്ളവരുടെ അനുഗ്രഹത്തിനായി അവയും പ്രയോജനപ്പെടുത്താനും നാം സന്നദ്ധരാണോ?

ശമര്യാക്കാരത്തി സ്ത്രീ അവളുടെ വീഴ്ചകളുടെ, പരാജയങ്ങളുടെ ശേഷിപ്പ് ലജ്ജിക്കാതെ ഹൃദയത്തിൽ ശേഖരിച്ചു.അത് ഒരു പട്ടണത്തിന്റെ മാനസാന്തരത്തിന്, രക്ഷയ്ക്ക് കാരണമായി. പാപിനിയായ മറ്റൊരുവൾ അവളുടെ വീഴ്ചയുടെ ശേഷിപ്പ് ഹൃദയത്തിൽ ശേഖരിച്ചു. അത് അവൾ കടന്നുചെന്ന വീട് മുഴുവൻ നിറയുന്ന പരിമളമായിത്തീർന്നു. ഭൂതബാധിതയായിരുന്ന മഗ്ദലക്കാരത്തി മറിയ അവളുടെ വീഴ്ചകളുടെ ശേഷിപ്പ് ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. അത് അവളെ നന്ദിയുള്ളവളും താഴ്മയുള്ളവളും ധൈര്യമുള്ളവളും ആക്കിത്തീർത്തു. ഉയിർത്തെഴുന്നേറ്റ യേശുവിനെ ആദ്യം കാണാനും അവൾക്ക് ഭാഗ്യം ലഭിച്ചു.

നാം ഏതുവിധം നമ്മുടെ ശേഷിപ്പുകളെ ശേഖരിക്കുന്നു? ഒട്ടും പാഴാക്കാതെ അവയെ ഹൃദയങ്ങളിൽ ശേഖരിക്കുന്നുവോ? അവ നമ്മെ വിശ്വാസം പ്രത്യാശ, ധൈര്യം എന്നിവ ഉള്ളവരാക്കുന്നുവോ? അടയാളം അന്വേഷിക്കാതെ വിശ്വസിക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ? അവ നമ്മെ താഴ്മയിലേക്കും മറ്റുള്ളവരെ വിധിക്കാതെ, അവരെക്കുറിച്ചു സകലതും പ്രത്യാശിക്കാനുള്ള മനോഭാവത്തിലേക്കും നടത്തുന്നുണ്ടോ?

യിസ്രായേൽമക്കളെപ്പോലെ ഓരോ സന്ദർഭത്തിലും ദൈവത്തിന്റെ വേറിട്ട ‘പ്രവൃത്തി’കൾ കാണാൻ നാം കാത്തിരിക്കരുത്. പകരം മോശയെപ്പോലെ ദൈവത്തിന്റെ ‘പ്രവൃത്തി’കളെ കൂട്ടിയിണക്കി അവന്റെ വഴികളെ അറിയുന്നവരായിത്തീരാം(സങ്കീ.103:7). അവൻ നമ്മുടെ മേൽ ചൊരിയുന്ന കൃപ നമുക്ക് ഒട്ടും പാഴാക്കാതെയിരിക്കാം. കർത്താവിന്റെ അമ്മ മറിയയെപ്പോലെ സകലവും ഹൃദയത്തിൽ സംഗ്രഹിക്കാം.

●

# Emergency Telephone Numbers

**These are more effective than the police hotline**

**When-**

You are sad, phone John 14
You have sined, phone Psalm 51
You are facing danger,
phone psalm 91
People have failed you, phone
Psalm 27
It feels as God is far from you,
phone Psalm 139
You are alone and scared, phone
Psalm 23
You are worried,
phone Mattew 8:23-34
You are hurt and critical,
phone 1 Cor..13
You wonder about Christianity,
phone 2 Cor.5:15-18
You feel like an outcast,
phone Rom.8:31-39
You are seeking peace,
phone Matt.11:25-30
It feels as if world is bigger than
God, phone Psalm 90
You need Christ like insurance,
phone Rom.8:1-30
You are leaving home for a trip,
phone Psalm 121
You are praying for yourself,
phone Psalm 87
You require courage for a task,
phone Joshua 1
Inflations and investments hogging
your thought,
phone Mark.10:17-31
You are depressive,
phone psalm 27
Your bank account is empty,
phone Psalm 37
You lose faith in mankind,
phone 1Cor. 13
It looks like people are unfriendly,
phone John 15
You are losing hope,
phone Psalm 126
You feel the world is small compared to you,
phone Psalm 19
You want to carry fruit,
phone John 15
Paul's secret for happiness,
phone Col.3:12-17
With big opportunity/discovery,
phone Issaiah 55
To get along with other people ,
phone Romans 12

ALL THESE NUMBERS MAY BE PHONED DIRECTLY.
NO OPERATOR ASSISTANCE IS NECESSARY.
ALL LINES TO HEAVEN ARE AVAILABLE 24 HOURS A DAY.

# നല്ല ആശയങ്ങളും ദൈവിക ആലോചനയും

പാട്രിക് മോർലി

പത്രോസ് യേശുവിനോടു പറഞ്ഞു:"ഗുരോ, നാം ഇവിടെ ഇരിക്കുന്നത് നല്ലത്. നിനക്ക് സമ്മതമെങ്കിൽ ഞങ്ങൾ മൂന്ന് കുടിൽ ഉണ്ടാക്കാം; ഒന്ന് നിനക്ക്, ഒന്ന് മോശയ്ക്ക്, ഒന്ന് ഏലിയാവിന്"(മത്തായി17:4).

ക്രിസ്തീയജീവിതത്തിൽ ഒരു നല്ല ആശയത്തോട് തിടുക്കത്തിൽ, ആവേശത്തോടെ പ്രതികരിക്കാനുള്ള പ്രവണത സ്വാഭാവികമാണ്. എല്ലാ നല്ല ആശയങ്ങളും ദൈവത്തിൽ നിന്നാകണമെന്നില്ല. ചിലപ്പോൾ ദൈവികആലോചനയ്ക്ക് നല്ല ആശയങ്ങൾ തടസ്സമായിത്തീരാറുണ്ട്.

നിങ്ങളുടെ പ്രചോദനം എവിടെനിന്നു വരുന്നു? തേജസ്കരിക്കപ്പെട്ട യേശുവിന്റെ ദർശനം പത്രോസിനെ മുകളിൽ ഉദ്ധരിച്ച വാക്കുകൾ സംസാരിക്കാൻ പ്രേരിപ്പിച്ചു. കർത്താവിനു വേണ്ടി എന്തെങ്കിലും നല്ല കാര്യം ചെയ്യണം എന്നാണ് നമ്മുടെ സ്വാഭാവിക താത്പര്യം. ദൈവത്തിനായി എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യാൻ നാം പദ്ധതിയിടുകയും അത് ദൈവത്തോട് സൂചിപ്പിക്കുകയും ചെയ്യുന്നു. സദുദ്ദേശ്യത്തോടെ ചിന്തിക്കുന്നവർ തന്നെ ഏതെങ്കിലും ഒരു നല്ല ആശയം നിവർത്തിക്കുവാൻ പദ്ധതി തയ്യാറാക്കുകയും ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ്. "യേശുവേ ഇതെന്റെ പദ്ധതിയാണ്. ഇത് നല്ലൊരു പദ്ധതിയാണ്;ഇത് ആരെയും വേദനിപ്പിക്കുന്നതല്ല; അങ്ങയെ പ്രസാദിപ്പിക്കുകയാണ് എന്റെ ആഗ്രഹം. കർത്താവേ, ദയവായി എന്റെ പദ്ധതിയെ അനുഗ്രഹിച്ചാലും." ആദ്യം പദ്ധതി തയ്യാറാക്കുക, പിന്നീട് പ്രാർത്ഥിക്കുക; ഇതാണ് സാധാരണ ശൈലി.

നമ്മുടെ മിക്ക ആശയങ്ങളും എടുത്തുചാട്ടസ്വഭാവം ഉള്ളവയത്രേ. നാം ചെയ്യാൻ കർത്താവ് ആഗ്രഹിക്കുന്ന കാര്യങ്ങളേയല്ല അവ. അവിടുത്തെ ഒട്ടും ബാധിക്കാത്ത വിഷയങ്ങളാണ് നമ്മുടെ ആശയങ്ങൾ മിക്കപ്പോഴും. നമുക്ക് നല്ല ആശയങ്ങളുണ്ട്; പക്ഷേ അത് ദൈവത്തിന്റെ ആശയങ്ങൾ അല്ല. ദൈവത്തിന്റെയും നമ്മുടെയും കാര്യപരിപാടികൾ തമ്മിൽ സംഘർഷം ഉണ്ടാകുന്നു. നമ്മുടെ ആഗ്രഹം കർത്താവിന് ഒരു കുടിൽ കെട്ടുവാനാണ്; എന്നാൽ അതല്ല കർത്താവ് ആഗ്രഹിക്കുന്നത്. പത്രോസ് സംസാരിക്കുമ്പോൾ തന്നെ ഒരു പ്രകാശമാനമായ മേഘം അവരെ മൂടി എന്നു നാം വായിക്കുന്നു(മത്താ.17:5). പത്രോസിന്റെ സാന്നിധ്യത്തെ അവഗണിക്കുന്ന മട്ടിൽ ദൈവം സംസാരിക്കുന്നു. പത്രോസിന്റെ ആശയം തിടുക്കത്തിലുള്ളതായിരുന്നതിനാൽ പറയുന്നതു പൂർത്തിയാക്കാൻ പോലും ദൈവം അനുവദിക്കുന്നില്ല.

പത്രോസും യാക്കോബും യോഹന്നാനും ദൈവശബ്ദം കേട്ടപ്പോൾ ഭയചകിതരായി നിലത്തുവീണു(മത്താ.17:6). സ്വയം കണ്ടുപിടിച്ച ആ നല്ല പുത്തൻ ആശയം അവർ ഉപേക്ഷിക്കുന്നു. തേജസ്കരിക്കപ്പെട്ട യേശുവിന്റെ സാന്നിധ്യവും അവിടുത്തെ വിശുദ്ധിയും സ്വർഗ്ഗത്തിൽ നിന്നുള്ള വാക്കുകളും അവരെ സുബോധത്തിലേക്ക് മടക്കി





**ഞാനും നിങ്ങളും നമ്മുടെ നല്ല ആശയങ്ങൾ വിട്ട് കർത്താവിന്റെ മുമ്പാകെ വീഴുമെങ്കിൽ അവിടുന്നു വന്ന് നമ്മെയും സ്പർശിക്കും. നാം നമ്മുടെ പദ്ധതികളുമായി മുമ്പോട്ട് പോകുമ്പോൾ കർത്താവിന് നമ്മെ ഉപയോഗിക്കുവാൻ കഴിയുകയില്ല. നാം നമ്മുടെ നല്ല ആശയങ്ങൾ ഉപേക്ഷിച്ച് കർത്താവിന്റെ സന്നിധിയിൽ സാഷ്ടാംഗം വീഴുമെങ്കിൽ അവിടുന്ന് നമ്മെ വീണ്ടും ഉപയോഗിക്കും. അപ്പോൾ മാത്രം അവിടുന്ന് ചെയ്യുവാൻ പോകുന്നത്-ദൈവികആശയം-നമുക്ക് വെളിപ്പെടുത്തിത്തരും.**

ക്കൊണ്ടുവന്നു. തീവ്രമായ ശകാരത്തിലൂടെയല്ല, തന്റെ സാന്നിധ്യത്തിന്റെ മഹിമയാൽ, തന്റെ ഉജ്ജ്വലമായ മുഖദർശനത്താൽ, മാനുഷികമായ എല്ലാ ആശയങ്ങളെയും നിഷ്പ്രഭമാക്കുകയാണ് യേശു ചെയ്തത്. അവരുടെ നല്ല ആശയത്തെ ഉപേക്ഷിച്ച് അവർ യേശുവിന്റെ മുമ്പാകെ മുഖം കുനിച്ച് വീണപ്പോൾ അവരോടൊപ്പം വീണ്ടും പ്രവർത്തിക്കാൻ യേശുവിന് സാധ്യമായി. യേശു വന്ന് അവരെ തൊടുകയും,"ഭയപ്പെടേണ്ടാ എഴുന്നേൽക്ക" എന്ന് കല്പിക്കയും ചെയ്തു.(മത്താ.17:7)

ഞാനും നിങ്ങളും നമ്മുടെ നല്ല ആശയങ്ങൾ വിട്ട് കർത്താവിന്റെ മുമ്പാകെ വീഴുമെങ്കിൽ അവിടുന്നു വന്ന് നമ്മെയും സ്പർശിക്കും. നാം നമ്മുടെ പദ്ധതികളുമായി മുമ്പോട്ട് പോകുമ്പോൾ കർത്താവിന് നമ്മെ ഉപയോഗിക്കുവാൻ കഴിയുകയില്ല. നാം നമ്മുടെ നല്ല ആശയങ്ങൾ ഉപേക്ഷിച്ച് കർത്താവിന്റെ സന്നിധിയിൽ സാഷ്ടാംഗം വീഴുമെങ്കിൽ അവിടുന്ന് നമ്മെ വീണ്ടും ഉപയോഗിക്കും. അപ്പോൾ മാത്രം അവിടുന്ന് ചെയ്യുവാൻ പോകുന്നത്-ദൈവികആശയം-നമുക്ക് വെളിപ്പെടുത്തിത്തരും. അവർ മറുരൂപമലയിൽ നിന്നിറങ്ങി വന്നപ്പോൾ യേശു അവരെ ഉപദേശിച്ചു എന്ന് തുടർന്നു നാം വായിക്കുന്നു(മത്താ.17:9). പ്രാർത്ഥിക്കുക, പദ്ധതി തയ്യാറാക്കുക; അതായിരിക്കട്ടെ നമ്മുടെ ശൈലി. പ്രാർത്ഥനയിലൂടെ യേശു അവിടുത്തെ പദ്ധതി-ദൈവത്തിന്റെ ആശയം-നമുക്ക് ഉപദേശിച്ചു തരുന്നു.

ദൈവത്തിൽ നിന്നല്ലാതെ മനുഷ്യബുദ്ധിയിൽ നിന്നുദിക്കുന്ന നല്ല ആശയങ്ങളെ പ്രാർത്ഥന നീക്കിക്കളയുന്നു. അതിനാൽ ആദ്യം പ്രാർത്ഥിക്കുക, തുടർന്ന് പദ്ധതി തയ്യാറാക്കുക. സമർപ്പിതനായ ദൈവപൈതലിന്റെ ജീവിതശൈലി അതാണ്.

### പ്രാർത്ഥന:

കർത്താവേ, പദ്ധതി തയ്യാറാക്കുക, പ്രാർത്ഥിക്കുക എന്നതായിരുന്നു എന്റെ ശൈലി എന്നു ഞാൻ ഏറ്റുപറയുന്നു. അങ്ങേയ്ക്കായി നല്ല കാര്യങ്ങൾ ചെയ്യാൻ ഞാൻ ആഗ്രഹിച്ചു. അങ്ങയെ പ്രസാദിപ്പിക്കയായിരുന്നു എന്റെ ലക്ഷ്യം. അങ്ങേയ്ക്ക് ആവശ്യമില്ലാത്ത, ഒരിക്കലും ഉപയോഗിക്കാത്ത കുടിലുകൾ ഉണ്ടാക്കുകയാണ് ഞാൻ ചെയ്തത്. കഴമ്പില്ലാത്ത കാര്യങ്ങൾക്കായി ഞാൻ വിലപ്പെട്ട സമയം വളരെ പാഴാക്കി. എന്റെ ബുദ്ധിയിൽ ഉദിച്ച പദ്ധതികളെല്ലാം ഞാൻ അടിയറവയ്ക്കുന്നു; കർത്താവേ, അവയെല്ലാം ഞാൻ മറക്കുന്നു. ഇനി മേലാൽ ഞാൻ പ്രാർത്ഥിക്കും ; പിന്നീട് പദ്ധതി തയ്യാറാക്കും. പ്രാർത്ഥനയിൽ അവിടുന്ന് വന്ന് എന്നെ തൊട്ട്'എഴുന്നേൽക്ക, ഭയപ്പെടേണ്ടാ' എന്നു പറയും വരെ ഞാൻ കാത്തിരിക്കും. കർത്താവേ, അവിടത്തെ പദ്ധതി എന്നെ ഉപദേശിക്കണമേ. അരുളിച്ചെയ്യണമേ! അടിയൻ ശ്രദ്ധിക്കുന്നു. ആമേൻ!

# അവർ എങ്ങനെ മരിച്ചു

(പേജ് 13 ൽ നിന്നും തുടർച്ച)

ടുത്തി. തുടർന്ന് വധസ്ഥലത്തേക്ക് ഈ റോമൻ ഓഫീസർ യാക്കോബിനെ അനുഗമിച്ചു. യാക്കോബിനെ ശിരച്ഛേദം ചെയ്തുകഴിഞ്ഞപ്പോൾ ഈ ഓഫീസറും തന്റെ പുതുവിശ്വാസം ഏറ്റുപറഞ്ഞ് അവിടെത്തന്നെ രക്തസാക്ഷിയായി.

**ബർത്തൊലോമായി:** നഥാനിയേൽ എന്നും അറിയപ്പെടുന്ന ബർത്തൊലോമായി മിഷനറിപ്രവർത്തനത്തിനായി ഏഷ്യയിൽ എത്തി. തുർക്കിയിൽ കർത്താവിന്റെ സാക്ഷിയായി നിലകൊണ്ടു. അർമീനിയായിൽ സുവിശേഷഘോഷണത്തെ തുടർന്ന് ചമ്മട്ടികൊണ്ടുള്ള ക്രൂരമായ മർദ്ദനമേറ്റ് അദ്ദേഹം രക്തസാക്ഷിയായിത്തീർന്നു.

**അന്ത്രയോസ്:** ഗ്രീസിലെ പട്രാസിൽ വച്ച് X ആകൃതിയിലുള്ള കുരിശിൽ അന്ത്രയോസ് ക്രൂശിക്കപ്പെട്ടു. ഏഴു പടയാളികൾ ചമ്മട്ടികൊണ്ട് നിരവധി തവണ അടിച്ചതിന് ശേഷം അദ്ദേഹത്തിന്റെ ശരീരം ക്രൂശിനോട് ചേർത്തുബന്ധിച്ച് യാതന വർധിപ്പിച്ചു. ക്രൂശീകരണത്തിലേക്ക് താൻ നയിക്കപ്പെട്ടപ്പോൾ ഇപ്രകാരം അന്ത്രയോസ് പ്രസ്താവിച്ചതായി അദ്ദേഹത്തിന്റെ അനുയായികൾ വിവരിക്കുന്നു.

"ഈ സന്തോഷപൂർണ്ണമായ നാഴി കണ്ടാൻ മുമ്പുതന്നെ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. യേശുക്രിസ്തുവിന്റെ ശരീരം തറയ്ക്കപ്പെട്ടതുമൂലം ക്രൂശ് വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു."

**തോമസ്:** ഏഷ്യൻ ഉപഭൂഖണ്ഡത്തിൽ സഭ സ്ഥാപിക്കുന്നതിനുള്ള ഒരു മിഷനറിയാത്രാസമയത്ത് ഇന്ത്യയിൽവച്ച് അദ്ദേഹം കുന്തം കൊണ്ട് ആഞ്ഞു കുത്തിമുറിവേൽപ്പിക്കപ്പെട്ടു രക്തസാക്ഷിയായതായി വിശ്വസിക്കപ്പെടുന്നു.

**യൂദാ:** യേശുക്രിസ്തുവിന്റെ സഹോദരനായ യൂദാ ക്രിസ്തുവിലുള്ള തന്റെ വിശ്വാസത്തെ നിഷേധിക്കുവാൻ തയ്യാറാകാഞ്ഞതിനെത്തുടർന്ന് അമ്പുകളേറ്റ് കൊല്ലപ്പെട്ടു.

**മത്ഥിയാസ്:** യൂദാ ഇസ്കരിയോത്താവിന് പകരക്കാരനായി തെരഞ്ഞെടുക്കപ്പെട്ട അപ്പോസ്തലനായ മത്ഥിയാസ് ശിരച്ഛേദത്തിലൂടെ കൊല്ലപ്പെട്ടു.

**ബർന്നബാസ്:** എഴുപത് ശിഷ്യന്മാരിൽ ഒരാളായ ബർന്നബാസ് ഇറ്റലിയിലും സൈപ്രസിലും ആകമാനം സുവിശേഷം പ്രഘോഷിച്ചു. സലോണിക്കയിൽവച്ച് ബർന്നബാസ് കൊല്ലപ്പെട്ടു.

**പൗലൊസ്:** ഏ.ഡി.67ൽ റോമിൽ വച്ച് നീറോചക്രവർത്തിയാൽ പീഡിപ്പിക്കപ്പെടുകയും ശിരച്ഛേദത്തിലൂടെ കൊല്ലപ്പെടുകയും ചെയ്തു. ദീർഘകാലത്തെ തടങ്കൽശിക്ഷ അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്നു. റോമാസാമ്രാജ്യത്തിലെ വിവിധ സഭകൾക്കുള്ള പല ലേഖനങ്ങളും രചിക്കുന്നതിന് ഈ കാലയളവിൽ അദ്ദേഹത്തിന് സാധിച്ചു. ഈ ലേഖനങ്ങൾ ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാന ഉപദേശങ്ങൾ പലതും പഠിപ്പിക്കുന്നവയാണ്. പുതിയനിയമത്തിന്റെ ഒരു വലിയഭാഗമായി ഇവ തീരുകയും ചെയ്തു.

തങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി അപ്പോസ്തലന്മാരും ശിഷ്യന്മാരും അവരുടെ കാലത്ത് നേരിട്ട കഠിനമായ പീഡനങ്ങളും ക്രൂരതകളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ കഷ്ടപ്പാടുകളും ദുരിതങ്ങളും എത്രയോ നിസ്സാരമാണ്.

"എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും. എന്നാൽ അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടും."(മത്താ.10:22)

മൊഴിമാറ്റം-**തോമസ് മാത്യു**







# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

**അദ്ധ്യായം-9**

*കഴിഞ്ഞലക്കത്തിൽ*

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം തന്റെ സഭാജനങ്ങളുമായി തന്റെ ഭാരം പങ്കുവച്ചു. പിറ്റേന്ന് അദ്ദേഹം സഭയിലെ യൂത്ത് ഡയറക്ടർ മിൽസ് ഹോവറുമൊന്നിച്ച് കാറിൽ മുന്നൂറ്റമ്പതുകിലോമീറ്റർ അകലെയുള്ള ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. കോടതിനടപടികളെക്കുറിച്ച് അറിവില്ലാതിരുന്ന റവ. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. തെരുവുകുട്ടികൾക്കുവേണ്ടി ഒരു യോഗം ക്രമീകരിക്കുന്നു. തുടർന്നു വായിക്കുക.*

വളരെ വേഗത്തിൽ ജൂലൈ മാസം എത്തി. സെന്റ് നിക്കോളാസ് സ്റ്റേഡിയത്തിലെ റാലിക്ക് ഒരുക്കങ്ങൾ പൂർത്തിയാകുന്നു. കൗമാരക്കാരുടെ വിവിധ സംഘങ്ങളെ സ്ഥലത്ത് എത്തിക്കാൻ ഞങ്ങൾ സ്പെഷൽ ബസുകൾ ഓരോ സംഘത്തിനും ഏർപ്പാടു ചെയ്തു. അവരുടെ സ്ഥലത്തുനിന്ന് ഈ ബസുകളിൽ കയറിയാൽ ശത്രുസംഘങ്ങൾക്ക് പ്രാബല്യമുള്ള സ്ഥലങ്ങളിൽ വണ്ടി നിർത്താതെ ആ സ്ഥലങ്ങളിലൂടെ കടന്ന് നേരേ അവരെ സ്റ്റേഡിയത്തിൽ കൊണ്ടുവന്നിറക്കും. 65 സ്പോൺസറിംഗ് സഭകളിലെ സന്നദ്ധസേവകരും നഗരം അരിച്ചുപെറുക്കി. കൗമാരസംഘാംഗങ്ങളെ ഈ ക്രമീകരണങ്ങൾ മുൻകൂട്ടി അറിയിച്ചു.

ക്രൂസേഡ് ആരംഭിക്കുന്നതിന് മുൻപ് ഞാൻ അവസാനമായി വീട്ടിൽ പോയി ജെന്നിനെ കണ്ടു.

"ഡേവിഡ്, കുഞ്ഞുണ്ടാകുന്ന സമയത്ത് നിങ്ങൾ വീട്ടിലുണ്ടാകണ മെന്ന് എനിക്ക് ആഗ്രഹമില്ലെന്നൊന്നും എനിക്ക് അഭിനയിക്കാനാവില്ല" അവൾ പറഞ്ഞു.

"എനിക്കറിയാം"ഞങ്ങൾ തമ്മിൽ ഈ വിഷയം ഏറെ സംസാരിക്കാറി ല്ലായിരുന്നു.

കുഞ്ഞു ജനിക്കുന്ന സമയത്തു തന്നെ ഞാൻ റാലിയിൽ പ്രസംഗി ക്കാൻ പോകുന്നതിനെപ്പറ്റി എന്റെ അമ്മാവിയമ്മ ഇതിനിടെ രൂക്ഷമായ അഭിപ്രായ പ്രകടനങ്ങൾ എന്നോടു നട ത്തിയിരുന്നു. പുരുഷന്മാർ എല്ലാം ഒരു പോലെയാണ്. 'യഥാർത്ഥ ക്രിസ്ത്യാ നിത്വം ഭവനത്തിലാണ് ആരംഭിക്കേണ്ട ത്. ഭാര്യയെക്കുറിച്ച് എനിക്ക് കരുത ലില്ലെങ്കിൽ അവളെ ലഭിക്കാൻ എനി ക്കർഹതയില്ല.-ഇതെല്ലാമാണ് അമ്മാ വിയമ്മ പറഞ്ഞതിന്റെ ചുരുക്കം. ഈ അഭിപ്രായങ്ങളൊക്കെ എനിക്ക് കൊള്ളേണ്ടിടത്തു കൊണ്ടു. പ്രധാന മായും അതിലൊക്കെ സത്യത്തിന്റെ അംശം ഉണ്ടായിരുന്നു എന്നതാണ് കാരണം.

പക്ഷേ ജെൻ കാര്യങ്ങൾ ഇങ്ങനെ വിശദീകരിച്ചു: "ഡേവിഡ്, പിതാവ് അടുത്തില്ലാതെയായിരു ന്നല്ലോ പണ്ടൊക്കെ ജനനങ്ങൾ. ഞാൻ എത്ര ആഗ്രഹിച്ചാലും പ്രസവ സമയത്ത് എന്റെ കൈപിടിച്ച് അടുത്തി രിക്കാൻ ഡോക്ടർ നിങ്ങളെ ഒട്ടനുവ ദിക്കുകയുമില്ല. അതുകൊണ്ട് അടുത്ത മുറിയിലുണ്ടാകുമെങ്കിലും നിങ്ങളുടെ സാന്നിദ്ധ്യം ആ സമയത്ത് എനിക്കനു ഭവിക്കാൻ കഴിയുകയില്ലല്ലോ. ആട്ടെ ഇവിടെ നിൽക്കാതെ ക്രൂസേഡിന് പോകണമെന്നു തന്നെയല്ലേ നിങ്ങൾക്ക് തോന്നുന്നത്?"

"അതേ"

"എങ്കിൽ സന്തോഷത്തോടെ പൊയ്ക്കോ ഡേവിഡ്, ദൈവം നിങ്ങളോടൊപ്പം ഉണ്ടായിരിക്കും."

അങ്ങനെ ഞാൻ ജെന്നിനോട് യാത്രപറഞ്ഞു ന്യൂയോർക്കിലേക്ക് തിരി ച്ചു. വലിയ വയറോടെ കരങ്ങൾ വീശി ക്കൊണ്ട് അവൾ വീടിനു മുന്നിൽ നിന്നു. അടുത്ത തവണ ഞാൻ അവളെ കാണുമ്പോഴേക്കും ജനനം എന്ന അത്ഭുതം നടന്നുകഴിഞ്ഞിരിക്കും. പകരം ന്യൂയോർക്കിലെ പുതുജനനങ്ങ ളെക്കുറിച്ച് എനിക്കവളോട് പറയുവാൻ കഴിയുമോ?

റാലിയുടെ ഭാഗമായ ആദ്യ നാലു ദിവസത്തെ മീറ്റിംഗ് നടന്നുകഴിഞ്ഞിട്ടും സത്യം പറഞ്ഞാൽ എനിക്കാകാര്യ ത്തിൽ സന്ദേഹമുണ്ടായിരുന്നു.

നാലാമത്തെ രാത്രി നൂറു പേരോളം മീറ്റിംഗിനു വന്നു. സ്റ്റേഡിയ ത്തിന് ഏഴായിരം പേരെ ഉൾക്കൊള്ളാ നുള്ള ശേഷിയുണ്ടെന്നോർക്കണം.

ഞാൻ ബാൽക്കണിയിലുള്ള ഒരു ചെറിയ ജനാലയ്ക്കു പിന്നിൽ നിന്നു കൊണ്ട് കൗമാരക്കാർ കടന്നു വരു ന്നതു നോക്കിനിൽക്കും. അവർക്കെന്നെ കാണാൻ കഴിയുകയു മില്ല. ഓരോ രാത്രിയും കാര്യങ്ങൾ വ്യത്യാസപ്പെടും എന്ന് ഞാൻ പ്രതീ ക്ഷിച്ചു. ഓരോ രാത്രിയും ഒരുപിടി കുട്ടി കൾ സ്പെഷൽ ബസിൽ വന്നിറങ്ങി ചിന്നിച്ചിതറി സറ്റേഡിയത്തിനുള്ളി ലേക്കു കടന്നു.

ഞാൻ സ്റ്റേജിനു പിന്നിലേക്ക് ചെന്നു. സഭകളിൽനിന്നുള്ള യുവജന പ്രവർത്തകരും കൗൺസിലറന്മാരും ഉത്സാഹത്തിന്റെ വാക്കുകൾ കണ്ടെ ത്താൻ ശ്രമിച്ചുകൊണ്ട് വട്ടം ചുറ്റി നിൽക്കുന്നു.

"ആളുകളുടെ എണ്ണത്തിൽ വലിയ കാര്യമൊന്നും ഇല്ല ഡേവി. നിങ്ങൾക്ക റിയാമല്ലോ എണ്ണമല്ല, ഗുണമാണ് പ്രധാ നം." പക്ഷേ ഞങ്ങൾക്ക് എണ്ണവും





കിട്ടുന്നില്ല ഗുണവും കിട്ടുന്നില്ല എന്ന് ഞങ്ങൾക്കുതന്നെ അറിയാമായിരുന്നു. കൗമാരക്കാരിൽ വന്നവർതന്നെ ഒരു ഷോ കാണാൻ എത്തിയവരാണ്. ഒഴിഞ്ഞ ഒരു ഓഡിറ്റോറിയത്തിൽ നിങ്ങളുടെ മുഖത്തേക്ക് പുകവളയ ങ്ങൾ ഊതിപ്പറത്തി ആഭാസകരമായ കമന്റുകളുമായി ഇരിക്കുന്നവരോട് സംസാരിക്കുക അത്ര എളുപ്പമല്ല.

ഏറ്റവും വിഷമം കുട്ടികൾ 'പൊട്ടിച്ചിതറുക' എന്ന് പേരിട്ടു വിളി ക്കുന്ന പരിപാടിയാണ്. തങ്ങൾക്ക് അറി ഞ്ഞുകൂടാത്തതോ മനസ്സിലാകാ ത്തതോ ആയ എന്തെങ്കിലും കേട്ടാൽ അപ്പോൾ അവർ കൂട്ടച്ചിരി മുഴക്കുന്ന പരിപാടിയാണിത്. ഈ കളിയാക്കിച്ചിരി പേടിച്ച് പ്ളാറ്റ്ഫോമിലേക്ക് പോകാൻ തന്നെ എനിക്കു പേടിയായി. നാലാ മത്തെ രാത്രിയായിരുന്നു ഏറ്റവും ഭീക രം.. മീറ്റിംഗിന് ഒരു സുവിശേഷയോ ഗത്തിന്റെ മാന്യതയും അന്തസും നൽകാൻ ഞാൻ എന്നെക്കൊണ്ട് കഴി യുന്നതുപോലെ ശ്രമിക്കുകയായിരു ന്നു. പെട്ടെന്ന് സദസ്സിൽ നിന്നു കൗമാരസംഘക്കാരുടെ നേതാക്കളിൽ ഒരാൾ അപഹാസ്യമാം വിധം അട ക്കിച്ചിരിച്ചു. വേറാരോ അത് ഏറ്റെടു ത്തു. എനിക്ക് നിയന്ത്രിക്കാൻ കഴിയു ന്നതിനു മുമ്പ് അത് സദസ്സിൽ മുഴു വൻ പകർന്നു. മീറ്റിംഗ് മുന്നോട്ടു പോകാനൊക്കാത്ത സ്ഥിതി.

ഞാൻ മീറ്റിംഗ് പെട്ടെന്ന് അവസാ നിപ്പിച്ചു. തകർന്ന ഹൃദയത്തോടെ യാണ് ഞാൻ വീട്ടിലേക്ക് മടങ്ങിയത്. എല്ലാം ഇവിടംകൊണ്ട് അവസാനിപ്പി ക്കാൻ തോന്നി.

"കർത്താവേ"ഞാൻ ശരിക്കും ദേഷ്യത്തിലായിരുന്നു. "ഈ കുട്ടികളെ സുവിശേഷവുമായി വേണ്ട വിധത്തിൽ സന്ധിക്കാൻ പോലും എനിക്കു കഴി ഞ്ഞിട്ടില്ല. ഇനി ഞാൻ എന്താ ചെയ്യേ ണ്ടത്?"

എന്നത്തേയും പോലെ അന്നും (എന്തുകൊണ്ടാണ് എനിക്കിതു വീണ്ടും വീണ്ടും പഠിക്കേണ്ടി വരു ന്നത്?) ഞാൻ യഥാർത്ഥമായി ചോദി ച്ചപ്പോൾ എനിക്ക് ശരിക്കും മറുപടി ലഭിച്ചു.

ബ്രൂക്കിലിനിൽ കൊച്ചുജോ ജോയെ ഞാൻ പിറ്റേന്ന് കണ്ടെത്തി. നഗരത്തിലെ തെരുവുകുട്ടികളുടെ ഏറ്റവും വലിയ അധോലോകസംഘ മായ 'കോണിഐലന്റ് ഡ്രാഗ ൺസി'ന്റെ പ്രസിഡന്റാണ് ജോജോ. ജോജോയെ ആ നിലയിൽ എനിക്ക് ചൂണ്ടിക്കാണിച്ച കുട്ടി എന്നെ അവനു പരിചയപ്പെടുത്താൻ വിസമ്മതിച്ചു: "ഡേവ്, കൊച്ചുജോജോയ്ക്ക് അതി ഷ്ടപ്പെടുകയില്ല."അതുകൊണ്ട് ഞാൻ തന്നെ നേരേചെന്ന് ജോജോയുടെ കരം ഗ്രഹിച്ചു.

ജോജോയുടെ ആദ്യനടപടി എന്റെ ഉള്ളംകൈയിൽ കുറുകെ അടി ക്കുകയായിരുന്നു. എന്നിട്ട് അവൻ കുനിഞ്ഞ് എന്റെ ഷൂസിൽ തുപ്പി. അധോലോകസംഘങ്ങളെ സംബന്ധി ച്ചിടത്തോളം ഏറ്റവും വലിയ നിന്ദയു ടെയും വെറുപ്പിന്റെയും പ്രകടനമാണി ത്. തുടർന്ന് അവൻ തിരിഞ്ഞുനടന്ന് ഒരു ബഞ്ചിൽ എനിക്കു പുറംതിരിഞ്ഞി രുന്നു.

ഞാൻ നടന്ന് അവന്റെ അരികെ ചെന്നിരുന്നു. "ജോജോ നീ എവിടെ യാണ് താമസിക്കുന്നത്?"

"ഉപദേശീ, എനിക്കു തന്നോടു സംസാരിക്കാൻ ഇഷ്ടമില്ല. എനിക്കു നിങ്ങളുടെ ഒന്നും വേണ്ടാ താനും."

"പക്ഷേ എനിക്കു നിന്നോടു കാര്യമുണ്ട്. നീ എവിടെയാണ് താമസി ക്കുന്നതെന്ന് അറിയുന്നതുവരെ ഞാൻ ഇവിടെയിരിക്കാൻ പോകുക യാണ്."ഞാൻ പറഞ്ഞു.

"ഉപദേശീ, താൻ എന്റെ സ്ഥിരം

താവളത്തിലെ ഓഫീസ്റൂമിലാണി പ്പോൾ ഇരിക്കുന്നത്."

"അപ്പോൾ മഴ പെയ്യുമ്പോൾ നീ എവിടേക്ക് പോകും?"

"റെയിൽവേതുരങ്കത്തിലെ എന്റെ കൊട്ടാരത്തിലേക്ക് ഞാൻ പോകും."

ജോജോയ്ക്ക് ഉണ്ടായിരുന്നത് പഴയ ഒരു ജോഡി ക്യാൻവാസ്ഷൂസാണ്. വലതുകാലിലെ തള്ളവിരൽ ഷൂസിലെ തുളയിലൂടെ പുറത്തേക്ക് തള്ളിനിൽക്കുന്നു. വൃത്തികെട്ട ഒരു കറുത്ത ഷർട്ടും കാക്കിപാന്റുമാണ് അവന്റെ വേഷം. അവൻ കുനിഞ്ഞ് എന്റെ ഷൂസിലേക്ക് നോക്കി.അതു നല്ല പുതുപുത്തൻ ഷൂസാണ്. മുത്തശ്ശന്റെ ചെളിപുരണ്ട ഷൂസ് ഞാൻ ഓർമ്മിച്ചു.

"നോക്കൂ, നിങ്ങളു പണക്കാരനാണ്. നിങ്ങൾക്ക് ഇവിടെ ന്യൂയോർക്കിൽ വന്ന് ദൈവം ജീവിതത്തെമാറ്റുമെന്നും മറ്റുമുള്ള വല്യകാര്യങ്ങൾ പറയുന്നതിൽ കുഴപ്പമില്ല. നിങ്ങൾക്ക് പുത്തൻ ഷൂസുണ്ട്. അതിനുചേരുന്ന സൂട്ടും കോട്ടുമൊക്കെയുണ്ട്. എന്നാൽ എന്നെ നോക്ക്. ഞാനൊരു തെണ്ടി. എന്റെ വീട്ടിൽ പത്തു പിള്ളേരാ. ദുരിതാശ്വാസസഹായംകൊണ്ടാ ജീവിക്കുന്നത്. അവരെന്നെ ചവിട്ടിപ്പുറത്താക്കി. കാരണം, എല്ലാവർക്കും കൊടുക്കാൻ ആഹാരം ഇല്ല."ജോജോ പറഞ്ഞു.

ജോജോ പറഞ്ഞതു ശരിയായിരുന്നു.അവിടെ പബ്ളിക്ക്പാർക്കിലെ ബഞ്ചിലിരുന്ന് ഞാനെന്റെ ഷൂസൂരി ജോജോയ്ക്ക് കൊടുത്തു.

"ഇതെന്താ സൂത്രം? നിങ്ങളെന്താ തെളിയിക്കാൻ പോകുന്നത്? നിങ്ങൾ വലിയ ഹൃദയവിശാലതയുള്ളവനാണെന്നോ? ഞാൻ നിങ്ങളുടെ നാറിയ ഷൂസൊന്നും ഇടാൻ പോകുന്നില്ല."

"ഷൂസിനെ പിടിച്ചല്ലേ എല്ലാം തുടങ്ങിയത്. അത് ഇട്ടുനോക്ക്."

"എനിക്കൊരിക്കലും പുതിയ ഷൂസ് ഉണ്ടായിരുന്നില്ല."ജോജോ പറഞ്ഞു.

"സാരമില്ല. ഇട്ടുനോക്ക്."

ജോജോ ഇരുണ്ട മുഖത്തോടെ ഷൂസ് ധരിച്ചു.

തുടർന്ന് ഞാൻ എഴുന്നേറ്റ് നടക്കാൻ തുടങ്ങി. രണ്ടു ബ്ളോക്ക് അകലെയിട്ടിരിക്കുന്ന കാറിലേക്ക് സോക്സ് മാത്രം ഇട്ടുകൊണ്ട് ഞാൻ നടന്നുപോയത് ഒരു സർക്കസ്സായിരുന്നു. ആളുകൾ നോക്കിച്ചിരിച്ചു. ഒടുവിൽ ഞാൻ കാറിൽ കയറാൻ തുടങ്ങിയപ്പോൾ കൊച്ചുജോജോ പുറകെവന്ന് പറഞ്ഞു"നിങ്ങൾ നിങ്ങളുടെ ഷൂസ് മറന്നു."

"അത് നിന്റെ ഷൂസാണ്" ഞാൻ കാറിൽ കയറി.

"ഉപദേശീ ഞാൻ നിങ്ങൾക്ക് കൈ തരാൻ മറന്നു."ജോജോ കാറിനുള്ളിലേക്ക് കരം നീട്ടി.

ഞാൻ ആ കരം ഗ്രഹിച്ചു.എന്നിട്ട് പറഞ്ഞു"നോക്ക്. നിനക്ക് ഉറങ്ങാനൊരു സ്ഥലമില്ല. ഞാനൊരാളുടെ ഔദാര്യത്തിൽ ഒരു ബഡ്സിലാണ് കിടക്കുന്നത്. പക്ഷേ ഞാൻ താമസിക്കുന്നിടത്ത് ലിവിംഗ്റൂമിൽ ഒരു കട്ടിൽ കിടപ്പുണ്ട്. എന്നെ സ്വീകരിച്ച ആളുകൾ ഒരു പക്ഷേ നിന്നെയും സ്വീകരിച്ചേക്കും. വരുന്നോ?"

അങ്ങനെയെങ്കിൽ അങ്ങനെയെന്ന മട്ടിൽ ജോജോ പറഞ്ഞു:"ഓക്കെ."

ജോജോയും കാറിൽ കയറി. ഞങ്ങൾ അപ്പാർട്ടുമെന്റിലേക്ക് വണ്ടിയോടിച്ച് പോയി.

അല്പം മടിയോടെ ഞാൻ ജോജോയെ വീട്ടിൽ പരിചയപ്പെടുത്തി. "മിസ്സിസ് ഓർട്ടിസ്, 'കോണി ഐലന്റ് ഡ്രാഗൺസി'ന്റെ പ്രസിഡന്റ് ആണിത്. ജോജോ, നിന്നെപ്പോലെ എനിക്കും ഉറങ്ങാൻ സ്ഥലമില്ലാത്തതുകൊണ്ട് എനിക്ക് കുറച്ചുകാലത്തേക്ക് താമസിക്കാൻ ഇടം തന്ന ഗൃഹനായികയാണിത്."

ജോജോയ്ക്കും കുറച്ചുദിവസത്തേക്ക് എന്നോടൊപ്പം ഈ വീട്ടിൽ താമസിക്കാൻ സൗകര്യം കൊടുക്കുമോ എന്ന് തുടർന്ന് ഞാൻ മിസ്സിസ് ഓർട്ടീസിനോട് ചോദിച്ചു. അവർ വേഗം തന്റെ കൊച്ചുകുഞ്ഞുങ്ങളെ പാളി നോക്കി. പിന്നെ ജോജോയുടെ പോക്കറ്റിൽ പുറത്തേക്ക് തലനീട്ടി നില്ക്കുന്ന കഠാരയിലേക്കും. എന്നിട്ട് അവർ വളരെ ദയയോടെ ജോജോയെയും ആ വീട്ടിലേക്ക് സ്വീകരിച്ചു.

"ജോജോ നിനക്ക് ആ കട്ടിൽ ഉപയോഗിക്കാം."

സ്വാഭാവികമായിത്തന്നെ ആക്രമണോൽസുകരായ ഈ കുട്ടികളോടൊപ്പം ചെലവഴിച്ചിട്ടുള്ള ആർക്കും മിസ്സിസ് ഓർട്ടീസ് എടുത്തത് വളരെ ധീരമായ ഒരു നിലപാട് ആണെന്ന് മനസ്സിലാകും. ഞാൻ ജോജോയെ മാറ്റി നിർത്തി പറഞ്ഞു:"നോക്ക് നമ്മൾ തെരുവിലല്ല, ഇപ്പോൾ ഒരു വീട്ടിലാണ്. നിന്റെ വേഷം തീർത്തും മോശമാണ്. എന്റെ കയ്യിൽ എട്ടു ഡോളറുണ്ട്. നമുക്കൊരു ആർമി-നേവി സ്റ്റോറിൽ പോയി നിനക്കൊരു ഷർട്ടും പാന്റും വാങ്ങിക്കാം."

അങ്ങനെ ഞാൻ എന്റെ പഴയ ഒരു ജോഡി ഷൂസ് എടുത്തു ധരിച്ചു. ജോജോയെ കൂട്ടി ഏറ്റവും അടുത്തുള്ള ആർമി-നേവി സ്റ്റോറിലേക്ക് പോയി. അവൻ വേഷം മാറാൻ സ്റ്റോറിന്റെ പുറകിലുള്ള മുറിയിലേക്ക് പോയി. പഴയ വസ്ത്രങ്ങൾ അവിടെയുപേക്ഷിച്ചിട്ട് പുത്തൻ വേഷം ധരിച്ച് പുറത്തു വന്നു. തിരിച്ച് വീട്ടിലേക്ക് നടക്കുമ്പോൾ വഴിയരികിലെ ഓരോ കണ്ണാടിവാതിലിലും അവൻ സ്വന്തം പ്രതിഛായ നോക്കി ആസ്വദിച്ചു

## നന്ദി! നന്ദി!!

പില്ക്കാലത്ത് തികഞ്ഞ ഒരു ദൈവഭക്തനായി മാറിയ ജോൺ വെസ്ലി ഓക്സ്ഫോർഡിൽ പഠിക്കുന്ന കാലത്ത് എല്ലാം പരിഹാസത്തോടെ വീക്ഷിക്കുന്ന ഒരാളായിരുന്നു. അദ്ദേഹത്തിന്റെ ചിന്തയിൽ സമൂലപരിവർത്തനം വരുത്തിയ ഒരു സംഭവം അക്കാലത്തുണ്ടായി.

ഒരു ചുമട്ടുതൊഴിലാളിയോട് വെസ്ലി സംസാരിക്കാനിടയായി. പരമദരിദ്രനായ ആ തൊഴിലാളി കീറിപ്പറിഞ്ഞ ഒരു കോട്ടു ധരിച്ച് ദൈവത്തെപ്പറ്റി വളരെ നന്ദിയോടും സ്നേഹത്തോടും സംസാരിക്കുന്നതു കേട്ടപ്പോൾ വെസ്ലിക്കു ചിരിയാണ് വന്നത്. "ആട്ടെ, ഇനി എന്തിനെല്ലാം വേണ്ടിയാണ് നിങ്ങൾക്കു ദൈവത്തിനു സ്തോത്രം ചെയ്യാനുള്ളത്?" വെസ്ലി പരിഹാസത്തോടെ അയാളോട് ചോദിച്ചു. പുഞ്ചിരിയോടെ ആതൊഴിലാളി ഇങ്ങനെ പറഞ്ഞു:"ദൈവത്തെ സ്നേഹിക്കാൻ ഒരു ഹൃദയവും ഈ ജീവിതവും ദൈവത്തെ സേവിക്കാനുള്ള ആഗ്രഹവും നല്കിയിരിക്കുന്നതിന്നായും ഞാൻ ദൈവത്തിനു നന്ദി പറയുന്നു."

ഹൃദയസ്പർശിയായ ഈ മറുപടി കേട്ട ജോൺ വെസ്ലി വികാരഭരിതനായി. ഈ ജീവിതത്തിനുവേണ്ടിയും നിസ്സാരമെന്നു തോന്നുന്ന അനുഗ്രഹങ്ങൾക്കു വേണ്ടിയും ദൈവത്തോട് താനും നന്ദിയുള്ളവനായിരിക്കുമെന്ന് വെസ്ലി തീരുമാനിച്ചു.

എൻ മനമേ യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്(സങ്കീ.103:2).

കൊണ്ട് പറഞ്ഞുകൊണ്ടിരുന്നു:“അത്ര മോശമല്ല.........മോശമല്ല.”

ഇത്രയും സമയം ഞാൻ ജോജോയ്ക്കു വേണ്ടി ചെയ്തതെല്ലാം ഏതു സാമൂഹികസേവനസംഘടനയും ചെയ്യുന്നതു മാത്രമാണ്. അവന് ഭേദപ്പെട്ട ഷർട്ടും പാന്റും കിട്ടുകയും റെയിൽവേസ്റ്റേഷനിൽ അന്തിയുറങ്ങാതെ വേണ്ട ക്രമീകരണം കിട്ടുകയും ചെയ്തതു തീർച്ചയായും നല്ല കാര്യമാണ്. പക്ഷേ ഹൃദയത്തിൽ ജോജോ ഇപ്പോഴും ആ പഴയ കുട്ടി തന്നെയാണ്.

ജോജോയിൽ ഒരു മാറ്റം ഉണ്ടാകാൻ ആദ്യം എന്നിൽത്തന്നെ ഒരു മാറ്റം ഉണ്ടാകേണ്ടിവന്നു. ഈ മാറ്റങ്ങൾ ആകട്ടെ ഞങ്ങൾ രണ്ടുപേരുടെയും ജീവിതത്തെ പിന്നീട് മാറ്റിമറിച്ചു.

സെന്റ് നിക്കോളാസ് സ്റ്റേഡിയത്തിലെ അന്നു വൈകുന്നേരത്തെ യോഗം എന്നത്തേയും പോലെ തന്നെ മോശമായിരുന്നു. പതിവായുള്ള ‘പൊട്ടിച്ചിതറലും’ കൂട്ടച്ചിരിയും ബഹളവും മുഷ്ടിയുദ്ധങ്ങളും ഭീഷണികളും. പെൺകുട്ടികളുടെ ഭാഗത്തുനിന്നുള്ള പ്രലോഭനപരമായ ആംഗ്യങ്ങൾ. ആൺകുട്ടികളുടെ ഭാഗത്തുനിന്ന് തരംതാണ പ്രതികരണങ്ങളും കമന്റുകളും. ജോജോ ഇതിനെല്ലാം ദൃക്സാക്ഷിയായിരുന്നു. ജിജ്ഞാസ കൊണ്ടാണ് അവൻ അതിനു വന്നത്. എന്നാൽ ഇതെല്ലാം അസംബന്ധമാണെന്നായിരുന്നു അവന്റെ ചിന്ത.

മീറ്റിംഗ് കഴിഞ്ഞ് ഓർട്ടീസിന്റെ അപ്പാർട്ടുമെന്റിലേക്ക് വണ്ടിയോടിച്ചു പോകവേ ഞാൻ നിശ്ശബ്ദനായിരുന്നു. കുട്ടികളുടെ പ്രതികരണത്തിൽ ഞാൻ നിരാശിതനായിരുന്നു. കാറിൽ സ്റ്റിയറിംഗ്‌വീലിന് പിമ്പിൽ ഞാൻ വ്രണിതനും ദുഃഖിതനുമായിരുന്നു.

‘‘ഉപദേശീ, താങ്കൾ സ്വയം ഒത്തിരി അദ്ധ്വാനിക്കുന്നു”

അങ്ങനെയാണത് വന്നത്. ആത്മീയകാര്യങ്ങളോട് അനുഭാവമില്ലെന്നു ഭാവിക്കുന്ന ഭവനരഹിതനായ ഒരു കുട്ടിയിൽ നിന്നാണ് മുന്നറിയിപ്പില്ലാതെ ആ വലിയ ഉൾക്കാഴ്ച എനിക്കു ലഭിച്ചത്!

ആ വാക്കുകളുടെ ശക്തി വലുതായിരുന്നു. അതു ദൈവത്തിൽനിന്നു തന്നെ വന്ന അരുളപ്പാടു പോലെ എന്നിലൂടെ കടന്നുപോയി. ഞാൻ പെട്ടെന്ന് തിരിഞ്ഞ് ജോജോയെ തുറിച്ചു നോക്കി. ഞാൻ ദേഷ്യത്തോടാണ് നോക്കുന്നതെന്നു കരുതി അവൻ പ്രതിരോധത്തിനായി രണ്ടു കയ്യും ഉയർത്തി.

അതെ തീർച്ചയായും ! ഞാനവിടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്താനാണ് ശ്രമിച്ചത്. ഞാൻ പരിശുദ്ധാത്മാവിനെ അവിടേക്ക് കൊണ്ടുവന്നില്ല. പകരം ഞാൻ ഡേവിഡ് വിൽക്കേഴ്സണെയാണ് കൊണ്ടുവന്നത്. ജോജോയ്ക്ക് ആ ഷൂസ് കൊടുക്കുമ്പോഴും ശക്തനായ ഞാൻ തന്നെയായിരുന്നു മുമ്പിലുണ്ടായിരുന്നത്. ആ നിമിഷം എനിക്കു മനസ്സിലായി എനിക്ക് ജോജോയെ സഹായിക്കാനാവില്ലെന്ന്. അധോലോകസംഘങ്ങളെയും എനിക്ക് സഹായിക്കാനാവില്ല. എനിക്കാകെ ചെയ്യാവുന്നത് പരിശുദ്ധാത്മാവിനെ പരിചയപ്പെടുത്തിയശേഷം മാറി നില്ക്കുക എന്നതാണ്.

“നിങ്ങൾ സ്വയം ഒത്തിരി അദ്ധ്വാനിക്കുന്നു!” ആ വലിയ ഉൾക്കാഴ്ച, എന്റെ മണ്ടത്തരമോർത്തു പൊട്ടിച്ചിരിക്കാൻ എന്നെ പ്രേരിപ്പിച്ചു.. അപ്രതീക്ഷിതമായ ആ ചിരി ജോജോയെ അസ്വസ്ഥനാക്കി:“നിർത്ത് ഉപദേശീ.”

“ഞാൻ ചിരിക്കുന്നതു ജോജോ നീ എന്നെ സഹായിച്ചതുകൊണ്ടാണ്. ഇനി മുതൽ ഞാൻ ഒത്തിരി അധ്വാനിക്കുകയില്ല. പരിശുദ്ധാത്മാവിന് വരാ





നായി ഞാൻ വഴി ഒഴിഞ്ഞു നില്ക്കും.”

ജോജോ അല്പനേരം നിശ്ശബ്ദനായിരുന്നു. തുടർന്നവൻ പോരുകോഴിയെപ്പോലെ തല ഉയർത്തിക്കൊണ്ട് പറഞ്ഞു:“എനിക്കൊന്നും തോന്നുന്നില്ല. ഒന്നും. പ്രത്യേകിച്ച് എന്തെങ്കിലും തോന്നുമെന്ന് ഞാൻ പ്രതീക്ഷിച്ചതുമില്ല.”

ഓർട്ടീസിന്റെ അപ്പാർട്ടുമെന്റിന്റെ പടി കയറുന്നതുവരെ ഞങ്ങൾ നിശ്ശബ്ദത പാലിച്ചു. പെട്ടെന്ന് വീണ്ടും തന്റെ തുറന്നടിക്കുന്ന രീതിയിൽ ജോജോ ചോദിച്ചു

“ഡേവീ, നോക്ക്: നിങ്ങൾക്ക് ഒരു കുഞ്ഞ് ജനിക്കാൻ പോകുന്നു. ശരിയല്ലേ?”

ജെൻ, ഹോസ്പിറ്റലിൽ പോകുന്നതിനെക്കുറിച്ചും ഏതു സമയത്തും എനിക്കൊരു കുഞ്ഞ് ജനിക്കുന്നതിനെക്കുറിച്ചുമെല്ലാം ഞാൻ ജോജോയോട് പറഞ്ഞിരുന്നു.

“ഒരു ദൈവം ഉണ്ടെന്നും ദൈവം എന്നെ സ്നേഹിക്കുന്നു എന്നുമെല്ലാം നിങ്ങൾ എന്നോടു പറഞ്ഞു. ശരിയല്ലേ?”

”അതു ശരിയാണ്”ഞാൻ പറഞ്ഞു.

“കൊള്ളാം.ഒരു ദൈവം ഉണ്ടെങ്കിൽ, ഞാൻ പ്രാർത്ഥിച്ചാൽ ദൈവം എന്റെ പ്രാർത്ഥന കേൾക്കും.ഇല്ലേ?”

“തീർച്ചയായും.”

“ആട്ടെ, താങ്കൾക്ക് വേണ്ടത് ആൺകുഞ്ഞിനെയോ പെൺകുഞ്ഞിനെയോ?”

ഇതൊരു കെണിയായേക്കുമോയെന്ന് ഞാൻ പെട്ടെന്ന് ഓർത്തു. പക്ഷേ എന്താ ഇനി ചെയ്യേണ്ടതെന്ന് എനിക്കൊരു രൂപവും ഇല്ലായിരുന്നു. എന്നാൽ ഞാൻ ഇങ്ങനെ പറഞ്ഞു:“നോക്ക് ജോജോ പ്രാർത്ഥനയെന്നു പറയുന്നത് നീ ഒരു നാണയം ഇട്ടാൽ തിരിച്ച് കൃത്യമായി മിഠായി കിട്ടുന്ന ഒരു സ്ലോട്ട്മെഷിനല്ല എന്നോർക്കണം.”

“അതിന്റെ അർത്ഥം ഈ ദൈവത്തിന്റെ ഇടപാടിൽ താങ്കൾക്ക് വലിയ ഉറപ്പില്ലെന്നാണ്.”

“ഞാൻ അങ്ങനെയല്ല പറഞ്ഞത്.”

## Just a minute



***No one has ever seen, ever heard, or even imagined of what God has prepared for those who love Him.****(1Cor.2:9)*

**-Pheba Cleetus**

"ശരി എങ്കിൽ പറയൂ ആൺ കുഞ്ഞോ പെൺകുഞ്ഞോ?"

ഞങ്ങൾക്ക് ഇപ്പോൾ രണ്ട് പെൺകുഞ്ഞുങ്ങളാണുള്ളതെന്നും അതുകൊണ്ട് ഒരു ആൺപൈതലിനെയാണ് ഞങ്ങൾ ആഗ്രഹിക്കുന്നതെന്നും എനിക്ക് പറയേണ്ടിവന്നു. ജോജോ കേട്ടു. പിന്നെ മോശെ മരുഭൂമിയിലെ പാറയിൽ അടിച്ച് വെള്ളം പുറപ്പെടാൻ കല്പിച്ചതുപോലെ അവനെ സംബന്ധിച്ച് കഠിനമായ ഒരു കാര്യം ചെയ്തു-അവൻ പ്രാർത്ഥിച്ചു.

"അപ്പോൾ ദൈവമേ, നീ മുകളിൽ ഉണ്ടെങ്കിൽ എന്നെ സ്നേഹിക്കുന്നെങ്കിൽ ഈ ഉപദേശിയ്ക്ക് ഒരു ആൺകുഞ്ഞിനെ കൊടുക്ക്."

അതായിരുന്നു ജോജോയുടെ പ്രാർത്ഥന. അത് യഥാർത്ഥമായ ഒരു പ്രാർത്ഥന ആയിരുന്നു. ഞാൻ അമ്പരന്നു പോയി. ഞാൻ ഓടി എന്റെ കൊച്ചുബെഡ്റൂമിൽ കയറി പ്രാർത്ഥിക്കാൻ തുടങ്ങി. ഒരുപക്ഷേ ഞാൻ ന്യുയോർക്കിലെത്തിയ ശേഷം ഇത്രത്തോളം ഗൗരവത്തോടെ പ്രാർത്ഥിച്ചിട്ടുണ്ടാകുകയില്ല.

ജോജോയും ഓർട്ടീസ്ദമ്പതികളും നല്ല ഉറക്കത്തിലായിരുന്നു ഒടുവിൽ ആ ഫോൺകോൾ വരുമ്പോൾ. രാത്രി രണ്ടര. ഞാനോടിച്ചെന്ന് ഫോൺ എടുത്തു.

എനിക്ക് പക്ഷേ ഒന്നും ചോദിക്കാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല.

"ഡേവിഡ്,ഡേവിഡ്? നീ അപ്പുറത്തുണ്ടോ?"

"ഞാനിവിടെയുണ്ട്"

"അതൊരു ആണാണോ പെണ്ണാണോ എന്നറിയാൻ നിനക്ക് താത്പര്യമില്ലേ?"

"ഉണ്ട്, തീർച്ചയായും"

"ഡേവിഡ്, നിനക്ക് ലഭിച്ചിരിക്കുന്നത് മഹത്തായ, വലിയ, പത്തു പൗണ്ട് തൂക്കമുള്ള ഒരു കുഴപ്പവുമില്ലാത്ത മകനെയാണ്."

ഒരു പക്ഷേ സ്ഥിതിവിവരക്കണക്കനുസരിച്ച് കുട്ടി ആണോ പെണ്ണോ ആകാനുള്ള സാധ്യത അമ്പതു ശതമാനമാണെന്നും ഈ സാധ്യതാസിദ്ധാന്തം അനുസരിച്ച് ജോജോയുടെ പ്രാർത്ഥന ശരിയായതാകാമെന്നും ഒരു പക്ഷേ സംശയവാദികൾ പറഞ്ഞേക്കും. പക്ഷേ അന്നു രാത്രി സ്ഥിതിവിവരക്കണക്കുകൊണ്ട് സ്ഥാപിക്കാവുന്നതിനപ്പുറത്തുള്ള ഒരു കാര്യം നടന്നു. ഞാൻ ജോജോയെ വിളിച്ചുണർത്തി വാർത്ത അറിയിച്ചപ്പോൾ അവൻ തല മാന്തി:

"അപ്പോൾ അതിന്റെ അർത്ഥം? അതിന്റെ അർത്ഥമെന്താ? താങ്കൾക്കെന്തു തോന്നുന്നു?...."

നേരം പുലരുന്നതിനുമുൻപേ ജോജോ രൂപാന്തരപ്പെട്ടു. കണ്ണീരിലാണത് തുടങ്ങിയത്. അവൻ കൈപ്പും വെറുപ്പും കരഞ്ഞു തീർത്തു. സംശയങ്ങളും ഭയങ്ങളും അങ്ങനെതന്നെ. ആ സ്ഥാനത്ത് യഥാർത്ഥക്രിസ്ത്യാനികൾക്കറിയാവുന്ന ആ ദിവ്യസ്നേഹം സ്ഥാനം പിടിച്ചു. അത് മാതാപിതാക്കളെയോ,പ്രസംഗകരെയോ, നാം ആഗ്രഹിക്കുന്ന നിലയിലുള്ള പ്രാർത്ഥനയുടെ മറുപടിയെയോ ഒന്നും ആശ്രയിച്ചല്ല ഉണ്ടായിവരുന്നത്. ആ ദിവസം മുതൽ ജോജോയ്ക്ക് അവന്റേതായ നിലയിൽ എന്നെന്നും ആ സ്നേഹമുണ്ടായിരുന്നു. അവൻ എന്നെയും എന്നെന്നേക്കുമായി ഒരു പാഠം പഠിപ്പിച്ചു.

നമുക്ക് മനുഷ്യർക്ക് മറ്റുള്ളവർക്കുവേണ്ടി കഠിനമായി അധ്വാനിക്കാൻ കഴിയും. അങ്ങനെ ചെയ്യുകയും വേണം. പക്ഷേ ദൈവം, അതേ, ദൈവത്തിനു മാത്രമാണ് സൗഖ്യം വരുത്തുവാൻ കഴിയുന്നത്. **(തുടരും)**